

ഏറ്റവും മൂർച്ചയുള്ള
ആയുധമാണ് ഗാന്ധി.
പതറാതെ ചുവടുവെക്കാൻ
താങ്ങാണ് ഗാന്ധി

Mahatma Gandhi College Iritty 2019-20
Chief Editor : Dr.Ajitha V.
Staff Editor : Dr. Bijumon R.
Student Editor : Mr. Viswas K.V.

Design & Layout : MiDAS® OFFSET PRINTERS
MOORIYAD ROAD JN. | KUTHUPARAMBA
0490 2364655, 9447484821
midasoffsetktba@gmail.com

Statement of Ownership & Other Particulars of M.G. College Iritty
(Form IV (See Rule 8)

| | |
|---|---|
| Place of Publication | : M.G. College Iritty |
| Printers' name | : Dr. Ajitha V. |
| Publisher's Name | : Dr. Ajitha V. |
| Nationality | : Indian |
| Address | : Principal, M.G. College Iritty |
| Editor's Name | : Viswas K.V. |
| Name and address of the Individuals own the Magazine | : M.G. College Iritty |

Dr. Ajitha V. declare that the particlars given above are true to the best of my knowledge and belief.

S/d



രാജ്യത്തെ
കരുത്തോടെ
മുന്നോട്ട് നയിച്ച
**ഇന്ദിര**
ഇന്നും എന്നും
പ്രചോദനമാണ്...

# ഓർമ്മകളിൽ



കെ.പി. നൂറുദ്ദീൻ
(മുൻ മാനേജർ)



പ്രണാമം


അകത്തുള്ളത്
മൗനസാക്ഷി
വിശപ്പിന്റെ നിലവിളികൾ
ഒരു അവലോകനം
MISSHAPED YOUTH
Yes You Can
കള്ളം പറയണം
അദ്വൈതം
காலா
THE FINAL WORDS TO HIM
If you cared to ask
Then you would know,
Why my days were blue
May be you would understand
My heart's been torn out
my dreams broken away.
If you were to look
Straight into my face,
then you would know
the scars on my heart.
If you were to search
deep into my eyes,
you would see
deep into my life.
You said we were going
to last, but you didn't mean it.
I wish you were still here
But you aren't.
Dear love, I'll always love you
but for now, Good bye.
EQUALITY വരട്ടെ
No Wings to Fly
जरूरत
മടുത്തു...


കൊറോണ ഡേയ്സ്
ധാരാവിയും കൊറോണയ
മാറുന്ന ഇന്ത്യയുടെ
മറയ്ക്കപ്പെട്ട സത്യങ്ങൾ
ലോക്ക്
കാത്തിരിപ്പിനൊടുവിൽ
മാസ്ക്
പുകയുന്ന ശ്വാസകോശം
മഹേന്ദ്രജാലം
ജ്വലിക്കുന്ന
യുവതലമുറ
NO CAA NPR NRC
SUNRIDGE
Never
Did I
Know
പൗരത്വനിയമം:
ആളിക്കത്തിയ
വിദ്യാർത്ഥി പ്രതിഷേധം
Do you remember that day,
When I sat restless
on that third chair from the right,
near to the window,
വരച്ചു കാട്ടാൻ
കഴിയാത്ത
ഒരു ചിത്രം
മഴ
പ്രളയമാകുമ്പോൾ
മരവിപ്പ്

# OUR MANAGER



Shri. C.V. JOSEPH

# OUR PRINCIPAL



Dr. AJITHA V.

# edit



Dr. Ajitha V.
Principal



Dr. Bijumon R.
Staff Editor



Dr. Meera M.
Union Advisor



Viswas K.V.
Student Editor



Edward Joy
Member



Aleena Vals Kurian
Member



Jomon Joseph
Member



Theertha N.B.
Member




Akshay P.
Member



Elizabath Mathew
Member

ചിതലെടുക്കാതെ
വാടാതെ

മായാതെ
ചിലതുണ്ടിവിടെ...



## പറയാനുള്ളതിതാണ്,

നമ്മൾ നമ്മളായി പരുവപ്പെട്ട
കാലത്തെക്കുറിച്ചാണ് പറയുന്നത്
ഒരിക്കലും മറക്കാൻ പാടില്ലാത്ത
വഴികളുണ്ടിവിടെ
കൈ കോർക്കലുകളുടെ,
ചേർന്നു  നിൽക്കലുകളുടെ,
സൗന്ദര്യവും നിറയെയാണ്

നട്ടെല്ലു വളക്കാതെ
തന്റേടത്തോടെ
ജീവിതത്തിലെ പ്രതിസന്ധികളെ
അതിജീവിക്കാൻ
നമ്മെ പ്രാപ്തമാക്കിയ
ഈ കാലത്തേയും
കലാലയത്തേയും
മറക്കാതിരിക്കുക

**മായാതിരിക്കട്ടെ  ചിലതിങ്ങനെ...**

**വിശ്വാസ് കെ.വി.**
സ്റ്റുഡന്റ് എഡിറ്റർ



പഠനം
എഴുത്ത്
കല
സമരം
സൗഹൃദം
കഠിനാധ്വാനം

ജയിച്ചിടാം നമുക്ക്....

**ഡോ. ബിജുമോൻ ആർ.**
സ്റ്റാഫ് എഡിറ്റർ



**നമ്മൾ** പഠിച്ചിടത്തുനിന്ന്,
വളർന്ന മണ്ണിൽനിന്ന്
ഒരു കലാലയ പുസ്തകം പിറന്നു
അതിൽ നിറയെ,
പഠനവും, സമരവും,
സ്നേഹവും, കാഴ്ചപ്പാടുകളും,
കലയും, സാഹിത്യവും...
അങ്ങനെ,
ഒരുപാട് ഒരുപാട്...
ഓർമ്മകൾ കൊണ്ട്
**നമ്മൾ നെയ്തെടുത്ത**
**താളുകളാണ്....**





അധിനിവേശത്തെ
ചെറുത്തു തോൽപ്പിക്കുന്നവർ
മഹാമാരിക്കെതിരെ
പോരാടുന്നവർ
അതിർത്തി കാക്കുന്നവർ
കർഷകർ

ചുവടുകൾ
പിന്നോട്ടില്ല
കൂടെയുണ്ട്
ഞങ്ങൾ...



നിപ്പയും
പ്രളയങ്ങളും കടന്നുപോയി

കോവിഡ് എന്ന മഹാമാരി
നമുക്ക് നേരെ വന്നു

മാസ്ക്കും
സാമൂഹിക അകലവും
സാനിറ്റൈസറും
ശീലമാക്കി

**നാം പോരാടി...**





**ഐശ്വര്യ മോഹൻ**
രണ്ടാം വർഷ ബികോം

# കൊറോണ ഡേയ്സ്

പതിവുപോലെ ക്ലോക്കിൽ മണി 8 ആകുന്നു. രാവിലെ നേരത്തെ എഴുന്നേൽക്കാത്തതിന് അമ്മയുടെ ശകാരവും കേട്ടാണ് ഞാൻ ഉണരുന്നത്. ടീവിയിൽ ന്യൂസ് ചാനൽ വച്ചിട്ടുണ്ടായിരുന്നു, ഇന്നും കണ്ണൂരിൽ കോവിഡ് കേസ് കൂടുതലാണെന്നറിഞ്ഞു. ടെക്കിയായ സഹോദരൻ ധൃതിയിൽ ഭക്ഷണം കഴിച്ച് ജോലിക്ക് കയറി. അടുക്കളയിൽ നിന്നു പാത്രങ്ങളുടെ ശബ്ദം ഞാൻ കേൾക്കുന്നുണ്ടായിരുന്നു. ബാക്കി എല്ലാവർക്കും ലോക്ഡൗൺ സുഖകരമായ കാലമാണെങ്കിലും വീട്ടമ്മമാർക്ക് അത്ര സുഖകരമല്ലെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ പതുക്കെ ബ്രഷുമെടുത്ത് പുറത്തോട്ടിറങ്ങി, പുറത്തുനിന്നുള്ള സൂര്യവെളിച്ചം എന്നെ ആകർഷിക്കുന്നുണ്ടായിരുന്നു. പുറത്തു ഇറങ്ങാൻ മനസ്സുവെമ്പുന്നുണ്ടായിരുന്നു. പക്ഷെ പത്രമാധ്യമങ്ങളിലൂടെ പുറത്തിറങ്ങിയവർക്കുണ്ടായ അനുഭവങ്ങൾ കണ്ട ഞാൻ പെട്ടെന്നു തന്നെ മുറ്റത്തുനിന്ന് അകത്തേക്ക് കയറി പോയി. ദിവസങ്ങളും മാസങ്ങളും കടന്നു പോകുന്നത് ഞാൻ അറിയുന്നില്ലായിരുന്നു. സത്യം പറഞ്ഞാൽ ആട് ജീവിതം. ഈ ജീവിതത്തിന് ഒരു അർത്ഥവും ഇല്ലെന്ന് തോന്നിതുടങ്ങി. പക്ഷെ ഞാൻ രാവിലെ കണ്ട സൂര്യകിരണങ്ങളിൽ പ്രത്യാശയുടെ പുത്തനുണർവ് ഉണ്ടായിരുന്നു. എല്ലാം പഴയതുപോലാകുമെന്നുള്ള പ്രതീക്ഷ.

# ധാരാവിയും കൊറോണയും; മാറുന്ന ഇന്ത്യയുടെ മറയ്ക്കപ്പെട്ട സത്യങ്ങൾ



**ജെഫി അന്ന ജോസഫ്**
ഒന്നാം വർഷ ബികോം

**വി**ശാലമായ ഈ ഭൂമിയുടെ ഏതോ ഒരു സ്ഥലത്ത് രൂപം കൊണ്ട, കണ്ണുകൾ കൊണ്ട് കാണാൻ പോലുമാകാത്ത ഒരു കുഞ്ഞുവൈറസ് ഇന്ന് ഭൂമിയെ മുഴുവൻ ഭീതിയുടെ നിഴലിലാക്കിയിരിക്കുകയാണ്. ലക്ഷകണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ചും കോടിക്കണക്കിന് മനുഷ്യരുടെ സാധാരണജീവിതത്തെ പ്രതിസന്ധിയിലാക്കിക്കൊണ്ടും ഈ കൊറോണ വൈറസ് അഥവാ കോവിഡ്19 ഇന്ന് സംഹാരതാണ്ഡവമാടുകയാണ്. കോടികൾ മുടക്കി തങ്ങളുടെ ആയുധപ്പുരകളിൽ അത്യാധുനിക വെടിക്കോപ്പുകൾ നിറയ്ക്കാൻ മത്സരിക്കുന്ന ഭരണാധികാരികൾവരെ





ഇത്തിരിപ്പോന്ന ഈ വൈറസിനുമുന്നിൽ പകച്ചു നിൽക്കുകയാണ്. ഇതിനു മുൻപും രോഗങ്ങളും ദുരിതങ്ങളും മനുഷ്യവംശത്തെ ഗ്രസിച്ചിട്ടുണ്ട്. പ്ലേഗും സ്പാനിഷ് ഫ്ലൂവും എയ്ഡ്സും എബോളയുമൊക്കെ ചില പ്രദേശങ്ങളെയും രാജ്യങ്ങളെയും ഭൂഖണ്ഡങ്ങളെയും മാത്രം ബാധിച്ചു കടന്നു പോയപ്പോൾ കോവിഡ് 19 ലോകത്തെ മുഴുവൻ ബാധിക്കുന്ന വലിയൊരു വിപത്തായി മാറിക്കഴിഞ്ഞു.

2008ൽ നിരവധി ഓസ്കാർ അവാർഡുകൾ വാരിക്കൂട്ടിയ സിനിമയായിരുന്നു 'Slumdog Millionaire' മുംബൈയിലെ ധാരാവി എന്ന ചേരിയിൽ ജനിച്ചു വളർന്ന ജമാൽ മാലിക് എന്ന കൗമാരക്കാരൻ, 'കോൻ ബനേകാ ക്രോർപതി' എന്ന ടെലിവിഷൻ പരിപാടിയിൽ പങ്കെടുക്കുന്നതും അവതാരകൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് തന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ശരിയായ ഉത്തരങ്ങൾ നൽകി വിജയിക്കുന്നതുമാണ് ഈ സിനിമയുടെ ഇതിവൃത്തം. ഡാനി ബോയ്ൽ എന്ന പ്രസിദ്ധ സംവിധായകന്റെ മികവിൽ ഇറങ്ങിയ ഈ ചലച്ചിത്രം നിരവധി നിരൂപക പ്രശംസകളും അവാർഡുകളും ഏറ്റുവാങ്ങി. ഈ സിനിമയുടെ ക്യാമറ ചലിപ്പിച്ച ആന്റണി മാന്റിൽ എന്ന വ്യക്തി തന്റെയും തന്റെ സഹപ്രവർത്തകരുടെയും ക്യാമറക്കണ്ണുകളിലൂടെ അന്നൊപ്പിയെടുത്തത് മുംബൈയുടെ വേറൊരു മുഖമായിരുന്നു. മുംബൈ എന്ന് കേട്ടാൽ അമ്പരചുംബികളായ കെട്ടിടങ്ങളും സമ്പന്നതയുടെ അവസാനവാക്കായ സെലിബ്രിറ്റികളുടെ മനോഹരസൗധങ്ങളും സ്റ്റോക്ക് മാർക്കറ്റുമൊക്കെയായിരുന്നു അന്നുവരെ ലോകത്തിന്റെ ചിന്തയിൽ ഉണ്ടായിരുന്നത്. എന്നാൽ, ആ ധാരണയൊക്കെ പൊളിച്ചെഴുതി അതിനൊക്കെ അപ്പുറത്തേക്ക് പാവങ്ങളും പട്ടിണിക്കാരും അനാഥരും തിങ്ങിവസിക്കുന്ന ധാരാവിയെന്നൊരു ചേരിയുടെ മുഖം കൂടി മുംബൈ നഗരത്തിനുണ്ടെന്നും സമ്പന്നതയുടെ നടുവിൽ ഒരു വലിയ ചേരിയിൽ ലക്ഷോപലക്ഷം ആളുകൾ തിങ്ങിഞെരുങ്ങി ജീവിക്കുന്നുവെന്നും ഈ ചിത്രം ലോകത്തിന് കാണിച്ചുകൊടുത്തു.

കൊറോണ എന്ന മഹാമാരിയിൽ ഇന്ന് ലോകം വിറങ്ങലിച്ചുനിൽക്കുമ്പോൾ, ലോകത്തിലെ മഹാനഗരങ്ങൾ എല്ലാം ഈ മഹാമാരിയുടെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യാമഹാരാജ്യത്ത് കൊറോണ അതിവേഗം പടരുന്ന മഹാനഗരങ്ങളിൽ ഒന്നാണ് മുംബൈ. അധോലോക നായകന്മാരും ശതകോടീശ്വരന്മാരും അടക്കിവാഴുന്ന ചോരയുടെ മണമുള്ള മുംബൈയിൽനിന്നും പട്ടിണിയുടെയും വൃത്തിഹീനതയുടെയും അവസാന വാക്കായ ചേരിയുടെ മണമുള്ള ധാരാവിയിലേക്ക് അധികം ദൂരമില്ല. സൂര്യപ്രകാശം പോലും കഷ്ടിച്ച് കടക്കുന്ന ആയിരക്കണക്കിന് ഇരുണ്ട ഗലികൾ ചേർന്ന മഹാചേരിയാണ് ധാരാവി. ഏഷ്യയിലെ ഏറ്റവും വലുതും ഇന്ത്യയിലെ ഏറ്റവും പ്രശസ്തവുമായ ഈ ചേരി പണ്ട് മത്സ്യത്തൊഴിലാളികൾ താമസിച്ചിരുന്ന കണ്ടൽ ചതുപ്പായിരുന്നു. കാലക്രമേണ ചെറുകിട ഫാക്ടറികളും യൂണിറ്റുകളും ഈ പ്രദേശത്ത് ചുവടുറപ്പിച്ചതോടെ അത് ഇടതൂർന്ന ചേരിയായി വളർന്നു. വെറും 2.5 ചതുരശ്ര

കിലോമീറ്റർ വിസ്തൃതിയുള്ള ധാരാവിയിൽ പത്തുലക്ഷം ആളുകൾ വസിക്കുന്നു എന്നാണ് ഏകദേശകണക്ക്.

കൊറോണയെ നേരിടുന്ന കാര്യത്തിൽ ധാരാവിയുടെ ഏറ്റവും വലിയ വെല്ലുവിളി കൂടിയ ജനസാന്ദ്രതയും പൊതുവായ ശൗചാലയങ്ങളുമാണ്. വെറും 10x10 അടി വിസ്തീർണ്ണത്തിൽ മാത്രമാണ് മിക്കവീടുകളും. തീപ്പെട്ടികൂടുകൾ അടുക്കി വെച്ചതുപോലെയുള്ള പുരകൾ, അത്തരം ചെറിയ മുറികളിൽ താമസിക്കുന്നതോ എട്ട് മുതൽ പത്തുവരെ ആളുകളും. ഇവിടെയൊക്കെ സാമൂഹിക അകലം പാലിക്കാൻ കഴിയുക എന്നത് ജനങ്ങളെ സംബന്ധിച്ച് വലിയ വെല്ലുവിളിയാണ്. അതുപോലെതന്നെ, എല്ലാവരും ഉപയോഗിക്കുന്ന പൊതുവായ ശൗചാലയങ്ങളുടെ വൃത്തിഹീനത രോഗം വേഗത്തിൽ പടരുന്നതിന് കാരണമാകുന്നു. അന്നന്നുള്ള ആഹാരത്തിനായി അന്നന്നു അധ്വാനിച്ച് കഴിയുന്ന ആളുകളെ ലോക്ക്ഡൗൺ കൂടുതൽ പട്ടിണിയിലേക്ക് തള്ളിവിടുകയും ചെയ്തു. മഴക്കാലത്ത് സകല മാലിന്യവും കലർന്ന ചെളി വെള്ളമാണ് തെരുവിലൂടെ ഒഴുകുന്നത്. അതിലൂടെ നീന്തി വേണം ഓരോ വീടുകളിലും എത്താൻ എന്നത് ഒരു സത്യാവസ്ഥയാണ്.

ധാരാവിയിൽ കൊറോണ ആദ്യമായി റിപ്പോർട്ട് ചെയ്തത് 2020 ഏപ്രിൽ ഒന്നിനാണ്. ഈ വലിയ ചേരിയിൽ നാളിതുവരെ മരണപ്പെട്ടവരുടെ എണ്ണം ഏറെയാണ്. കൊറോണ റിപ്പോർട്ട് ചെയ്തതിനുശേഷം ഇത് പടരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് മാധ്യമങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൽഫലമായി, രോഗികളെയും രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ താമസസ്ഥലത്തു നിന്നും ക്വാറന്റെയിൻ ചെയ്തുകൊണ്ടിരുന്നു. ഒരു വലിയ സ്പോർട്സ് കോംപ്ലക്സ്, സ്കൂളുകൾ, നേച്ചർ പാർക്ക്, വിവാഹ ഹാളുകൾ, ഹോട്ടലുകൾ, അതിഥി മന്ദിരങ്ങൾ തുടങ്ങിയവയിലൂടെ ഏകദേശം മൂവായിരത്തോളം ക്വാറന്റെയിൻ കിടക്കകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ശൗചാലയങ്ങൾ എല്ലാം കൃത്യമായ ഇടവേളകളിൽ അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കുകയും ശുചിത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

ഇന്ത്യ വലിയൊരു രാജ്യമാണ്. വലിയ വലിയ നേട്ടങ്ങൾ സ്വന്തമാക്കി മറ്റു രാജ്യങ്ങൾക്കിടയിൽ തലയുയർത്തി പിടിച്ച് അഭിമാനപൂർവ്വം വളരുന്ന രാജ്യം. പക്ഷെ പലപ്പോഴും പല രാജ്യങ്ങളും ചെയ്യുന്നതുപോലെ രാജ്യത്തെ സമ്പന്നവിഭാഗത്തെ പ്രീതിപ്പെടുത്താൻ മത്സരിക്കുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ ദരിദ്രരായ അനേകരെ അവഗണിക്കുന്നു. യു.എസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ഇന്ത്യ സന്ദർശിക്കുന്ന അവസരത്തിൽ ഗുജറാത്തിലെ അഹമ്മദാബാദിൽ ചേരികൾ മറയ്ക്കാൻ വലിയ മതിലുകൾ കെട്ടിപ്പൊക്കിയത് ഇതിനുദാഹരണമാണ്. കോടികൾ മുടക്കി ജീവനില്ലാത്ത പ്രതിമകൾ പണിയുമ്പോൾ രാജ്യത്തിന്റെ ചേരികളിൽ കഴിയുന്ന ജീവനുള്ള പ്രതിമകൾക്കുവേണ്ടി അവരുടെ ഉന്നമനത്തിനുവേണ്ടി ഒരു ചില്ലിക്കാശ് പോലും ചിലവഴിക്കുന്നില്ല, ചിലവഴിക്കുന്നത് അവരിലേക്ക് എത്തുന്നില്ല എന്നത് ദു:ഖകരമാണ്. ശതകോടികൾ ചിലവഴിച്ചു ചന്ദ്രനിൽ ജീവനുണ്ടോ എന്നും ചൊവ്വയിൽ വെള്ളമുണ്ടോ എന്നും അന്വേഷിക്കുന്നവർ അതിന്റെ നാലിലൊന്ന് പൈസ തങ്ങളുടെ രാജ്യത്ത് വസിക്കുന്ന പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുവാൻ ഉപയോഗിച്ചിരുന്നുവെങ്കിൽ ദാരിദ്ര്യത്തിന്റെ ധാരാവികളാകുന്ന ചേരികൾ നാളെയുടെ അഭിമാനമായി ഉയർന്നുനിൽക്കുമായിരുന്നു.



# മാസ്ക്



**റാഷിദ് എൻ.പി.**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്

പതിവിലും നേരത്തെയായിരുന്നു ഇന്ന് അലാറം സെറ്റ് ചെയ്തുവച്ചിരുന്നത്. ഇന്നാണല്ലോ ആനന്ദേട്ടന്റെ ഓഫീസിൽ നിന്നും ടൂർ പോകുന്നത്. കണ്ണുകൾ പതിയെ തുറന്നു, കിച്ചു മോന്റെ കാലുകൾ മെല്ലെ തന്റെ ദേഹത്തുനിന്നും മാറ്റി. അവന്റെ ശീലമാണ് ഇത്. അടുത്തു കിടക്കുന്ന ആളുടെ മേൽ കാലുവച്ചില്ലെങ്കിൽ ഉറക്കം വരില്ല. ഗീതുവും അഞ്ചാം ക്ലാസുവരെ ഈ ശീലം തുടർന്നിരുന്നു. ആനന്ദേട്ടൻ നല്ല സ്റ്റഡിയായി ഉറക്കത്തിലാണ്. അഴിഞ്ഞുകിടന്നിരുന്ന കാർകൂന്തൽ കൈകൊണ്ട് വാരിയൊതുക്കിക്കൊണ്ട് ഭിത്തിയിൽ പിടിപ്പിച്ച കണ്ണാടിയിലേക്ക് നോക്കി. അത് പതിവായിരുന്നെങ്കിലും, ഇന്ന് കണ്ണാടിയിൽ കണ്ട അവളുടെ പ്രതിബിംബം ഏറെ നേരം നോക്കി നിൽക്കാൻ അവൾക്ക് തോന്നി. അവളുടെ കണ്ണുകളും വായും അറിയാതെ വിടർന്നു. ഒരു രാത്രിയുടെ ദൂരത്തിനിപ്പുറം തനിക്ക് പത്തു വയസ്സു കൂടിയ പോലെ.....! അത്ഭുതത്തോടെ

കണ്ണാടിയിൽ തെളിഞ്ഞ തന്റെ മുഖത്തിന്റെ ഓരോ ഭാഗങ്ങളും സൂക്ഷ്മമായി നോക്കി നിന്നു......

കണ്ണുകൾ കുഴിഞ്ഞിരിക്കുന്നു, നീണ്ട മൂക്കിന്റെ നീളം കുറഞ്ഞുവോ....? ചുണ്ടുകൾ വറ്റിവരണ്ട നിലം പോലെ, കവിളുകൾ ചെറുതായി തൂങ്ങാൻ തുടങ്ങിയോ...! കൺപുരികങ്ങൾക്കിടയിൽ ഒരെണ്ണം വെളുത്തത് അവളെ നോക്കുന്നു....

മുടിയിലെ നര അടുത്ത വീട്ടിലെ സുഷമ പറഞ്ഞപ്പോൾ മുതൽ ശ്രദ്ധിച്ചിരുന്നു... പണ്ട് പത്താം ക്ലാസ്സിൽ പഠിക്കുന്ന സമയത്തായിരുന്നു ആദ്യമായി ഒരു മുടി നരച്ച് കണ്ടത്. അന്ന് അമ്മ പറഞ്ഞത് അവൾ ഓർത്തു, 'ഭാഗ്യനരയാണ്, ഒത്തിരി ഭാഗ്യങ്ങൾ നിന്റെ ജീവിതത്തിലുണ്ടാകും' എന്നാൽ ഇന്ന് അവിടവിടെയായി കാണുന്ന വെള്ള പൂശിയ മുടിയിഴകൾ എന്തായാലും അമ്മ അന്ന് പറഞ്ഞവയല്ല.... തന്റെ ജീവിതയാത്രയുടെ ദൂരവും, ആ വഴിയിലെ കഥകളും അവ മന്ത്രിക്കുന്നുണ്ടായിരുന്നു......

അമ്മ അന്നു പറഞ്ഞ 'ഭാഗ്യം' എന്റെ ജീവിതത്തിൽ നിറഞ്ഞിരുന്നോ....?

അവൾ ഓർത്തു... സുന്ദരനും സുമുഖനുമായ ഒരു ഗവൺമെന്റ് ജോലിക്കാരനായ ഭർത്താവ്, സ്മാർട്ടായ രണ്ട് മക്കൾ, ഇതെല്ലാം



**സഹപാഠികളുടെ പ്രശ്നങ്ങൾ ഒന്നൊന്നായി കണ്ടുപിടിച്ച് പരിഹരിച്ചപ്പോൾ, അവളുടെ മുഖത്ത് വിരിഞ്ഞ ആ പുഞ്ചിരിയല്ല ഇന്ന് ഈ കണ്ണാടിയിൽ കാണുന്നത്. അവൾ മെല്ലെ ചിരിക്കാൻ ശ്രമിച്ചു.....**

അവളുടെ ഭാഗ്യത്തിന്റെ അടയാളങ്ങളായിരിക്കും....

പക്ഷെ ആ ഭാഗ്യങ്ങൾക്കിടയിൽ, കഴിഞ്ഞ 10 വർഷങ്ങളായി അവളണിഞ്ഞ മുഖംമൂടി , മാസ്ക് ഇന്ന് വലിയൊരു ഭാരമായി അവൾക്ക് തോന്നി. തന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും എല്ലാം എവിടെയോവച്ച് നഷ്ടമായിരുന്നു.... നഷ്ടമായി എന്നു പറയുന്നത് ശരിയല്ല എന്ന് അവൾക്കു തോന്നി, അവൾ തന്നെയായിരുന്നു മുഖംമൂടിയെടുത്തു വച്ചത്. സ്കൂളിലും കോളേജിലും അവൾ വളരെ സ്മാർട്ടായിരുന്നു, എല്ലാ കാര്യത്തിലും. കോളേജ് ചെയർപേഴ്സണും അവളുതന്നെയായിരുന്നു.

സഹപാഠികളുടെ പ്രശ്നങ്ങൾ ഒന്നൊന്നായി കണ്ടുപിടിച്ച് പരിഹരിച്ചപ്പോൾ അവളുടെ മുഖത്ത് വിരിഞ്ഞ ആ പുഞ്ചിരിയല്ല ഇന്ന് ഈ കണ്ണാടിയിൽ കാണുന്നത്. അവൾ മെല്ലെ ചിരിക്കാൻ ശ്രമിച്ചു.....

ഇന്ന് കാണുന്ന ഈ മാസ്ക് അവൾക്ക് വേണ്ട എന്ന് തന്നെ തീരുമാനിച്ചു. ഇനിയും ഉള്ളിലെ സത്തയെ ഒളിപ്പിച്ചുവച്ചുകൂട. ഈ മുഖാവരണം എടുത്തെറിഞ്ഞേ മതിയാവൂ....

പെട്ടെന്ന് ആനന്ദേട്ടന്റെ ഫോൺ റിങ് ചെയ്തു....

അവൾ ചിന്തകളുടെ ഇടയിൽ നിന്നും കഷ്ടപ്പെട്ട് തിരിച്ചുപോന്നു. ഇനി തനിക്ക് ചുറ്റുമുള്ള ആനന്ദേട്ടനടക്കമുള്ള ആളുകളും മാസ്കിനുള്ളിലാണോ..... അവൾ ഓർത്തു.

എന്തു തന്നെയായാലും നിഷ്കളങ്കമായി ഉറങ്ങിക്കിടക്കുന്ന കിച്ചുമോന് മുഖം മൂടിയില്ല.... അത് അവൾക്ക് ഉറപ്പായിരുന്നു...



# ലോക്ക്

*മുഖം മൂടിയ മനുഷ്യര്*
*ശൂന്യമായ വഴിയോരങ്ങള്*
*ഉയരുന്ന രോഗനിരക്ക്*
*ചിലപ്പ് നിന്ന തിണ്ണകള്*
*അടച്ചിട്ട പുസ്തകപ്പുരകള്*
*എഴുത്ത് മറന്ന കൈകള്*
*ഇനിയെന്താണ്?*
*ഉണ്ട്.*
*ആയിരത്തിൽ നിന്ന് ഇരുപതിലേക്ക്*
*ചുരുങ്ങിയ സന്തോഷ സുദിനങ്ങള്*
*ആളില്ലാത്ത ബസ്സുകള്*
*പഠിപ്പ് നിന്ന കലാലയങ്ങള്*
*ഓർമ്മ ഓർമയായ രാവുകള്*
*കഴിഞ്ഞ്..*
*ഇല്ലാന്ന്.*
*പുല്ല് പൊന്തിയ മൈതാനങ്ങള്*
*പുക ഉയരാത്ത പട്ടണങ്ങള്*
*വഴിമുട്ടിയ ജീവിതങ്ങള്*
*ഇന്ന് തീരുവോ ഇത്*
*എവിടുന്ന്...*
*അതിജീവിക്കുമോ നമ്മള്?*
*ഉറപ്പ്*



**അഷിത സി.**
ഒന്നാം വർഷ ബി.ബി.എ.

# ഒരു കറുത്തരാത്രിയുടെ ഓർമ്മയ്ക്ക്..!

ഉറക്കമില്ലാത്ത കറുത്ത രാത്രികളിൽ ഞാൻ
നിന്നെ ഓർക്കും
നിന്റെ ഓർമ്മകളാൽ ഞാൻ നിന്നെ
വെറുത്തുകൊണ്ടേയിരിക്കും.
മറവിയുടെ ദാക്ഷിണ്യമനുവദിക്കാതെ
ഉള്ളിൽ ചുട്ടുപുകയുവാൻ
നിന്നെ എന്നിൽ തളച്ചിടും
വെളിച്ചമോ തുറവിയോ തരില്ല.
ബന്ധിക്കപ്പെട്ട അധരങ്ങളും
പ്രഹരിക്കപ്പെട്ട ചിന്തകളുമായി
നീ അലറിവിളിക്കും, ഞാൻ കേൾക്കുകയില്ല.
പൊള്ളുന്ന കണ്ണീരും, ഇടറുന്ന സ്വത്വവും
നിന്നെ നോവിക്കുമ്പോഴും
ഒരു നോക്കു നൽകാതെ ഞാനതാസ്വദിക്കും
നിന്റെ ഞെരുക്കങ്ങൾ എന്നെ മത്ത് പിടിപ്പിക്കും
നിലാവുകൾ ഞാനാഘോഷിക്കും
വീണ്ടും മറ്റൊരു രാത്രിക്കുവേണ്ടി
നിന്നെ ബന്ധിച്ച അറയുടെ താക്കോലുമായി
ഞാൻ കടന്നുകളയും
വഴിയിലെവിടെയോ
ഉന്മത്തയായി ഞാൻ ഉറങ്ങിവീഴും.
ഉറക്കമില്ലാത്ത കറുത്ത രാത്രികളിൽ വീണ്ടും
ഞാൻ നിന്നെ ഓർക്കും.





**എലിസബത്ത് മാത്യു**
ഒന്നാം വർഷ ബികോം



# അവസാന നീർത്തുള്ളിയും പെയ്തൊഴിയും

*മഹാമാരിയായ് മാനവരാശിക്കുമേൽ*
*ആർത്തു പെയ്തു നീ*
*പടർന്ന് ആയിരമായ് പതിനായിരമായ്*
*ലക്ഷമായ് ലക്ഷ്യമില്ലാതെ*
*പിഴുതെറിഞ്ഞൂ നീ*
*മർത്ത്യജീവനോരോന്നായ്*
*ദിനമെണ്ണി നീ പടരുമ്പോൾ*
*ഓർക്കുക കീടമേ*
*മഴമാറി വേനൽ വരുന്നപോൽ*
*വൈകാതെ മാറുമൊരുനാൾ*
*നീയെന്ന മഹാമാരിതൻ നിഴലാട്ടം*
*മാനവരാശിക്കുമേൽ ഉദിക്കുമൊരു*
*പൊൻപുലരിതൻ കിരണം*
*അന്നു നിൻ അവസാന നീർത്തുള്ളിയും*
*പെയ്തൊഴിയും......*



**അക്ഷയ് പി.**
ഒന്നാം വർഷ ബികോം



# പുകയുന്ന ശ്വാസകോശം



**ജോസ്ഫിൻ ജോസ്**
ഒന്നാം വർഷ ബികോം

ഒരു സിനിമ കാണാൻ തിയേറ്ററിൽ കയറിയാൽ ആദ്യം തന്നെ പുകവലിക്കെതിരെ ഒരു പരസ്യം കാണാം; ശ്വാസകോശം സ്പോഞ്ചുപോലെയാണെന്ന് പറഞ്ഞുകൊണ്ട്. എന്നാൽ മനുഷ്യന്റെ ശ്വാസകോശത്തിന് പുകവലി എത്രത്തോളം ദോഷകരമാണോ അതിനെക്കാളും അപകടകരമായിരിക്കുകയാണ് ഈ ലോകത്തിന്റെ തന്നെ ശ്വാസകോശത്തിനോടുള്ള മനുഷ്യന്റെ ചെയ്തികൾ. ഇന്ന് ഭൂമിയുടെ നിലനിൽപ്പിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു ഘടകമാണ് ആമസോൺ മഴക്കാടുകൾ. ബ്രസീലിന്റെ മാത്രമല്ല, ഈ ലോകത്തിന്റെ തന്നെ ശ്വാസകോശമായാണ് ആമസോൺ മഴക്കാടുകൾ നിലകൊള്ളുന്നത്. സൂര്യന്റെ കൊടും ചൂടിനെ അതിജീവിക്കാൻ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട മഴക്കാടിനെ തീയിട്ട് നശിപ്പിച്ച വനംകൊള്ളക്കാരുടെ നടപടി ലോകത്തെ ഒന്നടങ്കം ഭീതിയിലാഴ്ത്തിയിരുന്നു. കാട്ടുതീ വഴി ഭൂമിയുടെ സന്തുലിതാവസ്ഥയെ തകരാറിലാക്കാൻ പ്രാപ്തമായത്രയും തോതി



**ലോകത്തിന് ഓക്സിജൻ നൽകുന്ന മഴക്കാടുകളുടെ നശീകരണവും അതുമായി ബന്ധപ്പെട്ട് നടന്ന പ്രകൃതി സംരക്ഷകൻ പൗലോ പൗളിനോയുടെ ക്രൂരമായ കൊലപാതകവും മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്.**

ലുള്ള കാർബൺ ഡയോക്സൈഡാണ് അന്ന് അന്തരീക്ഷത്തിലെത്തിയത്. വലിയ തോതിലുള്ള ഈ മഴക്കാടുകളുടെ നാശം ഭാവിയിൽ വില കൊടുത്താൽ തീരാത്തത്രയും ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമാവുമെന്നതിൽ സംശയമില്ല.

മഴക്കാടുകൾക്ക് സംരക്ഷണമൊരുക്കിയ പൗലോ പൗളിനോ ഗുവാജരാരയുടെ കൊലപാതകം ലോകജനതയെ ഒന്നടങ്കം നടുക്കിയ സംഭവമാണ്. അനധികൃതമായി നടക്കുന്ന മരംവെട്ടലിനെതിരെയും വനം കൊള്ളയടിക്കെതിരെയും പോരാടുന്ന സംഘടനയാണ് 'Guardians of Forest's'. ഈ വനസംരക്ഷണസമിതിയുടെ നേതാവായ പൗലോ പൗളിനോയുടെ കൊലപാതകം ഇന്ന് ചർച്ചാവിഷയമായിരിക്കുകയാണ്. വനം കൊള്ളക്കാരുടെ വെടിയേറ്റാണ് ഈ പ്രകൃതി സംരക്ഷകന് ജീവൻ വെടിയേണ്ടി വന്നത്. ബ്രസീൽ ഗവൺമെന്റിന്റെ അന്യായപരമായ വന നയമാണ് ആമസോൺ മഴക്കാടുകളുടെ നാശത്തിലേക്കും അതുപോലെ പൗലോ പൗളിനോ എന്ന വന സംരക്ഷകന്റെ കൊലപാതകത്തിലേക്കും വഴിതെളിച്ചത്. ലോകത്തെ ഒട്ടുമിക്ക പരിസ്ഥിതി സംഘടനകളും ബ്രസീൽ സർക്കാരിന്റെ ഈ നടപടിക്കെതിരെ രംഗത്തെത്തിയിരിക്കുന്നു. പ്രകൃതിയെ വിസ്മരിച്ചുകൊണ്ടുള്ള വികസന നടപടികൾ ഭൂമിയുടെ നാശത്തിലേക്കാണ് വഴി കാട്ടുന്നതെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയാത്ത കാലത്തോളം ഇത്തരം പ്രതിസന്ധികളും കൊലപാതകങ്ങളും തുടരുമെന്ന് ചുരുക്കം.

ലക്ഷക്കണക്കിന് ജീവികളുടെ ആവാസ കേന്ദ്രമായ, ലോകത്തിന് ശ്വാസം നൽകുന്ന ആമസോൺ മഴക്കാടുകൾ കത്തിയെരിയുമ്പോൾ ഭൂമിയുടെ ആവാസവ്യവസ്ഥയെയും ജൈവിക ഘടകങ്ങളെയും ആഹാര ശൃംഖലകളെയും അത് തകിടം മറിക്കുമെന്ന് നിസ്സംശയം പറയാം. പ്രകൃതി സംരക്ഷണം എന്നത് ഒരു വെല്ലുവിളിയായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഭാവി എന്താകും എന്ന് ഓരോരുത്തരും ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത് കേവലം ഒരു സംഘടനയുടെയോ ഒരു സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ ഒരു രാജ്യത്തിന്റെയോ മാത്രമായ ആവശ്യമല്ല, ഭൂമിയിലെ ഓരോ ജീവിവർഗ്ഗത്തിന്റെയും നിലനിൽപ്പിനെ ബാധിക്കുന്ന അതിഗുരുതരമായ പ്രശ്നമാണ്. ലോക പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ഒരുപാട് സംഘടനകൾ ഉണ്ടെങ്കിൽ പോ ലും അവയെ എല്ലാം അട്ടിമറിക്കുന്ന സംഭവങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ലോകത്തിന് ഓക്സിജൻ നൽകുന്ന മഴക്കാടുകളുടെ നശീകരണവും അതുമായി ബന്ധപ്പെട്ട് നടന്ന പ്രകൃതി സംരക്ഷകൻ പൗലോ പൗളിനോയുടെ ക്രൂരമായ കൊല പാതകവും മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. മഴക്കാടുകളുടെ നാശത്തിന്റെ ഫലമായി ലോകമൊട്ടാകെ കാലാവസ്ഥാവ്യതിയാനങ്ങൾ ദൃശ്യമാണ്. സംരക്ഷകരാവേണ്ടവർ വേട്ടക്കാരും കൊള്ളക്കാരുമായിത്തീരുമ്പോൾ നമ്മുടെ ഭാവി എവിടെ ചെന്ന് അവസാനിക്കുമെന്ന് കണ്ടറിയാം.



# തട്ടകം

ഇടുങ്ങിയ ചുവരുകളുള്ള ആ മുറിയിൽ ചെന്നവസാനിച്ച രാത്രി-
യാത്രകളോരോന്നും, ഹ്രസ്വമാണെന്നുറപ്പുണ്ടായിരുന്ന ആ കാലഘട്ടം
എന്നെ എത്രമേൽ മോഹിപ്പിക്കുന്നുണ്ട് എന്ന ബോധ്യം ഉണ്ടാക്കി
തന്നവയായിരുന്നു....
അതേ, മോഹിച്ചതെല്ലാം വേഗം അവസാനിച്ചു...
തിരിച്ചു കിട്ടില്ല എന്ന ഉറപ്പോടുകൂടി തന്നെ.
ഇന്നും ഓർമകളായി പഴയതെല്ലാം അവശേഷിക്കുമ്പോൾ,
ചേർത്തുപിടിക്കുന്ന ചില മുഖങ്ങൾ,
ചില ചിരികൾ...
ചിലതൊന്നും ഓർമകൾ അല്ല;
ഭൂതകാലം അല്ല;
നഷ്ടങ്ങൾ അല്ല;
അവയെല്ലാം നേട്ടങ്ങൾ മാത്രം.......
അവയൊക്കെയും, അവരൊക്കെയും
എന്നിൽ എന്നോ ഞാനായി തന്നെ തീർന്നതാവാം.....
അതേ,
കടന്നു പോകുന്നത് സൗഹൃദങ്ങൾ അല്ല;
കാലം മാത്രം....
ഇവയെല്ലാം വെറും  ഓർമകളാവുന്നതെങ്ങനെ...
നഷ്ടങ്ങൾ ആവുന്നതെങ്ങനെ...
വരുന്ന നാളുകളിലും  എല്ലാം എന്നോടൊപ്പം തന്നെയുണ്ടാകും... തീർച്ച !



**നോബിൾ ജോസ്**
രണ്ടാം വർഷ ബി.ബി.എ.




# അപൂർവ്വ നിമിഷങ്ങൾ



**പ്രിൻസി എൻ. ബെന്നി**
ഒന്നാം വർഷ ബികോം

**പെ**ട്ടെന്നെവിടെനിന്നോ ഒരു തണുത്ത കാറ്റ് വീശി, അതവളുടെ മുടിയിഴകളെ തൊട്ടും തലോടിയും മെല്ലെ അങ്ങനെ പോയി. അവൾ എന്നാൽ അതൊന്നും ഗൗനിക്കുന്നില്ല. അവളുടെ മുന്നിൽ കൂടെ കടന്നു പോകുന്ന ആരെയും അവൾ കാണുന്നില്ല. അവളുടെ ശ്രദ്ധ കൈയിലുള്ള പുസ്തകത്തിൽ മാത്രമായിരുന്നു. അവ ളതുമെല്ലെ വായിക്കുമ്പോഴാണ് അവളുടെ കൂട്ടുകാരി അവളെ തിരികെ ഹോസ്റ്റലിലേക്ക് പോകാൻ വിളിച്ചത്. എന്നാൽ ആ ഒരു ശാന്ത അന്തരീക്ഷത്തിൽ നിന്നും തിരികെ പോകാൻ അവൾക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. എന്നാൽ നേരം വൈകിയതുകൊണ്ടും സന്ധ്യയാകാറായതിനാലും അവൾ ഹോ സ്റ്റലിലേക്ക് തിരിച്ചു. ഹോസ്റ്റലിൽ എത്തിയ ഉടനെ അവൾ അഭിയെ വിളിച്ചു. അഭി അവളുടെ സീനിയറായി കോളേജിൽ ഉണ്ടാ യിരുന്ന പയ്യനാണ്. കഴിഞ്ഞ വെക്കേഷൻ സമയത്താണ് അവർ തങ്ങളുടെ പ്ര ണയം തുറന്ന് പറയുന്നത്. ആദ്യം അവൾ വിസമ്മതിച്ചെങ്കിലും പിന്നീട് അവളിലും പ്ര ണയത്തിന്റെ വിത്ത് മുളയ്ക്കാൻ തുടങ്ങി.

അവൾ അഭിയെ വിളിച്ചു. പക്ഷേ

ഫോൺ പരിധിക്ക് പുറത്തായിരുന്നു. രണ്ടു മൂന്ന് പ്രാവശ്യം ട്രൈ ചെയ്ത് അവൾ കുളിക്കാനായി പോയി. കുളികഴിഞ്ഞ് വന്നപ്പോൾ അവൾ ഫോണിൽ അഭിയുടെ മെസ്സേജ് കണ്ടു " Meet you @ 7 pm". അവൾ അഭിയെ വിളിച്ചു. ഫോണെടുത്ത അഭി അവളോട് ഏഴു മണിക്ക് കഫ്റ്റീരിയയിൽ എത്താൻ പറഞ്ഞു. അവളതുപോലെ ഏഴു മണിയായപ്പോൾ അവിടെ എത്തി. അവിടെ അഭിയും അവന്റെ കൂട്ടുകാരുമുണ്ടായിരുന്നു. അവൾ അവരെ കണ്ടതും അങ്ങനെ നിന്നു. അപ്പോൾ അഭി വേഗം അവളുടെ കൈപിടിച്ചു ബാൽക്കണിയിലേക്ക് നടന്നു. അവൾ എന്തിനാണ് തന്നെ കാണണം എന്ന് പറഞ്ഞത് എന്ന് ചോദിച്ചപ്പോൾ അവൻ തിരിഞ്ഞു അവളുടെ മുഖത്തേക്ക് നോക്കി പറഞ്ഞു 'എനിക്ക് അമേരിക്കയിൽ ഒരു ജോലി കിട്ടിയിരിക്കുന്നുവെന്ന്'. ഇത് കേട്ടപ്പോൾ അവൾക്ക് അതിയായ സന്തോഷം തോന്നി. കഴിഞ്ഞ ദിവസം കൂടി ഒരു ജോലി ഇല്ലാത്തതിന്റെ പേരിൽ അവൾ അഭിയുമായി വഴക്ക് കൂടിയിരുന്നു. പെട്ടെന്ന് ഇത് കേട്ടപ്പോൾ അവളുടെ കണ്ണിൽ നിന്ന് അറിയാതെ കണ്ണുനീർ പൊടിഞ്ഞു. അഭി അവളെ നെഞ്ചോടു ചേർത്തുപിടിച്ച് പറഞ്ഞു, 'എനിക്ക് ഈ ജോലി വേണ്ടെടാ'. അവൾ അവന്റെ മുഖത്തേക്ക് നോക്കി. ആ കണ്ണിൽ അവൾ അവളുടെ കണ്ണുകൾ കോർത്തു. അഭിയുടെ കണ്ണുകളിൽ അഭിക്ക് അവളോടുള്ള സ്നേഹം അവൾ കണ്ടു. അഭി തുടർന്നു, 'അവിടെ പോയാൽ പിന്നെ ഞാൻ എങ്ങനെ നിന്നെ കാണും?'

ആ ചോദ്യത്തിന് അവൾക്കൊരു ഉത്തരമുണ്ടായിരുന്നില്ല.

അഭി തുടർന്നു

'ഡിഗ്രിയും പി.ജിയും കഴിഞ്ഞ് ഞാൻ പിന്നെയും ഈ കോളേജിൽ ദിവസവും വരുന്നത് നിന്നെ കാണാനാണ്. നിന്നെ കാണാതെ, സംസാരിക്കാതെ നിന്നെ ഇവിടെ ഒറ്റയ്ക്കാക്കി ഞാൻ എങ്ങനെ പോകും ! നീ പറ....'

അവളുടെ കണ്ണുകൾ തോരാതെ ഒഴുകി. ചെറിയ വിതുമ്പലോടെ അവൾ പറഞ്ഞു. 'അഭി.... എന്നെ കൊണ്ടും സാധിക്കില്ല. നീ പറയുന്നതെല്ലാം ശരിയാണ്. എന്നാൽ നീ ഒന്ന് ചിന്തിക്ക്, ഈയൊരു ഓപ്പർച്യൂണിറ്റി ജീവിതത്തിൽ ഒന്നേ വരികയുള്ളൂ. ഇത് നഷ്ടപ്പെടുത്തിയാൽ പിന്നെ നല്ലൊരു ഓഫർ കിട്ടുമെന്നതിന് ഒരുറപ്പും ആരും തരില്ലല്ലോ? ഒന്നോർത്താൽ നമ്മളെന്തിനാ അഭി സങ്കടപ്പെടുന്നത്. നമ്മൾ പിരിയുക യല്ലല്ലോ, ഒന്നിക്കാൻ വേണ്ടി ഒന്ന് അകലുന്നു അത്രമാത്രം. അകലുന്നത് നമ്മുടെ ശരീരം മാത്രമല്ലേ, നമ്മുടെ മനസ്സ് എന്നും അടുത്തായിരിക്കും. അഭി, നീ സന്തോഷത്തോടെ പോകണം. നല്ലൊരു ജോലി ഉണ്ടെങ്കിൽ എന്റെ വീട്ടിൽ ധൈര്യത്തോടെ വന്ന് പെണ്ണ് ചോദിച്ചൂടെ? അഭിക്കൊരു ജോലിയില്ലെങ്കിൽ എങ്ങനെ യാ ഇതൊക്കെ? ഇപ്പോൾ നമ്മൾ കുറച്ച് കാലത്തേക്ക് പിരിഞ്ഞിരുന്നാലും പിന്നെ അത് നമ്മളെ ഒന്നിപ്പിക്കും. അതെനിക്കുറപ്പുണ്ട്'.

അവളുടെ വാക്കുകൾ, അതിലെ ദൃഢത, അതിലെ ശുഭപ്രതീക്ഷ അവനിൽ ആത്മവിശ്വാസം ഉളവാക്കി. അവർ കുറെ നേരം ഒരുമിച്ചിരുന്നു. അവൾ അഭിയുടെ തോളിൽ ചാരി കിടന്നു. അഭി അവളെ ചേർത്തുപിടിച്ചു.

അവൾ രാവിലെ എണീറ്റ് അമ്പലത്തിൽ പോയി. അവിടെ അഭിയുണ്ടായിരുന്നു. ഇന്നാണ് അഭിക്ക് പോകേണ്ടത്. അവർ ഒരുമിച്ച് അമ്പലത്തിൽ കയറി തൊഴുതു. പൂജാരി ഒരു തട്ടിൽ രണ്ടു മോതിരങ്ങൾ പൂജിച്ച് അവർക്ക് നൽകി. അവൾ പെട്ടെന്ന് ഞെട്ടി അഭിയുടെ മുഖത്തേക്ക് നോക്കി. അഭി പറഞ്ഞു 'നീ എന്റെതാണ്, നിന്നെ

ഞാനാർക്കും വിട്ടുകൊടുക്കില്ല, എനിക്ക് നീയില്ലാതെ പറ്റില്ല'. അവൾ നിറമിഴിയോടെ അഭിയെ നോക്കി. അഭി അവളുടെ ഇടതുകൈ പിടിച്ചു ഒരു മോതിരമെടുത്ത് അവളുടെ കൈവിരലിൽ അണിയിച്ചു. അവളും അഭിയുടെ വിരലിൽ മോതിരം ചാർത്തി. അവർ അമ്പലത്തിന് പുറത്തിറങ്ങി. അവളെ ചേർത്തു പിടിച്ച് അവളുടെ നെറ്റിയിൽ ചുംബിച്ചുകൊണ്ട് അവൻ പറഞ്ഞു, 'ഇനി ഒരു ശക്തിക്കും നമ്മളെ പിരിക്കാൻ കഴിയില്ല'. ഇതു പറഞ്ഞവൻ ദൂരേക്ക് മറഞ്ഞു.

(ദൂരെയാണെങ്കിലും ഇണങ്ങിയും പിണങ്ങിയും അവർ ഒരു വർഷം കഴിച്ചുകൂട്ടി . അങ്ങനെ അവളുടെ പിറന്നാൾ ദിവസം വന്നു ചേർന്നു )

അതിരാവിലെ അവൾ അഭിയുടെ കോൾ പ്രതീക്ഷിച്ചു. എന്നാൽ അഭി വിളിച്ചില്ല . പതിവുപോലെ അവൾ അമ്പലത്തിൽ പോയി. ക്ലാസ്സുള്ള ദിവസമായതിനാൽ പിറന്നാൾ വീട്ടിൽ നിന്നും ആഘോഷിക്കാൻ പറ്റില്ല. കോളേജിൽ പോകാൻ സമയമായി എന്നിട്ടും അഭിയുടെ കോൾ കണ്ടില്ല. രണ്ടു ദിവസമായി അഭിയുടെ ഫോൺ സ്വിച്ച് ഓഫായിരുന്നു. എന്നാൽ ഈ ദിവസം അഭി മറക്കാതെ വിളിക്കുമെന്ന് അവൾ കരുതി. കണ്ണിൽ നിന്ന് എത്തിനോക്കിയ കണ്ണുനീർ തുടച്ചുകൊണ്ട് സങ്കടത്തോടെ അവൾ കോളേജിലേക്കിറങ്ങി. അവൾ ക്ലാസ്സിലേക്ക് പ്രവേശിച്ചതും ബലൂണുകൾ പൊട്ടി. പേടിച്ചടഞ്ഞ കണ്ണു പതിയെ തുറന്നപ്പോൾ ഒരു ടെഡി ബിയർ പിടിച്ചുകൊണ്ട് അഭി ക്ലാസ്സിൽ നിൽക്കുന്നു. ഒരു വർഷം കഴിഞ്ഞ് കണ്ടതിന്റെ സന്തോഷം രണ്ടുപേരുടെയും കണ്ണുകളിൽ കാണാമായിരുന്നു. അഭി ഓടി വന്നവളെ കെട്ടിപ്പിടിച്ചു പിറന്നാൾ ആശംസകൾ പറഞ്ഞു. നിറമിഴിയോടെ അവൾ അവനെ നോക്കി. അവൻ അവളുടെ കൈപിടിച്ച് പുറത്തേക്ക് പോയി. എങ്ങോട്ടാണെന്ന് അവൾ ചോദിച്ചപ്പോൾ 'എന്റെ വീട്ടിലേക്ക്' എന്നവൻ പറഞ്ഞു. അവൾ ഞാൻ വരില്ലെന്ന് പറഞ്ഞു. എന്നാൽ അവസാനം അവൾക്ക് സമ്മതിക്കേണ്ടി വന്നു. അങ്ങനെ അഭി അവളെയും കൂട്ടി അവന്റെ വീട്ടിലേക്ക് പുറപ്പെട്ടു. വീട്ടിലെത്തിയ അവർ കുറെയാളുകളെ വീടിന്റെ മുൻപിൽ കണ്ടു. അവൾ ആ കൂട്ടത്തിൽ അവളുടെ അച്ഛനെയും അമ്മയെയും കണ്ടു. അവൾ അഭിയെ തുറിച്ച് നോക്കി. അഭി ഒരു ചെറുപുഞ്ചിരിയോടെ അവളോട് ചോദിച്ചു 'എന്താ ഇങ്ങനെ നോക്കുന്നേ?'

അവൾ എന്താ ഇതൊക്കെ എന്ന മട്ടിൽ നിന്നു. അഭി അവളുടെ ചെവിയിൽ പറഞ്ഞു ഇതെന്റെ ബർത്ത്ഡേ ഗിഫ്റ്റാണ്. ഞാൻ രണ്ട് ദിവസമായി നാട്ടിലുണ്ട്. നിന്റെ വീട്ടിൽ ഞാൻ പോയിരുന്നു. അവരോട് സംസാരിച്ചു. ആദ്യം വലിയ താല്പര്യം കാണിച്ചില്ലെങ്കിലും പിന്നെ എന്റെ അച്ഛനുമമ്മയും പോയി സംസാരിച്ചു ശരിയാക്കി. ഇന്ന് നമ്മുടെ നിശ്ചയമാണ്. ഇതു പറഞ്ഞ് അവൻ അവളുടെ കൈപിടിച്ച് വീട്ടിലേക്ക് കയറി. ●



# ശൂന്യത



**വൈശാഖ് സി.കെ.**
മൂന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്

ശൂന്യതയുടെ ആഴങ്ങളിലെവിടെയോ
ആയിരിക്കാം ഞാൻ.
ആഞ്ഞൊരു പ്രഹരത്തിന്റെ കമ്പനം
തലക്കുള്ളിൽ മുഴങ്ങുന്നു.
കാഴ്ച മറക്കുംവിധം കൺപോളകൾക്ക്
കടുത്ത ഭാരമുണ്ട്.
എവിടെയാണ്? ദിവസമേതാണ്?
വെളിച്ചത്തിന്റെ നാടകത്തിന്
നിമിഷങ്ങൾക്ക് മുമ്പ് തിരശീല വീണ പ്ര
തീതിയാണുള്ളത്.
അനന്തമായ ശൂന്യതയാണ്.
വാർന്ന് പോകുന്ന ചോരയല്ലാതെ മറ്റൊരു
ചലനം കണ്ടെത്താൻ പോലുമാകുന്നില്ല.
ഓർമകൾക്ക് ക്ഷതമേറ്റിരിക്കുന്നു.
താൻ ആരാണെന്നു പോലും വ്യക്തമായി
ഓർത്തെടുക്കാനാവുന്നില്ല.
ഇടവേളകളെന്നോണം ഇടക്കിക്കിടെ
മിന്നിമറയുന്ന മുഖങ്ങൾ....
ആരാണവരൊക്കെ....?

# കാത്തിരിപ്പ്

**അഞ്ജുൻ പി.**
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

വിരിഞ്ഞുനിന്ന  നീലവാനം കാർമേഘത്താൽ മൂടിപോയി
ഇരുട്ടിലകപ്പെട്ട ചിലർ
സ്വയബോധമില്ലാതെ ഇല്ലാതാവുന്നു.
ആധിപത്യം സ്ഥാപിച്ച ഇരുട്ടിന്റെ
മേലാളർ ഭൂമിയിൽ വിഷം നിറയ്ക്കുന്നു
പ്രണയങ്ങൾ വിരഹങ്ങളാവുന്നു
സൗഹൃദങ്ങൾ ദുഷിച്ചതാവുന്നു.
നന്മ പെയ്യുന്ന
മഴയ്ക്കായി  കാത്തിരിക്കുകയാണ്
ആ നീലാകാശം നോക്കി
ഒന്ന് പുഞ്ചിരിക്കാൻ

# ശ്വാസം

എന്റെ തൂലികയിൽ നിന്നടർന്നു വീണ ഓരോ പദങ്ങളും നിന്നെക്കുറിച്ചായിരുന്നു...
ഞാനെഴുതിയ ഓരോ കവിതയും നിന്നോടുള്ള പ്രണയമായിരുന്നു...
നീ എന്ന വാക്കിൽ അധിഷ്ഠിതമായിരുന്നു എന്റെ രാവുകളും പകലുകളും ...
നിന്നത്ര താപത്തിൽ ഒരു സൂര്യനും എന്നിൽ കത്തിജ്വലിച്ചിട്ടില്ല...
നിന്നത്ര ആഴത്തിൽ ഒരു വൃക്ഷവും എന്നിൽ വേരാഴ്ന്നിറങ്ങിയതുമില്ല....
എപ്പോൾ ഉരുത്തിരിഞ്ഞെന്നോ, എപ്പോൾ നിലയ്ക്കുമെന്നോ അറിയില്ല....
എങ്കിലും.....
നമ്മോളം മധുരമായ് പ്രണയിച്ചവർ മറ്റാരുണ്ട്.???



**സ്നേഹ ടി.വി.**
രണ്ടാം വർഷ
ബി.ബി.എ.



കേരള രാഷ്ട്രീയത്തിൽ
ഊർജ്ജസ്വലതയോടെ
ഇറങ്ങിനടന്ന്,
ജനമനസ്സുകൾ കീഴടക്കി
പാട്ടുപാടി
പൊരുതി ജയിച്ചൊരു

# പെൺകരുത്ത്
# രമ്യ ഹരിദാസ്

***ഒരിക്കലും***
***മായ്ച്ചുകളയാൻ പറ്റാത്ത***
***വിജയത്തിനുടമ...***





**ചോദ്യം:** കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്ന പദവിയിൽ നിന്നും മെമ്പർ ഓഫ് പാർലമെന്റ് എന്ന പദവിയിലേക്ക് കാലെടുത്തു വെക്കുമ്പോൾ ഒരു രാഷ്ട്രീയ പ്രവർത്തക എന്ന നിലയിൽ താങ്കൾ എങ്ങനെയാണ് അതിനെ നോക്കി കാണുന്നത്?

**ഉത്തരം:** സർക്കാരിന്റെ 5 തട്ടുകളാണ് ഉള്ളത്. അതിൽ ബ്ലോക്ക് പഞ്ചായത്ത് എന്ന് പറയുന്നത് സർക്കാരിന്റെ ചുമതലകൾ നിർവഹിക്കാൻ ബാധ്യതയുള്ള ഒരു തട്ടാണ്. അവിടെ ജനങ്ങൾക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ഓരോ പദ്ധതിയുടെയും നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഇന്ത്യയുടെ പാർലമെന്റാണ്. ആ ഇന്ത്യയുടെ പാർലമെന്റിന്റെ ഭാഗമാവുക എന്നത് ഒരു പാർട്ടിക്ക് ഒരു പ്രവർത്തകന് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ അംഗീകാരമാണ്. ഒരുപാട് കാര്യങ്ങൾ, അതായത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച അറിവുകൾ, അവിടെ നിന്നും ആർജിച്ചെടുത്ത കരുത്ത് അവയൊക്കെ തന്നെ വേണ്ട രീതിയിൽ പാർലമെന്റിനകത്ത് ഉപയോഗപ്പെടുത്താൻ കഴിയുക, അതുപോലെ തന്നെ നമ്മുടെ ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും ഒക്കെ ഇരുന്ന ആ പാർലമെന്റിന്റെ ഭാഗമാവുക എന്നത് ഇന്ത്യയിലെ എല്ലാവർക്കും കിട്ടുന്ന ഒരു ഭാഗ്യമല്ല, അവിടെ പാർട്ടിയുടെയും ജനങ്ങളുടെയും വലിയൊരു അംഗീകാരവും.

**ചോദ്യം:** ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന ഒരു വ്യക്തി, പ്രത്യേകിച്ച് ഒരു സ്ത്രീ രാഷ്ട്രീയപ്രവർത്തനത്തിലേക്ക് ചുവട് വെക്കുമ്പോൾ അതിനെതിരെ എതിർപ്പുകൾ ഉയർന്ന് വരുന്നത് സാധാരണമാണ്. അങ്ങനെ എന്തെങ്കിലും?

**ഉത്തരം:** ഇന്ത്യ എന്നത് ഒരു ജനാധിപത്യ രാജ്യമാണ്. അവിടെ ആൺകുട്ടിയെന്നോ പെൺ കുട്ടിയെന്നോ ഒരു വ്യത്യാസമില്ല, സ്ത്രീ എന്നോ പുരുഷനെന്നോ വ്യത്യാസമില്ല. ജനാധിപത്യ സംരക്ഷണത്തിൽ ഭാഗമാവുക എന്നുള്ളത്



നമ്മുടെ ഓരോരുത്തരുടെയും കടമയാണ്, കർത്തവ്യമാണ്. അതിനകത്ത് ഭാഗമാവുമ്പോൾ ചിലപ്പോൾ ചില പ്രതിസന്ധികളും എതിർപ്പുകളും ഉയർന്നെന്നു വരാം. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുന്നവർക്ക്, എതിർപ്പ് എവിടെയാണോ അതിനെ മറികടക്കുന്നവർക്ക് മാത്രമേ ജീവിതത്തിൽ വിജയം നേടാൻ സാധിക്കുകയുള്ളു. അത് ഏത് കാര്യത്തിലായാലും അങ്ങനെ തന്നെയാണ്. ഇത്തരം എതിർപ്പുകളെ മറികടന്ന് മുന്നോട്ട് പോകാൻ എന്താണോ നമ്മളുടെ കയ്യിൽ ഉള്ളത്, ജീവിതത്തിന്റെ അനുഭവങ്ങളാണെങ്കിൽ അത്, അല്ലെങ്കിൽ അനുഭവങ്ങളിൽ നിന്നും ആർജിച്ചെടുത്ത കരുത്ത് ഇവയെല്ലാം തന്നെ പ്രചോദനമാകും.



**ചോദ്യം:** ആലത്തൂരിലെ ജനങ്ങൾ വിശ്വാസമർപ്പിച്ച് നെഞ്ചിലേറ്റിയ വനിതയാണ് താങ്കൾ. അതുകൊണ്ട് തന്നെ താങ്കളുടെ പ്രവർത്തനങ്ങൾ ഏത് രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്?

**ഉത്തരം:** ആലത്തൂരിലെ ജനങ്ങൾ ആഗ്രഹിച്ച പോലെ മതേതരത്വത്തിന് വേണ്ടി, വിശ്വാസ സംരക്ഷണത്തിന് വേണ്ടി, ഇന്ത്യയുടെ ഭരണഘടന സംരക്ഷിക്കുന്നതിന് വേണ്ടി വലിയ രീതിയിൽ നൽകുന്ന പിന്തുണയുണ്ട്. അതിനകത്ത് മുന്നോട്ട് പോകുമ്പോൾ ആലത്തൂരുകാരുടെ ഒരുപാട് ആവശ്യങ്ങളുണ്ട്. അവരുടെ ആവശ്യങ്ങൾ അറിഞ്ഞ്, അവരുടെ പ്രയാസങ്ങൾ മനസിലാക്കി അവർക്ക് വേണ്ടി നിലകൊള്ളാനാണ് എന്നെ തിരഞ്ഞെടുത്തത്. അവർ വിളിക്കുമ്പോൾ വിളിപ്പുറത്തുണ്ടാവുക എന്നത് തന്നെയാണ് ഏറ്റവും വലിയ കാര്യം.



**ചോദ്യം:** ഇലക്ഷൻ കാലഘട്ടത്തിൽ എങ്ങനെയാണ് ആലത്തൂരിൽ നിന്നും ജനങ്ങൾ താങ്കളോട് പ്രതികരിച്ചത്, അല്ലെങ്കിൽ പെട്ടെന്നൊരുദിവസം ഒരു വ്യക്തി അവരുടെ മുന്നിലേക്ക് കടന്നു ചെന്നപ്പോൾ അവരുടെ പ്രതികരണം?

**ഉത്തരം:** പെട്ടെന്നൊരിക്കൽ അല്ല. സ്വാഭാവികമായും അവർക്ക് എന്നെ നേരത്തെ അറിയില്ല. അപ്പോൾ ഞാൻ ആരാണ് എന്താണ് എന്ന് അവർ അന്വേഷിക്കും. ഞങ്ങൾ അവരോട് സംസാരിച്ചു തുടങ്ങി. എല്ലാവർക്കും നല്ല സ്നേഹമായിരുന്നു. അവർ ഞങ്ങളെ അറിഞ്ഞു തുടങ്ങി. ഞങ്ങൾ പറഞ്ഞ സത്യങ്ങൾ മനസിലാക്കിയതുകൊണ്ടാണ് അവർ ഞങ്ങളോടൊപ്പം നിന്നത്. ഞങ്ങൾ അവരോട് ചേർന്നു നിന്നപ്പോൾ അവർ ഞങ്ങളോടും ചേർന്നു നിന്നു .

**ചോദ്യം:** ഇന്ന് കേരളമൊട്ടാകെ ചർച്ചചെയ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് വാളയാറിൽ നടന്ന രണ്ട് പിഞ്ചു കുഞ്ഞുങ്ങളുടെ കൊലപാതകങ്ങൾ. അധികാരികൾ കണ്ണടയ്ക്കുമ്പോൾ, വിലങ്ങുവീഴേണ്ട കൈകൾ സ്വതന്ത്രമായി പറക്കുമ്പോൾ താങ്കൾക്ക് എന്താണ് പറയാനുള്ളത്?



**ഉത്തരം:** സ്ത്രീ സുരക്ഷ, അതുപോലെ കുഞ്ഞുങ്ങളുടെ അവകാശങ്ങൾ ഒക്കെ പറഞ്ഞിട്ടാണ് കേരളത്തിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നത്. അപ്പോൾ പറഞ്ഞ വാക്കുകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. അതിനപ്പുറത്തേക്ക് പോകുമ്പോൾ ആ പറഞ്ഞതെന്താണോ, ആരുടെ നീതിക്കൊപ്പമാണോ നിൽക്കേണ്ടത് അതിന് വിരുദ്ധമായ നിലപാടുകളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. കാരണം പീഡനത്തിനിരയായിരിക്കുന്ന രണ്ട് പിഞ്ചു കുട്ടികൾ, 9 ഉം 11ഉം വയസ്സുള്ള രണ്ട് പിഞ്ചോമനകൾ, എന്നെപ്പോലെ, നിങ്ങളെപ്പോലെ ഈ ലോകത്ത് സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അവകാശമുള്ള രണ്ട് കുട്ടികളുടെ ജീവൻ ആരോ അപായപ്പെടുത്തി. അതിന് നേതൃത്വം കൊടുത്തവരെ കണ്ടു പിടിക്കാതെ അതിന്റെ തെളിവുകൾ ശേഖരിക്കാതെ അവയെല്ലാം മറച്ചുവെച്ച് ഇരകൾക്കൊപ്പം നിൽക്കേണ്ട ആളുകൾ വേട്ടക്കാരനോടൊപ്പം നിൽക്കുകയും ആ വേട്ടക്കാരന്റെ സ്വാതന്ത്ര്യം ഊർന്നു പോകാതെ അരക്കെട്ടുറപ്പിക്കുന്ന രീതിയിലേക്ക് പോയി ക്കൊണ്ടിരിക്കുകയാണ് വാളയാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ശക്തമായ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും തീർത്താൽ മാത്രമേ കേരളത്തിൽ ഇനി മുന്നോട്ടുള്ള പിഞ്ചു കുട്ടികൾക്ക് നാളെ ഇവിടെ ജീവിക്കാൻ സാധിക്കുകയുള്ളു. കാരണം കേരളത്തിൽ ഇനിയും കുട്ടികൾ വളർന്നു വരാനുണ്ട്. സമൂഹത്തിൽ ഇനിയും ഈ പ്രതികൾ പിടിക്കപ്പെട്ടിട്ടില്ല എങ്കിൽ നാളെ ഇവർ മാന്യന്മാരുടെ മുഖംമൂടി അണിഞ്ഞ് ഇവിടെ ഉണ്ടാകും. ഒരു കേസിൽ പ്രതി ചേർക്കപ്പെട്ടിട്ടില്ല എങ്കിൽ വീണ്ടും ആ രീതിയിലേക്കുള്ള കേസുകളിൽ അവർ വരും. അതിനുമപ്പുറം ഒരുപാട് കുട്ടികളുടെ ജീവനൊടുക്കാൻ അവർ തയ്യാറാവും. അത് നമുക്ക് ഈ വിഷയത്തോട് കൂടി അവസാനിപ്പിക്കണം. അതുകൊണ്ട് തന്നെയാണ് ഞങ്ങൾ ഈ വിഷയത്തെ ഗൗരവമായി കാണുന്നതും സി ബി ഐ അന്വേഷണം വേണമെന്നാവശ്യപ്പെടുന്നതും.





## അമ്മമാരെന്നും

സ്നേഹമാണ്
ത്യാഗമാണ്
വഴികാട്ടിയാണ്
തണലാണ്
ദൈവമാണ്



# ജ്വലിക്കുന്ന യുവതലമുറ



**നിവേദ് ഇ.**
രണ്ടാം വർഷ മാത്സ്

**ഒന്നാം** ലോകമഹായുദ്ധകാലത്ത് ഒരു 'സെക്കൻഡ് വൺ ഓഫ് ഡിഫൻസ്' എന്ന ലക്ഷ്യത്തോടെ ബ്രിട്ടൻ സ്ഥാപിച്ചതാണ് 'യൂണിവേഴ്സിറ്റി കോർപ്പസ്' എന്ന യുവജന സംഘടന. അതിന്റെ ചുവടു പിടിച്ചിട്ടാണ് ഭാരതത്തിൽ എൻ.സി.സി സ്ഥാപിതമാകുന്നത്. രാജ്യത്തിന്റെ സമഗ്രവും സുസ്ഥിരവുമായ ഭാവി യുവത്വത്തിന്റെ കൈകളിലാണെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ലോകത്തിലെ തന്നെ ഏറ്റവും വലിയ യുവജന സംഘടനയായ എൻ.സി.സി രൂപീകരിച്ചിട്ടുള്ളത്.

ഒരു കൂട്ടം വിദ്യാർത്ഥികളെ സമൂഹത്തിലെ മറ്റു കുട്ടികളിൽ നിന്നും വിഭിന്നമായി അവരെ കായികപരമായും മാനസികപരമായും ഉയർത്തി കൊണ്ടുവരിക എന്ന


സഹായമെത്തുന്നു

▶ഇരിട്ടി എം.ജി. കോളേജ് 31-ാം കേരള ബറ്റാലിയൻ എൻ.സി.സി. കേഡറ്റ് ദുരിതാശ്വാസ ക്യാമ്പുകളിൽ 25,000 രൂപയോളം വിലമതിക്കുന്ന സാധന സാമഗ്രികൾ കൈമാറി.

മലിനീകരണ നിയന്ത്രണ ബോധവത്കരണം തുടങ്ങി

എം.ജി. കോളേജിൽ കാമ്പസ് ഹരിതവത്കരണം

ഇരിട്ടി എം.ജി. കോളേജ് എൻ.സി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ വെള്ളം കയറിയ വീടുകൾ വൃത്തിയാക്കുന്നു

ലക്ഷ്യമാണ് എൻ.സി.സി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരേഡും ക്യാമ്പുകളും കഠിനമാണെങ്കിലും ചിട്ടയായ പരിശീലനത്തിലൂടെ ഉത്തമനായ ദേശീയ ബോധമുൾക്കൊള്ളുന്ന വ്യക്തിയാക്കുക, അതുപോലെ തന്നെ ഏതുകാര്യവും ഏറ്റെടുത്ത് നടത്താനാവുന്നതരത്തിൽ നേതൃത്വഗുണമുള്ള വ്യക്തിയാക്കുക എന്നീ തരത്തിലുള്ള വേദിയൊരുക്കുന്നതിനും എൻസിസി വളരെ സഹായകരമാണ്.

യുവത്വം എന്നത് നിരവധി അവസരങ്ങളുടെ കാലഘട്ടം കൂടിയാണ്. 'നൗ ഓർ നോട്ട്!' സമയമോ കാലചക്രമോ അവസരങ്ങളോ നമുക്ക് വേണ്ടി കാത്തുനിൽക്കാറില്ല. ജീവിതത്തിലെ പ്രധാനകാര്യങ്ങളെല്ലാം സംഭവിക്കുന്നത് യുവത്വത്തിലാണ്. ഈ യുവത്വത്തെ ശരിയായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് രാജ്യത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വളർച്ചയിൽ പങ്കാളികളാകുവാനുള്ള അവസരം എൻ.സി.സി നൽകുന്നു. മാത്രമല്ല ഐ.എം.എ, ഓ.ടി.എ. തുടങ്ങിയ സൈനിക അക്കാദമികളിലേക്കുള്ള പ്രവേശന കവാടമായും എൻ.സി.സി നിലകൊള്ളുന്നു. മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാമിന്റെ വാക്കുകൾ എന്നെന്നും നമ്മുക്ക് പുത്തൻ ഉണർവാണ് നൽകുന്നത് .

"The igniting mind of youth is the most powerful thing in the world". പുതുതലമുറയുടെ ജ്വലിക്കുന്ന മനസ്സ് രാജ്യത്തിന്റെ ഭാവി വളർച്ചയ്ക്ക് എന്നെന്നും സഹായകരമാവും. രാജ്യസുരക്ഷയ്ക്ക് പ്രാധാന്യം ഏറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അതിന് പ്രാപ്തമായ യുവജനതയുടെ ആവശ്യം അത്യാവശ്യമായ ഈ കാലഘട്ടത്തിൽ എൻ.സി.സി എന്ന യുവജന സംഘടനയുടെ പ്രാധാന്യം ഏറിവരുന്നു. ഒരു ജോലി ലഭിക്കാനുള്ള വിദ്യാഭ്യാസമാണ് ക്ലാസ്റൂമിൽ നിന്ന് ലഭിക്കുന്നതെങ്കിൽ ഒരു വിദ്യാർത്ഥിയെ സാമൂഹികവും മാനസികവുമായി വളർത്തിയെടുക്കുവാനുള്ള വിദ്യാഭ്യാസമാണ് എൻ.സി.സി നൽകുന്നത്.

കലാലയ ജീവിതത്തിലെ ഒരു സുപ്രധാന ഏടാണ് ക്യാമ്പസ് രാഷ്ട്രീയം. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഐക്യത്തിന്റേയും അച്ചടക്കത്തിന്റേയും രാഷ്ട്രീയം പ്രചരിപ്പിക്കുന്നവരാണ് എൻ.സി.സി കേഡറ്റുകൾ. ആദ്യനാളുകളിൽ ഭയത്തോടെ കണ്ടിരുന്ന എൻ.സി.സി പിന്നീട് കലാലയ ജീവിതത്തിന്റെ ഭാഗമായി തീരുകയായിരുന്നു. ചിട്ടയായ പരിശീലനവും ക്ലാസ്സുകളും മറ്റു കോളേജ് വിദ്യാർത്ഥികളിൽ നിന്നും ഞങ്ങളെ മാറ്റിനിർത്തി. സമയത്തിന്റേയും ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും വില എൻ.സി.സി മനസ്സിലാക്കി തന്നു.

അതുപോലെ 10 ദിവസത്തോളം നീണ്ടുനിൽക്കുന്ന എൻ.സി.സി ക്യാമ്പുകൾ വീടുകളിൽ നിന്നും മാറി ജീവിക്കാനുള്ള പുതിയ ഒരു അനുഭവം നൽകുകയാണ്. പല പ്രവർത്തനങ്ങളും പല രീതിയിലും ചെയ്യാനുള്ള ഉത്തമ ജീവിതപാഠമാണ്. ജീവിതത്തിന്റെ മറ്റൊരർത്ഥം തുറന്നുകാട്ടുന്ന പുസ്തകമാണിത്. എൻ.സി.സി യിൽ നിന്നും ലഭിച്ച ഇത്തരം അറിവുകളാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം.

# Never Did I Know



**Aleena Vals Kurian**
II[nd] Year Physics

*Do you remember that day,*
*When I sat restless*
*on that third chair from the right,*
*near to the window,*
*with bleeding womanhood,*
*And you came out of the blue*
*to enquire if i was well enough,*
*since my wonted chair at the first*
*was left free for the fear of stains?*
*You began ranting*
*about the things I love-*
*Beaches and bouquets and*
*chocolates and pizzas*
*Taking away the cramps from me,*
*Along with the stereotypes*
*Of men who are raw.*

*Never did I know then that*
*You could heal a bleeding heart too!!*

# LOVE PASSED BY

You’re a romantic in my heart,
full of admire, but,
the sensation of betrayal
you possessed in your blood haunt me.
All those memories we cherished
make me smile,
Sometimes they choke me.
They taunt me for doing nothing
but laying back in bed,
Scrawling poetry, screaming, and scratching
colours in my head.
All they can see is a soul
with tangled expression and screwed up actions.
Love is  Chaos, that intrigues you
to dwell in it.
Years back, my soul danced in sparkles
with my heart
I fell, I trusted, I dreamt-
dreams that were once out of my reach.
When I looked into your eyes, mine lit up.
As the river water coruscates
in the lucent moonlight,
Our talks are treasured
Our glances are pure in love.
I kissed your scars, embraced your flaws.
When you left me, my tears bursted
as the rain stream from the cloud.
I bandaged my wounds but
my heart continues to bleed for you
in a fathomless loop of hope.
I’m envious of the moon who pulls
the tide with ease.
I thought I could bring you
to me as well,
But ignorance is a bliss,
when I see the angel outside,
but not the devil within.
I’m no more afraid of getting blisters
on my feet,
I’m solitary, free and brave enough
to choose my path
and be the master of my splendid fate.
Unrequited love is beautiful !





**Krishnapriya T.C.**
I$^{st}$ Year Physics




# അമ്മ മനസ്സിലെ രാക്ഷസിമാർ..



**മുഹമ്മദ് നവാൽ**
മൂന്നാം വർഷ ബികോം

**പാ**തിരാവിൽ തണുത്ത കാറ്റ് മുഖത്തേക്കാഞ്ഞ് വീശിയപ്പോൾ കുഞ്ഞ് കൈകൾ അവൻ അമ്മയുടെ നേരെ നീട്ടി. അവളവനെ കോരിയെടുത്ത് മാറോട് ചേർത്തു. ഏത് കൊടുങ്കാറ്റിലും ഉലയാത്ത സംരക്ഷണ ഭിത്തിയാണ് അമ്മയുടെ മാറിടമെന്ന തിരിച്ചറിവ് ബുദ്ധിയുറക്കാത്ത എല്ലാ കുഞ്ഞുങ്ങൾക്കുമെന്ന പോലെ അവനുമുണ്ടായിരുന്നതിനാൽ ആ നെഞ്ചത്തേക്ക് മുഖമമർത്തിപ്പിടിച്ച് അവൻ ചുരുണ്ടു കൂടി.

ആ ഒന്നര വയസ്സുകാരന് അപ്പോൾ പാൽ കുടിക്കാനുള്ള സമയമായിട്ടുണ്ടായിരുന്നു. അവന്റെ ചുണ്ടുകൾ അമ്മിഞ്ഞക്ക് വേണ്ടി തിരഞ്ഞു... അവളവന് പാൽ കൊടുക്കാൻ തുടങ്ങി. ചിണുങ്ങിച്ചിണുങ്ങി അവൻ കുടിച്ചു തുടങ്ങി. മതിയായപ്പോൾ മോണകാട്ടി അമ്മയെ നോക്കി കുലുങ്ങിച്ചിരിച്ചു. അമ്മ തിരിച്ച് അവനെ നോക്കിയും ചിരിച്ചു.

പക്ഷേ അവനറിഞ്ഞില്ല, ഇതൊരു കൊലച്ചിരിയാണെന്ന്. താൻ കുടിച്ചത് തന്റെ അവസാനത്തെ പാലാണെന്നും ആ

പിഞ്ചുകുഞ്ഞ് മനസ്സിലാക്കിയില്ല. മാറിടത്തിൽ നിന്നും വേർപെടുത്തിയ അവനുമായി അവൾ നേരെ പോയത് ഇരുട്ട് നിറഞ്ഞ കടപ്പുറത്തേക്കായിരുന്നു.

കടലിന്റെ ഹുങ്കാര ശബ്ദവും രാത്രിയുടെ ഇരുട്ടും തണുത്തുറഞ്ഞ കാറ്റുമൊക്കെയായപ്പോൾ അവനാകെ വേവലാതിയായി. പക്ഷേ അമ്മയുടെ കൈകളിലാണ് താനുള്ളതെന്നോർത്തപ്പോൾ ഭയം പോയി ആശ്വാസമായി. വീണ്ടും കുഞ്ഞി ക്കൈകൾ കൊണ്ട് അമ്മയെ ഇറുക്കിപ്പിടിച്ചു.

അവളവനെ വീണ്ടുമൊന്ന് കൂടി നോക്കി. അമ്മയുടെ കണ്ണിലെ തിളക്കം കണ്ട് അവൻ തെറ്റിദ്ധരിച്ചു, മാതൃത്വം നിറഞ്ഞ് തുളുമ്പുന്ന നോട്ടമായിരിക്കും. പക്ഷേ... പെട്ടന്നായിരുന്നു അവൾ അവനെ പറിച്ചെടുത്തത്. വിടാൻ തയ്യാറല്ലാതെ കുഞ്ഞിളം കൈകൾ കൊണ്ട് അവനവളെ വീണ്ടും ഇറുക്കിപ്പിടിച്ചു. എന്നാൽ റോസാപ്പൂ പോലെ മാർദ്ദവമുണ്ടായിരുന്ന അമ്മക്കൈകൾ രണ്ടും ഇരുമ്പ് കൊളുത്ത് കണക്കെ ബലിഷ്ഠമായി... അമ്മയുടെ വാശിയല്ലേ എന്നോർത്ത് അവൻ തോറ്റു കൊടുത്തു.

പിന്നീടൊന്നും കൃത്യമായി ഓർമയില്ല. പളുങ്ക് പാത്രം കണക്കെയുള്ള ആ തലയോട്ടി പോയി കടൽത്തീരത്തെ പാറക്കെട്ടിലാഞ്ഞിടിച്ചു. ഒന്നല്ല, പല തവണ... അപ്പോഴും തന്റെ കാലിൽ മുറുകെ പിടിച്ച് നിൽക്കുന്ന അവളെ അവൻ പ്രതീക്ഷയോടെ നോക്കി... രക്ഷപ്പെടുത്തുമെന്ന വിശ്വാസത്തിൽ തന്നെ.... പക്ഷേ അവളപ്പോഴേക്കും കൂടുതൽ രൗദ്രഭാവം പൂണ്ട് കഴിഞ്ഞിരുന്നു. അമ്മേ എന്ന ഒരു ഞരക്കം മുഴക്കാൻ മാത്രമേ അവന് കഴിഞ്ഞുള്ളൂ.... ഒഴുകാൻ മാത്രം രക്തമൊന്നും ആ തലയോട്ടിക്കകത്തില്ലാത്തതിനാൽ ഞരക്കം പെട്ടന്നവസാനിച്ചു ... ജീവന്റെ അവസാന തുടിപ്പിലും അവൻ ചിന്തിച്ചതിങ്ങനെ യായിരുന്നു. എന്നാലുമെൻറമ്മേ, എന്നോടെ ന്തിനിത് ചെയ്തു? എങ്ങനെ തോന്നി എന്റെ തല പൊട്ടിച്ച് ആനന്ദനൃത്തം ചവിട്ടാൻ....

നിന്റെ അമ്മയെന്നവൾ ഒരാളെ പ്രേ മിച്ച് കല്യാണം കഴിച്ചതാണ് മോനേ... രണ്ട് വർഷത്തിനുള്ളിൽ നിന്റച്ഛനെ അവൾക്ക് മതിയായി... പകരമൊരാളെ കണ്ടെത്തി.. രണ്ടാളുടെ കൂടെ പൊറുക്കൽ ഏതായാലും നടക്കില്ല. അച്ഛനെ എങ്ങനെയെങ്കിലും ഒഴിവാക്കാം. പിന്നെ നീയാണ് ബാക്കി... നിന്നെയെന്ത് ചെയ്യും എന്നോർത്തപ്പോൾ ആ രാക്ഷസി കണ്ടെത്തിയ മാർഗമാണ് മോനേ നിന്നെ കൊന്ന് കളയുക, എന്നിട്ട് അത് നിന്റെ അച്ഛന്റെ തലയിലിട്ട് ആ പാവത്തെ അകത്താക്കുക. അപ്പോൾ രണ്ടാളും ഒഴിഞ്ഞുകിട്ടും, പുതിയ കാമുകന്റെ കൂടെ അടിച്ചു പൊളിക്കുകയും ചെയ്യാം.

പക്ഷേ കടൽത്തിരമാലകൾക്ക് പോലും നിന്നെ ഏറ്റെടുക്കാൻ മടിയായിരുന്നു. ഒരർത്ഥത്തിൽ അതാണവളെ കുടുക്കിയതും.... ക്രൂരത നിറഞ്ഞ അമ്മപ്പിശാചിൽ നിന്നും രക്ഷപ്പെട്ട നീ സ്വസ്ഥമായി ഉറങ്ങുക. നിന്നെയിനി ആരും ഉപദ്രവിക്കില്ല.....

ഒരു കഥ വായിച്ചതോർക്കുന്നു. അമ്മയെ കൊന്ന് ഹൃദയം എത്തിച്ച് കൊടുത്താൽ ഒരുപാട് സമ്പത്ത് നൽകാമെന്ന് പറഞ്ഞയാളെ വിശ്വസിച്ച് രാത്രിയുടെ കൂരിരുട്ടിൽ അമ്മയുടെ നെഞ്ചിലേക്ക് കഠാര കുത്തിയിറക്കിയ മകൻ. ചുക്കിച്ചുളിഞ്ഞ ആ നെഞ്ചിൻ കൂടിൽ നിന്നും അമ്മയുടെ ഹൃദയം പറിച്ചെടുത്ത് അവനോടി, തനിക്ക് പണം നൽകാമെന്ന് പറഞ്ഞയാളുടെ അടുത്തേക്ക്.

വെപ്രാളത്തിൽ കാലുടക്കി അവൻ വീണു ചെറുതായി രക്തം വന്നു. അപ്പോൾ അവന്റെ ഉള്ളം കയ്യിലിരിക്കുന്ന അമ്മ ഹൃദയം ചോദിച്ചത്രേ! 'മോന് വല്ലതും പറ്റിയോ?'!!!

ഇതാണ് അമ്മയെ കുറിച്ച് ഞങ്ങളറിഞ്ഞ തും അനുഭവിച്ചതും. സ്നേഹവും ആർദ്രതയു മാണമ്മ, സഹനവും ക്ഷമയുമാണവൾ.... എന്നാൽ കാമം കയറി മാതൃത്വത്തിന് വിലയിടുന്ന ഇത്തരം രാക്ഷസികൾ അപ മാനിക്കുന്നത് എല്ലാ അമ്മമാരെയുമാണ്.

മകനേ മാപ്പ്, നല്ല അമ്മമാർ ഇനിയുമിവിടെ ബാക്കിയുണ്ട്. ●

# മണ്ണിൽ നിന്ന് വിണ്ണിലേക്ക്

ഞാൻ കണ്ട ഏറ്റവും വലിയ പ്രതിഭാസം
'പെയ്തൊഴിയുന്ന ഓരോ മഴത്തുള്ളിക്കും ഒരു പ്രതീക്ഷയുണ്ട് '.
തന്റെ വരവും കാത്തിരിക്കുന്ന മണ്ണിനെ
കെട്ടിപ്പുണരണമെന്ന് അതിയായ ആഗ്രഹത്തോടെ....
ഇതൊരു പ്രണയമാണ്,
തന്റെ വരവും കാത്തിരിക്കുന്നവളെ ഒരുനോക്ക് കാണാൻ
ദൂരം താണ്ടി മരച്ചില്ലകൾക്കിടയിലൂടെ
പെയ്തിറങ്ങുന്ന ഒരാത്മാർത്ഥ പ്രണയം.
ഭൂമിയിൽ പതിക്കുന്നനേരത്ത്
ഇരുണ്ട മേഘങ്ങൾ ഇല്ലാതാകുന്നു.
മണ്ണിന്റെ മണമുള്ള യഥാർത്ഥ പ്രണയം
നിങ്ങൾക്ക് ഞാനൊരു സുഗന്ധാനുഭൂതി, പകരാം
ഇതാണ് പ്രണയം.
മണ്ണും വിണ്ണും തമ്മിലുള്ള യഥാർത്ഥ പ്രണയം.



**മഞ്ജുശ്രീ ആർ.കെ.**
രണ്ടാം വർഷ ബി.ബി.എ.


അലയ്കൾ
അലയ്കൾ
യൂണിയൻ ഇനാഗുറേഷൻ


VICTORY DAY
KSU
ROYAL MOBIL
FANCY

# ധനക്

## ആർട്സ് ഫെസ്റ്റിവൽ 2019 – 20



# Sports Day

















**നഫ്‌ല കെ.പി.**
രണ്ടാം വർഷ ബി.ബി.എ.

# ഓർമ്മകളിലൂടെ

ഒരു ചെറുപൂവിന്നിതൾ കൊഴിയുംപോലെൻ....
സ്വപ്നമാം ശിഖരത്തിൽ നിന്നടർന്നുപോയി നീ....
നിലയ്ക്കാത്തോരന്തരാളത്തിലേക്കിന്ന്.....
എങ്കിലും... ഓരോ രാവുമായുമ്പോഴും..
എൻ കനവിൽ കണ്ടൊരാ നിൻ മുഖം ഞാനോർത്തെടുത്തു....
നീയില്ലാതെൻ ദിനം അത്രമേൽ വിരസമാണെന്നാലും ഞാനെന്നുമാ
ഓർമകളിൽ തത്തികളിച്ചു...
പ്രണയമായിരുന്നിട്ടും... നിൻ മൗനമല്ലോ എന്നുമെൻ ഹൃദയവേദന....
എൻ ഓർമ്മകൾ നിൻ ഹൃദയത്തിൻ പടിവാതിലിൽ വന്നുമുട്ടിയ നേരം...
ആ  മൗനമാം താഴിട്ടു നീയത് ഭദ്രമാക്കി.. ആ നിമിഷം നീയെനിക്കന്യനായ്....
നാളെയുടെ പ്രതീക്ഷയായ്...........





# മന്ദഹാസം

*മടുപ്പ്..*
*മരണത്തേക്കാൾ ഭയാനകം,*
*ചിതലരിച്ചു പോയൊരെൻ മന്ദഹാസം.*
*പേടി സ്വപ്നമായ്.... നീയും..*
*മനുഷ്യാ....*
*കാലം മായ്ക്കാത്ത നിൻ മന്ദഹാസം*
*ഇരുളതില്ല, പകലതില്ല.....*
*പിന്തുടരുമാ മന്ദഹാസം.....*
*അറപ്പ് തോന്നുമാ മുഖമൊന്ന് കാൺകെ*
*അറച്ചു നിൽപ്പൂ.....ഞാൻ പിന്നെയും*
*നിശബ്ദം....*
*പരിപൂർണനെന്നു സ്വയം നടിക്കുന്നുവോ,*
*പകയിതിൽ കനലെരിയാനും തുടങ്ങിയോ.....*
*മൃഗീയമാം നിന്റെയാ നോട്ടം*
*ചൂഴ്ന്നു പോകുന്നൊരാ മന്ദഹാസം...*
*മനം മടുത്തിരിക്കും കാലമല്ലിന്നെടോ*
*ഇനിയില്ല നിന്റെയാ മന്ദഹാസം....*
*ഉറക്കെ കരയാൻ നീ ഒരുക്കമല്ലേ?*
*കയർത്തുമ്പിലാടണം നീയും*
*നിന്റെ വെറിപൂണ്ട മനസ്സും*
*നിശ്ചയം..*
*ഒടുവിൽ ഞാൻ കാണും കിനാവതിൽ നീയില്ല, നിന്റെയാ നോട്ടവും...*
*ആർത്തു ചിരിക്കുമെൻ മുഖം മാത്രം....*
*ഉള്ളിലെരിഞ്ഞൊരാ കനലണഞ്ഞൊരാനന്ദവും*
*പിറവി കൊള്ളുന്നൊരാ മന്ദഹാസം*
*പിന്നെയും.... മന്ദഹാസം...*



**നിമിഷ സി.കെ**
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്






# പൗരത്വനിയമം: ആളിക്കത്തിയ വിദ്യാർത്ഥി പ്രതിഷേധം




**പ്രണവ് സി.കെ.**
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്


**2019** ലോക്സഭ തിരഞ്ഞെടുപ്പിലെ വലിയ വിജയത്തിനു ശേഷം ഭരണകക്ഷി രാജ്യത്തിന് മുന്നിൽ വച്ച നിർണ്ണായക നിയമമായിരുന്നു പൗരത്വ ഭേദഗതി നിയമം. 1955ലെ പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തുന്നതാണ് പുതിയ ബിൽ. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്ന് 2014 ഡിസംബർ 31നു മുൻപ് ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, പാഴ്സി, ജൈന, ബുദ്ധ, ക്രൈസ്തവ മതവിഭാഗങ്ങളിൽപെട്ടവർക്ക് പൗരത്വാവകാശം നല്കുന്നതാണ് നിർദ്ദിഷ്ട നിയമം. മുൻപ്, കുറഞ്ഞതു 11 വർഷം രാജ്യത്ത് സ്ഥിരതാമസമായവർക്കു മാത്രമാണ് പൗരത്വം നൽകിയിരുന്നത്. എന്നാൽ നിലവിലെ ഭേദഗതി പ്രകാരം ഇത് ആറു വർഷമായി ചുരുക്കും. എന്നാൽ പൗരത്വം നൽകുന്നത് മതത്തിന്റെ അടിസ്ഥാനത്തിൽ ആണെന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഒരു മതവിഭാഗത്തെ മാത്രം ഒഴിവാക്കുന്നത്




ഒരിക്കലും ന്യായീകരിക്കാൻ സാധിക്കുന്നതല്ല.

ഇതേ തുടർന്ന് രാജ്യത്തിന്റെ മുക്കിലും മൂലയിലും പ്രതിഷേധങ്ങൾ ആളിപ്പടർന്നു. അസമിലും മിസോറാമിലും ത്രിപുരയിലും ഉണ്ടായ പ്രതിഷേധ സ്വരമായിരുന്നില്ല ഡൽഹിലും കർണ്ണാടകയിലും ചെന്നൈയിലും കേരളത്തിലും പ്രകടമായത്. ഒട്ടുമിക്ക മതേതര പാർട്ടികളും ബില്ലിനെ നഖശിഖാന്തം എതിർത്തു. എന്നാൽ പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ബിൽ നിയമമായി. പക്ഷെ രാജ്യത്തെ തെരുവുകൾ പ്രക്ഷോഭ പരമ്പരകൾക്ക് സാക്ഷിയായി. ട്രെയിൻ തടയലും മഹാറാലികളും നാടു കണ്ടു. പശ്ചിമ ബംഗാളിലെ മഹാറാലി ജനതയ്ക്ക് പുതിയ സന്ദേശം സമ്മാനിച്ചു. ബില്ലിനെ ആദ്യം മുതൽ എതിർത്ത് ക്യാപ്റ്റൻ അമരീന്ദർ സിംഗിന്റെ പഞ്ചാബ് സർക്കാർ രാജ്യത്തിന് മാതൃകയായി. കേരളത്തിൽ ഭരണ പ്രതിപക്ഷ കക്ഷികൾ ഒത്തൊരുമയോടെ ബില്ലിനെ എതിർത്ത് നിയമസഭയിൽ പ്രമേയം പാസ്സാക്കി. കേരളത്തിൽ യുവജന സംഘടനകൾ സമര പരമ്പര തന്നെ സൃഷ്ടിച്ചു. രാത്രി 2 നും വൻ ജനപങ്കാളിത്തത്തോടെ സമരങ്ങൾ നടന്നു. രാജ്യസഭയിലെ കപിൽ സിബലിന്റെ പ്രസംഗം സമൂഹത്തിന് ആത്മവിശ്വാസം പകരുന്ന തരത്തിലായിരുന്നു. പൗരത്വം ജന്മാവകാശമാണെന്ന ഭരണഘടനയുടെ അടിസ്ഥാനതത്വത്തെ കാറ്റിൽപ്പറത്തുകയാണ് ഭരണകൂടമെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടു.

പൗരത്വം നിർണ്ണയിക്കുന്ന പട്ടികയിലേക്ക് മതം കടന്നു വരുമ്പോൾ അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. ആ എതിർപ്പാണ് ഭാരതത്തിലെ ലക്ഷോപലക്ഷം ക്യാമ്പസുകളിലും കണ്ടത്. ഒരു പക്ഷെ പ്രതിഷേധങ്ങളുടെ ജീവനാഡി ക്യാമ്പസുകളായിരുന്നു. ജാമിയ മില്ലിയയിൽ ആരംഭിച്ച ആ പോരാട്ടം രാജ്യമൊട്ടാകെ പരന്നു. ജാമിയമില്ലിയയിലെ കരുത്തുറ്റ സമരനായിക ആയിഷ റന്നയുടെ കൈ വിരൽ ചൂണ്ടിയത് അവരെ കൈയ്യേറ്റം ചെയ്യാൻ വന്നവർക്കു നേരെയായിരുന്നില്ല, പകരം അധർമ്മത്തിനും അനീതിക്കുമെതിരെയായിരുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന്മേൽ പ



ടുത്തുയർത്തിയ, മതേതരത്വം ജീവശ്വാസമായ ഇന്ത്യാ മഹാരാജ്യത്തിൽ ഒരു മതവിഭാഗത്തിന് മാത്രം പൗരത്വം നിഷേധിക്കപ്പെടുന്ന ഈ ബില്ലിനെതിരെ രാജ്യമൊട്ടാകെ പ്രതിഷേധത്തിന് നേതൃത്വം നൽകിയത് മതം ചോദിക്കാത്ത ഒരു ഇന്ത്യയെ കെട്ടിപ്പടുക്കണമെന്ന പ്രത്യാശയുള്ള വിദ്യാർത്ഥികളായിരുന്നു. എന്തുകൊണ്ട് ബിൽ എതിർക്കപ്പെടണം എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ. എല്ലാവർക്കും തുല്യത ഉറപ്പാക്കുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 14ന്റെ ലംഘനമായിരുന്നു അത്. അസമിലെ ജനങ്ങളുടെ പൗരത്വം സ്ഥിതീകരിക്കുന്നതു സംബന്ധിച്ച ദേശീയ പൗരത്വ റജിസ്റ്ററിന്റെ അന്തിമ കരട് കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ചപ്പോൾ 40.7 ലക്ഷം പേർ പുറത്തായത് സങ്കീർണപാതകളിലേക്കു വഴിതുറക്കുകയുണ്ടായി. അസമിലെ പൗരത്വവിഷയം ദേശീയതലത്തിൽ രാഷ്ട്രീയമാനം കൈവരിച്ചുവെന്നു മാത്രമല്ല, രാജ്യത്തിനുമുന്നിലുള്ള മാനുഷികപ്രശ്നമായും അതു മാറി. ജാമിയ മില്ലിയയിലെ വിദ്യാർത്ഥി പ്രതിഷേധങ്ങളിൽ അധികാരികൾ ഭയന്നിട്ടാകണം മുഖം മൂടികൾ കോളേജിലും ഹോസ്റ്റലിലും കയറി അക്രമം അഴിച്ചു വിട്ടു. ലാത്തികൾ കൊണ്ട് വിദ്യാർത്ഥികളുടെ തല തല്ലിപ്പൊളിച്ചു. രാജ്യം ഒറ്റക്കെട്ടായി സമരം നയിക്കുമ്പോൾ ചിലർ വർഗീയത പറഞ്ഞ് കലാപത്തിന് ശ്രമിച്ചു. ക്യാമറ കണ്ണുകൾക്ക് മുന്നിൽ കലാപത്തിന് ചില മുൻനിര നേതാക്കൾ ആഹ്വാനം ചെയ്തു. എന്നാൽ കലാപം ആഹ്വാനം ചെയ്തവരെ നിയമം ഇപ്പോഴും വെറുതെ വിടുന്നു. പകരം രാഷ്ട്രീയലക്ഷ്യത്തിനു വേണ്ടി കേസുകൾ സൃഷ്ടിച്ചെടുക്കുന്നു. നിരപരാധികളെ തുറങ്കിലടയ്ക്കുന്നു. ഉത്തർപ്രദേശിലെ കഫീൽ ഖാൻ ഭരണകൂട ഭീകരതയുടെ ഇരകളിൽ ഒരാൾ മാത്രം. പിന്നീട് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് ആവേശം പകർന്നത് ഡൽഹി JNU ക്യാമ്പസായിരുന്നു. ഭാരതം കെട്ടിപടുത്തുയർത്തിയ സാക്ഷാൽ നെഹ്റുവിന്റെ പേരിലുള്ള ആ കലാലയം ബില്ലിനെതിരെ ശക്തമായി പ്രതികരിച്ചു. അവർക്കെതിരെയും കൈയ്യേറ്റവുംഅതിക്രമങ്ങളുമുണ്ടായി. സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡണ്ട് ഐഷി ഘോഷിനെ മൃഗീയമായി അധികാരികൾ നേരിട്ടു. ഭരണകൂട അടിച്ചമർത്തലുകളുടെ നേർ ചിത്രം പ്രകടമായിരുന്നു. എന്നാൽ 'ലാത്തിക്കെന്ത് പ്രസിഡണ്ട്' എന്ന് പുച്ഛിച്ച് രാജ്യം ഭരിക്കുന്ന പാർട്ടിയുടെ വിദ്യാർത്ഥി സംഘടന JNU ക്യാമ്പസിലെ സമരങ്ങളെ പരിഹസിച്ചു. അതിക്രമം നേരിടേണ്ടി വന്നിട്ടും

**കലാപം ആഹ്വാനം ചെയ്തവരെ നിയമം ഇപ്പോഴും വെറുതെ വിടുന്നു. പകരം രാഷ്ട്രീയലക്ഷ്യത്തിനു വേണ്ടി കേസുകൾ സൃഷ്ടിച്ചെടുക്കുന്നു. നിരപരാധികളെ തുറങ്കിലടയ്ക്കുന്നു. ഉത്തർപ്രദേശിലെ കഫീൽ ഖാൻ ഭരണകൂട ഭീകരതയുടെ ഇരകളിൽ ഒരാൾ മാത്രം.**




കുത്തുവാക്കുകൾ കേൾക്കേണ്ടി വന്ന ഇടത് വിദ്യാർത്ഥി സംഘടന പ്രവർത്തകർ തിരുവനന്തപുരം യുണിവേഴ്സിറ്റി കോളേജിൽ തങ്ങളുടെ പ്രവർത്തകരെ സംരക്ഷിക്കുവാൻ എത്തിയ കേരള വിദ്യാർത്ഥി യൂണിയന്റെ സംസ്ഥാന പ്രസിഡന്റിനെ കല്ലെറിഞ്ഞിട്ട് 'കല്ലിനെന്ത് പ്രസിഡണ്ട്' എന്ന് ചോദിച്ചതിൽ ഉള്ള ഭരണകൂട ഭീകരത ഓർക്കുന്നതും നല്ലതാണ്. അനീതികൾ ആരു ചെയ്താലും തള്ളിപ്പറയേണ്ടത് തന്നെ ആണ്.

രാജ്യതലസ്ഥാനത്തെ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ കേരളത്തിലെ ക്യാമ്പസുകൾക്കും ശക്തി പകർന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കോളേജുകളിൽ വിദ്യാർത്ഥികൾ ഉറക്കെ പ്രതിഷേധിച്ചു. എന്നാൽ മമ്പറത്ത് വച്ച് കുട്ടികൾക്കുനേരെ സാമൂഹ്യ വിരുദ്ധരുടെ കയ്യേറ്റമുണ്ടായി, ബില്ലിനെതിരെയുള്ള പ്രതിഷേധങ്ങളെ സംസ്ഥാന പോലീസും നേരിട്ടു. എന്നാൽ സമത്വ സുന്ദര നാളേയ്ക്ക് വേണ്ടിയുള്ള പോരാട്ടത്തിന് അവസാന മായിരുന്നില്ല. ഡൽഹിയിൽ ഷഹിൻ ബാഗ് സമരപന്തൽ ഉയർന്നു. രാജ്യതലസ്ഥാനത്ത് പ്രക്ഷോഭ പരമ്പരകൾ നടന്നു. ഒടുവിൽ 'പ്രതിഷേധക്കാരെ വസ്ത്രം നോക്കി മനസ്സിലാക്കാമെന്ന' പ്രസ്താവന പോലും ജനം തള്ളിക്കളഞ്ഞു. അതിന്റെ അലയൊലികളായിരുന്നു ജാർഖണ്ഡ് തിരഞ്ഞെടുപ്പിൽ കണ്ടത്. ഒടുവിൽ ബോളിവുഡ് താരം ദീപിക പദുക്കോണിന്റെ സമരങ്ങളോടുള്ള ഐക്യദാർഢ്യം രാജ്യത്തെ മുഴുവൻ സ്വാധീനിച്ചു. തണുത്തു വിറച്ച ഡൽഹിയിലെ ആശുപത്രിയിൽ അർധരാത്രിയിൽ ഭരണകൂട ഭീകരതയുടെ ഇരയായവരെ സന്ദർശിക്കാനെത്തിയ പ്രിയങ്ക ഗാന്ധിയെ രാജ്യം നോക്കിക്കണ്ടത് പുത്തൻ പ്രതീക്ഷയോടെയായിരുന്നു. കോവിഡിന്റെ പാരമ്യതയിൽ സമരങ്ങൾ ഇല്ലാതായെങ്കിലും ഓരോരുത്തരുടേയും ഉള്ളിൽ സമരാഗ്നി അണഞ്ഞിട്ടില്ല. എന്തൊക്കെപ്പറഞ്ഞ് നമ്മെ വേർതിരിക്കാൻ ശ്രമിച്ചാലും ഭാരതത്തിലെ ഓരോ ജീവനും മനുഷ്യരുടെ ഐക്യത്തിനായി പ്രതിഷേധിക്കുക തന്നെ ചെയ്യും.



സിനിമകളിൽ
വിജയങ്ങളും
വ്യത്യസ്തതകളും കൊണ്ട്
മലയാളികളുടെ
മനസ്സിൽ
മായാതെ
കിടക്കുന്ന

# ജയസൂര്യ





**സെലിബ്രിറ്റി, സ്റ്റാർഡം എന്നിവയൊക്കെ എല്ലാവരും ആസ്വദിക്കുന്ന കാലമാണല്ലോ യിത്. പഴയതിൽ നിന്നും വ്യത്യസ്തമായി ഒരു താരപരിവേഷം വന്നിരിക്കുന്ന ഈ സമയത്ത് അച്ഛൻ, ഗൃഹനാഥൻ എന്നീ വേഷങ്ങൾ ജീവിതത്തിൽ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് തോന്നാറുണ്ടോ?**

സിനിമ എന്റെ ജീവിതത്തിന്റെ ഭാഗമാണ്. സിനിമയും കുടുംബജീവിതവും കൂട്ടിക്കലർത്തുമ്പോൾ അത് ബുദ്ധിമുട്ടായി തോന്നും. സിനിമയും ജീവിതവും സമാന്ത രമായി കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് ഞാൻ. എന്റെ മക്കളുടെ നല്ല ഓർമകളുടെ ഒരു ഭാഗമായിട്ട് ഞാൻ ഉണ്ടാവണമെന്നാണ് ആഗ്രഹം. എന്റെ അച്ഛനമ്മമാരെക്കുറിച്ചു ഒരുപാട് നല്ല ഓർമ്മ കൾ എനിക്കുണ്ട്. അതുകൊണ്ട് തന്നെ എന്റെ മക്കളുടെ ഏറ്റവും നല്ല ജീവിത മുഹൂർത്ത ങ്ങളിൽ ഞാനുണ്ടാവണമെന്ന് എനിക്ക് നിർബ ന്ധമുണ്ട്. തിരക്കുള്ള, സെലിബ്രിറ്റിയായ അച്ഛനല്ല, മറിച്ച് അവരാഗ്രഹിക്കുന്ന അച്ഛനാ കാനാണ് എനിക്കിഷ്ടം.



> **പ്രളയം പോലുള്ള വൻ ദുരന്തങ്ങളിൽ മനുഷ്യർ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. സിനിമയിൽ അഭിനയിക്കുന്നു, ഒരുപാട് പ്രേക്ഷകർ ആരാധിക്കുന്നു എന്ന് കരുതി നമ്മൾ മനുഷ്യരല്ലാതായി മാറുന്നില്ലല്ലോ..**

**മലയാള സിനിമയിൽ മികച്ചത് എന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്ന നടന്മാരിൽ ഒരാളാണ് താങ്കൾ. ഇത്തരത്തിൽ ഒരു മെച്ചപ്പെടലിലേക്ക് നയിച്ചതെന്താണ്?**

മെച്ചപ്പെടൽ എന്നൊന്നില്ല. മെച്ചപ്പെട്ടു കൊണ്ടേയിരിക്കലാണ്. അതൊരു തുടർപ്രക്രിയയാണ്. മികച്ചതാണ് എന്ന തോന്നൽ ഒരു തരത്തിൽ വളർച്ചയുടെ അവസാനമാണ്. പിന്നെ നമുക്ക് വളരാൻ സാധിക്കില്ല. ഓരോ സിനിമയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് വളരാൻ ഞാൻ ശ്രമിക്കാറുണ്ട്, അത് തുടരുകയും ചെയ്യും. ഞാനിപ്പോൾ മികച്ചതല്ല. എന്നിലെ മികച്ച പലതും ഇനിയും വരാനിരിക്കുന്നു എന്ന് പറയുന്നതാവും ഉചിതം.

**എന്നിരുന്നാലും പഴയ കാലഘട്ടത്തിലെ അഭിനയത്തിൽ നിന്നും താങ്കൾ ഏറെ മുന്നോട്ട് വന്നിട്ടില്ലേ?**

തീർച്ചയായും ഞാൻ മാറിയിട്ടുണ്ട്. പണ്ട് അഭിനയിച്ച സിനിമകൾ ഇപ്പോൾ കാണുമ്പോൾ കുറച്ചുകൂടി നന്നായി അഭിനയിക്കാമായിരുന്നു എന്ന് തോന്നാറുണ്ട്. അഭിനയിച്ച ഓരോ സിനിമകളും പിന്നീട് കാണുമ്പോൾ അങ്ങനെ തോന്നാറുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞത് ഓരോ നടനും കാലം കഴിയുംതോറും മെച്ചപ്പെട്ടുകൊണ്ടേയിരിക്കലാണെന്ന്.

**നടന്മാർ കുറച്ചുകൂടി സാമൂഹ്യചിന്തയുള്ളവരായി മാറുന്ന കാലമാണ് ഇന്ന്. കേരളം പ്രളയം നേരിട്ടപ്പോൾ നാം അത് കണ്ടതാണ്. എന്താണ് ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം?**

ഇന്നത്തെ കാലത്ത് മാത്രമല്ല പഴയ കാലത്തും നടന്മാർ അങ്ങനെ തന്നെയാണ്, എന്നാൽ അതിനെല്ലാം വാർത്താപ്രാധാന്യം ഉണ്ടായത് ഈ കാലഘട്ടത്തിലെന്നുമാത്രം. അന്നത്തെ കാലത്ത് സാമൂഹ്യ മാധ്യമങ്ങൾ വളരെ കുറവായിരുന്നു. അതുകൊണ്ട് വാർത്തയായില്ല. പ്രളയം പോലുള്ള വൻ ദുരന്തങ്ങളിൽ മനുഷ്യർ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. സിനിമയിൽ അഭിനയിക്കുന്നു, ഒരുപാട് പ്രേക്ഷകർ ആരാധിക്കുന്നു എന്ന് കരുതി നമ്മൾ മനുഷ്യരല്ലാതായി മാറുന്നില്ലല്ലോ..

**ഈ അടുത്തിടെ ഇറങ്ങിയ ജയസൂര്യ ചിത്രങ്ങൾ എടുത്തുനോക്കിയാൽ അതിലെല്ലാം തന്നെ സാമൂഹിക പ്രസക്തി അർഹിക്കുന്ന അല്ലെങ്കിൽ ഒരുപാട് പ്രചോദനാത്മകമായ കഥാപാത്രങ്ങളെ നമുക്ക് കാണാം. ക്യാപ്റ്റൻ, ഞാൻ മേരിക്കുട്ടി, സു സു സുധീവാത്മീകം, പുണ്യാളൻ അഗർബത്തീസ് എന്നിവ ഉദാഹരണം. ഇതിനെപ്പറ്റി എന്താണ് പറയാനുള്ളത്?**





വ്യക്തിപരമായി അത്തരത്തിലുള്ള സിനിമകളിൽ അഭിനയിക്കാൻ ഇഷ്ടമുള്ള ഒരാളാണ് ഞാൻ. 'പുണ്യാളൻ അഗർബത്തീസ്' എന്ന സിനിമയ്ക്ക് ശേഷം ഒരുപാട് വ്യവസായികൾ എന്നെ ഫോൺ വിളിച്ച് സംസാരിക്കുകയും അതുപോലെ നേരിട്ട് വന്ന് കാണുകയുമുണ്ടായി. ഒരു സിനിമ ഒരാളെ നല്ല രീതിയിൽ സ്വാധീനിക്കുന്നു എങ്കിൽ ആ സിനിമയുടെ ഭാഗമാവുക എന്നത് നടൻ എന്ന നിലയിൽ ഏറെ സന്തോഷമുള്ള കാര്യമാണ്. എന്നാൽ ഒരിക്കലും അത്തരത്തിൽ ഒരു സിനിമ സൃഷ്ടിക്കപ്പെടുന്നതല്ല, അത് നമ്മളിലേക്ക് വന്നു ചേരുന്നതാണ്. ഒരിക്കലും സിനിമ നമുക്ക് തെരഞ്ഞെടുക്കാൻ പറ്റില്ല. മറിച്ച്, സിനിമ നമ്മളെയാണ് തെരഞ്ഞെടുക്കുന്നത്.

**ബി.സി.സി. മീറ്റു മൂവ്മെന്റ്, തുടങ്ങിയ സംഘടനകൾ സിനിമ മേഖലയിൽ ഒരുപാട് വിപ്ലവം സൃഷ്ടിക്കുന്ന കാലമാണിത്. ഒരു സാധാരണ വ്യക്തി എന്ന നിലയിൽ താങ്കൾ ഇങ്ങനെയുള്ളവയെ എങ്ങിനെ നോക്കികാണുന്നു?**

ഓരോരുത്തരും അവരവരുടെ ശരികൾ അനുസരിച്ച് സംഘടനകൾ രൂപീകരിക്കുന്നു. ഞാൻ എന്റെ സഹപ്രവർത്തകരുമായി ജോലി ചെയ്യുമ്പോൾ സംതൃപ്തനാണ്. അതുകൊണ്ട് അതിന്റെ ബുദ്ധിമുട്ട് അറിയാൻ കഴിഞ്ഞിട്ടില്ല. അത്തരം സംഘടനകളെ എല്ലാ അർത്ഥത്തിലും ബഹുമാനിക്കുന്നുണ്ട്.

**ജയസൂര്യ ചിത്രങ്ങളുടെ പ്രത്യേകത എന്തെന്നാൽ ഒരു ചിത്രം മറ്റൊന്നിൽ നിന്നും തീർത്തും വ്യത്യസ്തമായിരിക്കും, കഥാപാത്രങ്ങളുടെ രൂപത്തിലായാലും അതുപോലെ അവതരണത്തിലായാലും. ഇത്തരത്തിൽ ഓരോ സിനിമയിലെയും വ്യത്യസ്തമായ കഥാപാത്രങ്ങളെ സാർ തിരഞ്ഞെടുക്കുന്നതാണോ അതോ അവ തേടിവരുന്നതാണോ?**

കുറേ കഥാപാത്രങ്ങൾ വരുമ്പോൾ അതിൽ നിന്നും ചുരുക്കം ചിലത് മാത്രമേ തിരഞ്ഞെടുക്കാറുള്ളൂ. ഒരു സിനിമയെ സംബന്ധിച്ചിടത്തോളം അത് ചെയ്യുമ്പോൾ രണ്ട് വ്യക്തികളാണ് അതിൽ ഉള്ളത്. ഒന്ന് പ്രേക്ഷകനും മറ്റേത് നടനും. ഈ രണ്ടുപേരെയും തൃപ്തിപ്പെടുത്തുന്ന പടങ്ങളെ ഞാൻ ചെയ്യാറുള്ളൂ.



# പറഞ്ഞുതീരാത്തവ

പലപ്പോഴുമോർത്തുപോയിട്ടുണ്ട്, എന്റെ
സ്വപ്നങ്ങൾ  നീ കൂടി കണ്ടിരുന്നുവെങ്കിലെന്ന്
പരസ്പരം കൈകോർത്ത് നടന്നു തീർത്ത
അരികുകാണാത്ത  അന്ത്യമില്ലാത്ത വഴികൾ
ഒടുവിലൊരു കാറ്റിന് തോൾച്ചായുമ്പോൾ
പാടിത്തന്ന എണ്ണമറ്റാത്ത വരികൾ
പറഞ്ഞുവച്ച വാക്കുകളിൽ തലയാട്ടി
മറുപടിയില്ലാതെ ദീർഘനേരം നോക്കിയിരുന്ന
നീയോ ഞാനോ കാണാത്ത ലോകങ്ങൾ
തിരകൾ ചേർന്ന് മായ്ച്ച്കളഞ്ഞ
നൂറ് നൂറ് കാലടിപ്പാടുകൾ
എന്റെ സ്വപ്നങ്ങൾ നീ കൂടി കാണുന്നുണ്ടായിരുന്നുവെങ്കിൽ !



**പ്രണവ്രാജ് എം.വി.**
രണ്ടാം വർഷ ഫിസിക്സ്

# നിഴൽ

നിഴലായ് നീ വരുമോ എന്നായിരുന്നു ചോദ്യം,
എന്നും നിൻ നിഴലാണു ഞാനെന്ന് മറുപടി.
കൈകോർത്ത് യാത്ര ചെയ്തു  അവർ
നീളുമാപാതയിലൂടെ,
യാത്രയ്ക്കിടയിലെവിടെയോ വെട്ടം നഷ്ടമായ്
വെട്ടത്തോടൊപ്പം തന്റെ നിഴലും നഷ്ടമായ്
ഇരുൾ കനക്കുകയായ്,
എങ്കിലും യാത്ര തുടർന്നു....
പുതു വെളിച്ചത്തിനായ്......



**നിവേദ്യ ആർ.ടി.**
ഒന്നാം വർഷ ഫിസിക്സ്



# a Love Story

Two souls met in a crowded place.
Both their hearts ceased for a moment, muscles shivered and made a blush.
The first struggle was to start a conversation.
Though both were longing it, it was him who started first, may be knowing that
she too wanted the same.
Both their eyes met often.
They shared their vision of future through their eyes. Yet, too afraid to mingle. So they suppressed their emotions and pretended to be nothing more than friends.
They were having several prejudices about themselves. They were worried about their appearances and imperfections without being aware that their imperfections made them perfect for each other.
After a break they met each other again at the same place.
Though years passed, their emotions towards each other remained the same.
Then they talked more confidently than before, shared their dreams, darkest secrets, weaknesses and finally their love for each other.



**Nova N.V.**
1st Year Physics





**പൂജ തെരേസ ആന്റണി**
മൂന്നാം വർഷ ബികോം

# മാറ്റത്തിന്റെ ഒരാഴ്ച്ചക്കാലം

ഏത് വർഷത്തെ കോളേജ് മാഗസിൻ നോക്കിയാലും അതിൽ ആരുടെയെങ്കിലും ഇലക്ഷൻ കാലാനുഭവങ്ങൾ ഉണ്ടാകാതിരിക്കില്ല. കോളേജിലെത്തിയ ആദ്യ വർഷങ്ങളിൽ, മാഗസിൻ വായനാവേളയിൽ അത്തരം അനുഭവങ്ങൾ പാടെ ഒഴിവാകുക്കയാണ് പതിവ്. അല്ലെങ്കിലും ചില അനുഭവങ്ങൾ അത് അനുഭവിച്ചാൽ മാത്രമേ അതിന്റെ ആഴം വ്യക്തമാകൂ, അല്ലാത്തവർക്ക് അത്തരം ഓർമ്മക്കുറിപ്പുകൾ വെറും ലേഖനങ്ങൾ മാത്രമായിരിക്കും.

എനിക്കും അങ്ങനെയായിരുന്നു. ഞാനും ഒരു സ്ഥനാർത്ഥിയാകുന്നതുവരെ.

കലാലയ ജീവിതത്തിന്റെ സ്പന്ദനങ്ങൾ പ്രണയവും സൗഹൃദവും രാഷ്ട്രീയവുമാണെന്ന് അറിയമായിരുന്നുവെങ്കിലും, ഏതൊരു ശരാശരി ചിന്താഗതിക്കാരിയെപ്പോലെ പഠനവും വേണ്ടി വന്നാൽ സൗഹൃദവും

എന്ന ലക്ഷ്യത്തോടെയായിരുന്നു ഞാനും ഇവിടേയ്ക്ക് കടന്നുവന്നത്. പ്രണയവും രാഷ്ട്രീയവും എല്ലാം സപ്ലി എഴുതുന്ന, പ്രതീക്ഷയുടെ ഭാരം ചുമലിലില്ലാത്ത, ജീവൻ കൊടുക്കുന്ന സൗഹൃദങ്ങളുള്ള ചേട്ടന്മാരുടെ മാത്രം കുത്തകയാണെന്ന് ഞാനും വിശ്വസിച്ചിരുന്നു. എല്ലാ പിരീഡും ക്ലാസ്സിൽ ഇരുന്ന്, പരീക്ഷയിൽ അരമാർക്കിനുപോലും പ്രാധാന്യം കൊടുത്ത് പഠിച്ചിരുന്ന, ഒരറ്റൻഡൻസുപോലും നഷ്ടപ്പെടുത്താതെ ചിട്ടയോടെ നല്ല കുട്ടിയായി(മറ്റുള്ളവരുടെ കാഴ്ച്ചപ്പാടിൽ) നടന്നിരുന്ന ഞാൻ എന്നാണ് തലയുയർത്തി ജീവിതത്തിലേക്ക് നോക്കിയത്. പഠിക്കാനാണ് കോളേജിൽ പോകുന്നത് എന്ന ചിന്ത മാറ്റി പഠിക്കാൻ മാത്രമല്ല എവിടെയും കുനിയാത്ത ശിരസ്സും വളയാത്ത നട്ടെല്ലും കൂടി നേടാനാണെന്ന് ചിന്തിച്ചുതുടങ്ങിയത്.

അത് അന്നുമുതലായിരുന്നു....

സ്വന്തം താല്പര്യങ്ങളും നേട്ടങ്ങളും നോക്കാത്ത നിസ്വാർത്ഥ സൗഹൃദം എന്റെ കൈ പിടിച്ചപ്പോൾ, എവിടെയോ മറന്നുവച്ച എന്നെ തിരിച്ചു കൊണ്ടുവരാൻ പ്രേരിപ്പിച്ച എന്റെ പ്രസ്ഥാനത്തിന്റെ കൊടിപിടിച്ചപ്പോൾ, ഞാനറിയാതെ എംജിയും അതിന്റെ ആത്മാവും ഞാനാസ്വദിക്കുകയായിരുന്നു.

മറക്കാനാവില്ല ആ ഇലക്ഷൻ കാലം....

ക്ലാസ്സ്മുറിയും ബന്ധനവും പഠനഭാരവും എല്ലാം ഉപേക്ഷിച്ച് കലാലയം എന്താണെന്ന് മനസ്സിലാക്കിയ ആ ഒരാഴ്ച ക്കാലം, ജീവിതത്തിന്റെ പരീക്ഷയിൽ തോൽക്കാതിരിക്കാൻ ആ ഒരാഴ്ച്ചക്കാലം പഠിപ്പിച്ച പാഠങ്ങൾ...

കഷ്ടപ്പാടിന്റെ വെയിലും മഴയും കൊണ്ട നാളുകൾ....

ഒരു ചിരിയിൽ മാത്രം ഒതുങ്ങിയിരുന്ന സൗഹൃദങ്ങൾ ഒരു പാത്രത്തിലെ പങ്കുവയ്ക്കലിൽ എത്തിയ നാളുകൾ... ഒടുവിൽ കഷ്ടപ്പാടുകൾ അതിന്റെ ഫലം കണ്ടപ്പോൾ ജീവിതത്തിൽ ഇതുവരെ തോന്നാതിരുന്ന സന്തോഷവും അഭിമാനവും തോന്നിയത്... അങ്ങനെ ഒന്നും മറക്കാനാവില്ല.

എനിക്കറിയാം.... ഇതും എന്നെപ്പോലെ ഏതെങ്കിലും കുട്ടികൾ വായിക്കാതെ ഒഴിച്ചുവിടുന്ന ബോറൻ ലേഖനങ്ങളുടെ കൂട്ടത്തിൽ ചിലപ്പോൾ പെടുമായിരിക്കും. എങ്കിലും കലാലയ ജീവിതത്തിൽ രാഷ്ട്രീയം എന്നത് പഠനത്തിൽ ഉഴപ്പാനുള്ള വഴിയല്ല മറിച്ച് ജീവിതത്തിൽ മുതൽക്കൂട്ടായേക്കാവുന്ന ഒരനുഭവമായിരിക്കും എന്ന് തിരിച്ചറിഞ്ഞ്, വായിക്കാതെ മറിച്ചുവിട്ട ഈ താളുകൾ തേടി ഏതെങ്കിലുമൊരു കുട്ടി തിരിച്ചുവന്നേക്കാം... എംജിയുടെ പോയ വർഷ വിദ്യാർഥികളുടെ ഇലക്ഷൻ കാല അനുഭവങ്ങൾ അവർ അനുഭവിച്ച അതേ ആവേശത്തോടെ ഞാനിന്ന് വായിക്കുന്നതുപോലെ.... •


ആശംസകളോടെ...

**തലശ്ശേരി താലൂക്ക് പബ്ലിക്ക് സർവന്റ്സ് വെൽഫെയർ കോ–ഓപ്പറേറ്റീസ് സൊസൈറ്റി ക്ലിപ്തം**

**നമ്പർ സി. 1669, കൂത്തുപറമ്പ് (പി.ഒ.)– 670643**

**PHONE: 0490 2365209**

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്
- വിവിധതരം വായ്പകൾ
- സ്വർണ്ണപണയ വായ്പയ്ക്ക് കുറഞ്ഞ പലിശനിരക്ക്
- ലോക്കർ സൗകര്യം ലഭ്യമാണ്

പ്രസിഡണ്ട്
**സതീശൻ പി.കെ.**
സെക്രട്ടറി
**രഞ്ജിത്ത് പി.പി.**

# Yes You Can



**Safeela V.**
II$^{nd}$ Year Maths



That obstacle you couldn't face,
That difference you couldn't make,
You know about your complexes.
An ocean, where as far as you can see
The burden of failures, weighing you down
Saying "No,I can't. It was not meant to be."
Yes, you can.
Each test, is yours to face
Yes, you can.
Each obstacle, is yours to face.
Was it the test that you couldn't face
Or the record that you couldn't break ?
Yes, you can.
Break every record that comes your way
Yes, you can.
You can make a difference everyday
So standup straight, and standup tall
All alone, and you will see
Your walls of despair breaking down
Saying "Yes, I CAN, it was meant to be."

ഒരു യാത്ര പറച്ചിലല്ല...
മറിച്ച് ഇവിടെ ഒരു
യാത്ര പറച്ചിലില്ല....
പകലുറങ്ങുവോളം പറഞ്ഞു തീർത്ത കഥകൾക്ക്
ഒരു അർദ്ധവിരാമം;
പരിചയപ്പെട്ടപ്പോഴോ സ്നേഹിച്ചപ്പോഴോ
ഞാൻ നൽകിയ പ്രതീക്ഷകൾക്കു  പൂർണവിരാമം.
    പ്രണയമെന്ന്
    കവികൾ വാഴ്ത്തിയ,
    ലോകം പാടിയ ,
    എന്നിലെ നിനക്കും
    നിന്നിലെ എനിക്കും
പറയാൻ മറന്ന ഏതോ
സൗഹൃദത്തിന്റെ സുഗന്ധം......
പ്രണയത്തേക്കാൾ നമ്മൾ പ്രണയിച്ച
സൗഹൃദത്തിന്റെ വസന്തം.....
നീ മറന്ന,
എന്നിലലിഞ്ഞ സൗഹൃദത്തിന്റെ മാധുര്യം.
    ഒരു പക്ഷേ
    നാളെ പുലരുമ്പോൾ
    കഥ പറയാനും...
    കൂട്ടിരിക്കാനും
എനിക്കു പകരം നിനക്കൊരാൾ വരും....
    പക്ഷേ എനിക്ക്
    നീയായി നീ മാത്രമേ ഉള്ളൂ




**ശരണ്യ കെ.**
മൂന്നാം വർഷ മാത്സ്




# എന്ന് സൂര്യനോട് സൂര്യകാന്തി

# മരവിപ്പ്

**വെ**യിൽ കനത്തു. പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്ത ദിനങ്ങൾ കടന്നു പോയ് കൊണ്ടിരിക്കുന്നു. വലിച്ചുവാരിയിട്ട പുസ്തകക്കൂമ്പാരം കാണാത്തമട്ടിൽ കസേരയിൽ തന്നെ ഇരിപ്പുറപ്പിച്ചു. മേശക്കരികിലായി എരിഞ്ഞുകൊണ്ടിരിക്കുന്ന സിഗരറ്റ് കുറ്റികൾ. അതിനേക്കാൾ തീവ്രതയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ആത്മാക്കൾ.

ഒരുതരം മരവിപ്പ്.

ഒട്ടുമിക്ക മലയാളികളും വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ സജീവം. തുടർച്ചയായ ഫോൺകോളുകൾ, മെസ്സേജുകൾ, ഒന്നിനോടും പ്രതികരിച്ചില്ല. നിഗൂഢമായ എന്തോ ഒന്നിനോട് ആസക്തി, മരണം.

പുറത്ത് സ്ട്രീറ്റ് ലൈറ്റുകൾ പോലും അണഞ്ഞിട്ടില്ല, ഒട്ടും അസാധാരണമല്ല ഈ ദിവസം. ദിനംപ്രതി അലട്ടികൊണ്ടിരിക്കുന്ന ടെലിവിഷൻ ചാനലുകൾ വീർപ്പുമുട്ടൽ മാത്രം സമ്മാനിച്ചു. ശ്മശാന തുല്യ മായ നഗരവീഥികൾ. തീവ്രമായ നിശബ്ദ തയെ കീറിമുറിച്ചുകൊണ്ടെത്തുന്ന ആംബുലൻസുകൾ, തൊട്ടപ്പുറത്തുള്ള അപ്പാർട്ട്മെന്റിൽ കറുത്ത കൊടി കെട്ടിയിരിക്കുന്നു. ഇന്നലെ അവിടെ നിന്നും നിലവിളി ഉയർന്നതായി ഓർത്തു. വാർദ്ധക്യം സ്വീകരിച്ചവർ യുവാക്കൾക്കായി മാറികൊടുക്കുന്നു, മരണം സ്വീകരിക്കുന്നു. അങ്ങനെയും മനുഷ്യർ. നിരത്തിവച്ച സാനിറ്റൈസറുകൾ, മാസ്കുകൾ, വീണ്ടും വീണ്ടും ഉപയോഗിച്ചു കൊണ്ടിരുന്നു.

ഭയം, മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്ന മറ്റൊരു വൈറസ്. നാട്ടിലേക്കൊന്ന് വിളിക്കണം, സേഫാണെന്ന് പറഞ്ഞ് ആശ്വസിപ്പിക്കാൻ. കുറച്ചധികം കൊച്ചുവർത്തമാനം പറയണം. ചിരിക്കാനുള്ള ശ്രമമാണ്, പരാജയം തന്നെ വീണ്ടും. കൺപോളകൾക്ക് കനംവച്ച് തുടങ്ങിയിരിക്കുന്നു, ഉറക്കമില്ലാത്ത രാത്രികളേക്കാൾ പ്രിയം പകലുകളോടായിരിക്കുന്നു. ഒന്നും ഓർമ്മിക്കാതെ ഒന്നുറങ്ങണം. തീർത്തും മരണതുല്യമായ മയക്കം.

വീണ്ടും ജനനം.

വീണ്ടും മരവിപ്പ്...





**രസ്ന കെ.**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്



# MISSHAPED YOUTH



**Sharon V. Subhash**
II$^{nd}$ year Maths

The people all around the world are in a constant and consistent work.They analyse the resources they have and harness it to the results .Everywhere, this is appreciated and supported . Yet people often tend to forget the most powerful resource of them all- Youth. The young people of this world holds the potential for analysing resources and harnessing them, which can bring out wonders in our society.

The best way to train the youth is through education- paradoxically, it is the most neglected arena.What is education ? Students are led to believe that ,if they memorize important lines from a few text books and are capable of writing it in a sheet of paper afterwards,then they're good students, that they have a successful future.And for the other ones, a not so good future. Even in this century, getting high marks in an exam is considered the

scale to determine students worth. This attitude should have been changed years ago.

We cannot force a person into the mould we want . We have to shape the person according to their own capabilities and calibre . That's what education must be. We spend 12 years in school being taught and disciplined. We memorise a lot of things. We study for a lot of exams. Yet when it comes to a reality check in life, many of us are obvious to fail.

All these years we were trying to forge a successful future so that we could earn money, live comfortably and be at the top, in the society.

Even today, a lot of parents consider going to music school or pursuing a career in art, secondary to medical and engineering colleges. There is a vast variety of careers out there. Of these, a selected few are considered prestigious and others less worthy. People are judged by their jobs , their salary, the number of cars they own, the brand of appliances they have in their home. These attitude is spilled into the minds of youth by the ignorant and the cycle just continues .

The classrooms of today should be more updated to match the ongoing changes in the society. Taboos should be openly discussed. Students should be aware of the world they're stepping into . Putting them into a box and whispering conventional mantras to their ears would not work anymore . How many teachers, for example, would openly discuss about issues like feminism,LGBT, mainline politics or actively encourage students to take up careers like photography, where salary would not be as great as that of a white collar job. It is a shame that many teachers would rather stick to textbooks, preparing them for written exams.

**We cannot force a person into the mould we want. We have to shape the person according to their own capabilities and calibre. That's what education must be.**

When the attitude changes,our life also changes. Instead of immersing our head in the ground , trying not to see anything,the youth should be taught to open their eyes, filter their surroundings and take in what is needed . The youth is our hope and future. We should not destroy it with our ignorance and stereotypes. Instead of stamping on the stone, we should pick it up and carve it into something beautiful, so that the destiny of the stone and the maker is fulfilled. ●

ആശംസകളോടെ...

# പായം സർവ്വീസ് സഹകരണ ബേങ്ക്

എഫ്. 1501
പി.ഒ. പായം, എടൂർ–670704

ബ്രാഞ്ചുകൾ:
വെളിമാനം, ഇരിട്ടി, എടൂർ മെയിൻ ബ്രാഞ്ച്
എടൂർ പ്രഭാത സായാഹ്ന ശാഖ

പ്രസിഡണ്ട്
വി.ടി.തോമസ്

സെക്രട്ടറി
കെ.എം. മാത്യു

*With best compliments from*

# PUNNAD SERVICE CO-OP BANK LTD

NO. LL57
HO IRITTY. KANNUR DIST-670703

BRANCHES
Iritty Main Barch. Ph: 0490 2493626
Punnad Ph: 0490 2433326
Iritty Ev. Ph: 0490 2494165
Keezhur Ph: 0490 2491326

P.K. Janardhanan
(President)

K.C. Rajeev
(Secretary)

# OBLIVIOUS TO THE OBVIOUS




വര: അഞ്ജലി എസ്.ഡി. ഒന്നാം വർഷ ഫിസിക്സ്



**Soorya Vinod R.K.**
I[st] year Physics

Long before your birth
exquisite was my beauty.
I gave you my everything
Yet you backstabbed me.
A world of peace and hope
Now full of violence and dope
All sudsy waters have become unfit
With human greed and lust.
I endured you with patience
though you burned my soul
I warned 'Proceed with caution'
Yet you were oblivious to the obvious.
That night, along the ragged cliffs.
Came my saviour, to revenge you
you who were buried in
lust and greed
Oblivious to my cries.
She roared in anger, seeming
to deplore
All that were buried in her
restless waves
Rushing from her turfy heights
She washed away the children of sea.
Yet you were oblivious to the
warning triggered.
I ran to my mighty brother
To let you experience my wrath
"I shall protect you my
child", said he,
'by affecting the rich and the powerful'.
You call him a virus
But is a brother of mine
Taking revenge for me
Ignorant of those on his way.
Negligence demands reciprocity
And you shall pay the price for
your ignorance
Now its your turn to endure the
hardships
For I shall be procuring my
dignity back.

# ഇമ്മിണി ബെല്ല്യ നിലാവ്

ഖൽബിൽ എന്താണൊരൊരൊഴിവ്?
ബെല്ല്യൊരു അറയാണ് !
നിറക്കാൻ പറ്റൂലേ?
അത് നിറക്കാൻ പറ്റിയ മറ്റൊന്നും ഈ ദുനിയാവിൽ
ഇല്ലടോ
ഇരുട്ട് നിറച്ചൂടെ.....?
ഒരു റാന്തൽ ഇപ്പോഴും നിന്ന് കത്തുന്നു
അത് കെടൂലേ?
അത് കെടുന്ന അന്ന് എന്റെ നെഞ്ചിന്റെ മോളിൽ മണ്ണ് വീഴും.....
ഒരു മൈലാഞ്ചിച്ചെടിയും നാട്ടും



**ത്വാഹിറ ടി.പി.**
രണ്ടാം വർഷ മാത്സ്

# Possessiveness



**Sneha E.**
III^rd year Maths

*I didn't even think,*
*We three would be seperated.*
*It's not a matter of ego;*
*It's not a matter of selfishness;*
*It's only about possessiveness;*
*Just possessiveness.*
*We started with a normal hai,*
*Now, it seems to end......*
*end with an intricate good bye.*

# THE UNION
## OFFICE BEARERS



Vishnu T.
Chairman



Sandra Maria Joseph
Vice Chairman



Albin Thomas
General Secretary



Jomisha P. Joseph
Joint Secretary



Aanmary J. Veronica
Fine Arts Secretary



Agnes Maria James
UUC



Viswas K.V.
Student Editor



Nakulan Muraleedharan
General Captian



Dr. Jayasagar
Arts Forum Convenor



Dr. Meera M.
Union Advisor



Dr. Bijumon R.
Staff Editor

## CLASS REPRESENTATIVES


Sharon Justine Thomas
I DC


Joyal Jolly
II DC


Muhammed Naval
III DC


Akhileswary P.B.
PG

## ASSOCIATION SECRETARIES


Pooja Theresa Antony
Commerce & Management


Aleena Vals Kurian
Physics


Anagha Baburaj
Maths


Abhishek E.V.
Computer Science



# കോളേജ് യൂണിയൻ റിപ്പോർട്ട് 2019 - 2020

മലയോരമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചിറകേകി കീഴൂർ കുന്നിന്റെ യശസ് ഉയർത്തി നിൽക്കുന്ന ഇരിട്ടി മഹാത്മാഗാന്ധി കോളേജിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ തികഞ്ഞ അർപ്പണബോധത്തോടെയും, ഉത്തരവാദിത്വത്തോടെയും ഏറ്റെടുത്തു നടത്താൻ കഴിഞ്ഞു എന്ന പൂർണ ബോധ്യത്തോടെ 2019 20 വർഷത്തെ കോളേജ് യൂണിയൻ റിപ്പോർട്ട് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

ആശയങ്ങളും ആയുധങ്ങളും തമ്മിലുള്ള പോരാട്ടത്തിൽ ഒടുവിൽ ആശയങ്ങൾ വിജയിച്ചു എന്നതിന്റെ തെളിവായിരുന്നു 2019 സെപ്റ്റംബർ അഞ്ചിന് വിദ്യാർഥികൾ തെരഞ്ഞെടുത്തതിന്റെ ഫലമായി രൂപംകൊണ്ട യൂണിയൻ. ക്യാമ്പസിനുള്ളിൽ സൗഹൃദവും സമാധാനവും പുലർത്താൻ കഴിയുന്ന മിടുക്കരായ പ്രതിനിധികളെ വളരെ നല്ല ഭൂരിപക്ഷത്തോടെ വിദ്യാർഥികൾ തെരഞ്ഞെടുത്തു.

**യൂണിയൻ ഭാരവാഹികൾ**

ചെയർമാൻ ........................................................വിഷ്ണു ടി
വൈസ് ചെയർമാൻ ........................................സാന്ദ്ര മരിയ ജോസഫ്
ജനറൽ സെക്രട്ടറി ...............................................ആൽബിൻ തോമസ്
ജോയിന്റ് സെക്രട്ടറി ..........................................ജോമിഷ പി ജോസഫ്
യു.യു.സി. ...........................................................ആഗ്നസ് മരിയ ജെയിംസ്
ഫൈൻ ആർട്സ് സെക്രട്ടറി .........................ആൻമേരി ജെ വെറോണിക്ക
സ്റ്റുഡന്റ് എഡിറ്റർ ..............................................വിശ്വാസ് കെ വി
ജനറൽ ക്യാപ്റ്റൻ .............................................നകുലൻ മുരളീധരൻ

**അസോസിയേഷൻ സെക്രട്ടറിമാർ**

കൊമേഴ്സ് ..........................................................പൂജ തെരേസ ആന്റണി
മാത്തമാറ്റിക്സ് ....................................................അനഘ ബാബുരാജ്
കമ്പ്യൂട്ടർ സയൻസ് ...........................................അഭിഷേക് ഇ വി
ഫിസിക്സ് ...........................................................അലീന വൽസ് കുര്യൻ

**ക്ലാസ് പ്രതിനിധികൾ**

ഒന്നാംവർഷ ബിരുദം .......................................ഷാരോൺ ജസ്റ്റിൻ തോമസ്
രണ്ടാംവർഷ ബിരുദം .......................................ജോയൽ ജോളി
മൂന്നാം വർഷ ബിരുദം ....................................മുഹമ്മദ് നവാൽ
ബിരുദാനന്തര ബിരുദം ....................................അഖിലേശ്വരി പി ബി

**കോളേജ് യൂണിയൻ സത്യപ്രതിജ്ഞ**

ഏറെ പ്രതീക്ഷയോടെ വിദ്യാർത്ഥികൾ തിരഞ്ഞെടുത്ത യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ചടങ്ങ് 2019 സെപ്റ്റംബർ ആറിന് കോളേജ് വിദ്യാർഥികളെയും അധ്യാപക അനധ്യാപകരെയും സാക്ഷിനിർത്തി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ അജിത സത്യവാചകം ചൊല്ലിക്കൊടുത്തു.



**ഓണാഘോഷം**

കോളേജ് യൂണിയൻ അതിന്റെ ജൈത്ര യാത്ര ആരംഭിച്ചത് ഓണാഘോഷ പരിപാടികളോട് കൂടി ആയിരുന്നു എന്നത് ഈ വർഷത്തെ മറ്റൊരു പ്രത്യേകതയായിരുന്നു. സത്യവാചകം ചൊല്ലിക്കൊടുത്തത് ഭാരവാഹികൾ സ്ഥാനമേറ്റ അതേദിവസം തന്നെ കോളേജ് യൂണിയൻ നേതൃത്വത്തിൽ വിപുലമായ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. പൂക്കളമത്സരത്തിനും ഓണപ്പാട്ടും പുറമേ കസേരകളി, ഉറിയടി തുടങ്ങിയ വിവിധതരം കളികളിലൂടെ ഓണാഘോഷം നിറം ഉള്ളതായി മാറി. പൂക്കള മത്സരത്തിൽ രണ്ടാം വർഷ ബി കോം ഒന്നാം സ്ഥാനം കരസ്ഥമാക്കി.



**യൂണിയൻ ഉദ്ഘാടനം**

2019-20 വർഷത്തെ കോളേജ് യൂണിയന്റെ ഔപചാരിക ഉദ്ഘാടനം സെപ്തംബർ ഇരുപതാം

തീയതി പ്രശസ്ത പിന്നണി ഗായകൻ ഹരിശങ്കറും ശ്രദ്ധേയനായ യുവ രാഷ്ട്രീയ പ്രവർത്തകൻ വി ടി ബൽറാം എം.എൽ.എ. ചേർന്ന് നിർവഹിച്ചു. മുഖ്യാതിഥിയായ ഹരിശങ്കർ തന്റെ മാസ്മരിക സ്വരത്തിലൂടെ വിദ്യാർത്ഥികളെ കയ്യിലെടുത്തു. ഉദ്ഘാടന ചടങ്ങിനുശേഷം വിദ്യാർഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ പ്രശംസാർഹമായിരുന്നു. വ്യക്തമായ ആവിഷ്കാര മികവു കൊണ്ടും അവതരണ വൈഭവം കൊണ്ടും മുഖ്യാതിഥികളുടെ സാന്നിധ്യം കൊണ്ടും പരിപാടി ശ്രദ്ധേയമായി. അങ്ങനെ എംജിയിൽ ഒരു പുതുവസന്തം തീർക്കുവാൻ യൂണിയൻ ഭാരവാഹികൾ സജ്ജരായി.



### യൂണിയൻ നടത്തിയ പരിപാടികൾ

### ഗാന്ധിജയന്തി ദിനാഘോഷം

ഒക്ടോബർ 2 ഗാന്ധി ജയന്തിയോടനുബന്ധിച്ച് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ചെറുകവിത രചനാ മത്സരം സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ ഒന്നാം വർഷ ബി കോം വിദ്യാർത്ഥിനി പ്രിൻസി എൻ ബെന്നി വിജയിയായി



### നെറ്റ് കോച്ചിങ് പ്രോഗ്രാം

പിജി വിദ്യാർഥികൾക്കായി ‘മിഷൻ 2020’ എന്ന പേരിൽ സംഘടിപ്പിച്ച നെറ്റ് കോച്ചിങ് പ്രോഗ്രാമിൽ വിദഗ്ദ്ധനായ ആസിഫ് നവാസ് ക്ലാസ് കൈകാര്യം ചെയ്തു.നവംബർ ഒമ്പതിന് നടത്തപ്പെട്ട പരിപാടിയിൽ വിവിധ ഡിപ്പാർട്ട്മെന്റ് കളിലെ പിജി വിദ്യാർത്ഥികൾ പങ്കെടുത്തു



### ചൈൽഡ്ഹുഡ് ഫോട്ടോ കോൺടെസ്റ്റ്

സോഷ്യൽ മീഡിയ വഴി സംഘടിപ്പിച്ച ചൈൽഡ്ഹുഡ് ഫോട്ടോ കോൺടെസ്റ്റിൽ നിരവധി വിദ്യാർഥികൾ പങ്കെടുത്തു. പ്രസ്തുത കോൺടെസ്റ്റിന്റെ വിജയിയായി രണ്ടാം വർഷ ബികോം വിദ്യാർത്ഥി അബ്ദുൽ ബാസിത്തിനെ നവംബർ 11ന് തെരഞ്ഞെടുത്തു.



### ബെസ്റ്റ് ബിയേഡ്മാൻ കോൺടെസ്റ്റ്

നോ ഷേവ് നവംബറിനോടനുബന്ധിച്ച് നടത്തിയ ബെസ്റ്റ് ബിയേഡ്മാൻ കോൺടെസ്റ്റിന്റെ വിജയികളെ നവംബർ 22ന് പ്രഖ്യാപിച്ചു. അൽത്താഫ് (മൂന്നാം വർഷ മാത്സ്), ശ്രീദിൽ (രണ്ടാം വർഷ ബികോം) അഭിഷേക് (ഒന്നാം വർഷ CS) എന്നിവർ വിജയികളായി.



**രജത ജൂബിലി ആഘോഷങ്ങൾ**

എംജി കോളേജ് അതിന്റെ ജൈത്രയാത്ര ആരംഭിച്ചിട്ട് 25 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. ഒരു നാടിന്റെ മുഴുവൻ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിച്ച മലയോര മേഖലയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് നിറം ഏകിയ എംജി കോളേജിന്റെ ഇരുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾ ഇരിട്ടിയിൽ വെച്ചുനടന്ന വിളംബരജാഥ യോടെ ആരംഭിച്ചു. നവംബർ 22 ന് ആരംഭിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന രജതജൂബിലി ആഘോഷങ്ങൾ മാനേജർ സി. വി. ജോസഫ് ഫ്ളാഗ് ഓഫ് ചെയ്തു.



**ടോക്ക് മാസ്റ്റർ കോണ്ടസ്റ്റ്**

വിദ്യാർത്ഥികളിലെ പ്രസംഗകലയെ ഉത്തേജിപ്പിക്കുന്നതിനായി ഡിസംബർ ഒമ്പതിന് സംഘടിപ്പിച്ച ടോക്ക് മാസ്റ്റർ കോൺടെസ്റ്റിൽ സിദ്ധാർത്ഥ് എവി (രണ്ടാം വർഷ ഫിസിക്സ്), അശ്വിൻ(രണ്ടാം വർഷ ഫിസിക്സ്), ഷജിൽ (മൂന്നാം വർഷ ഫിസിക്സ്) എന്നിവർ വിജയികളായി



**പെനാൽറ്റി ഷൂട്ടൗട്ട്**

ഡിസംബർ 10 ലോക ഫുട്ബോൾ ദിനത്തോടനുബന്ധിച്ച് പെനാൽറ്റി ഷൂട്ടൗട്ട് മത്സരം സംഘടിപ്പിച്ചു.നിരവധി വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ അർജുൻ (മൂന്നാം വർഷ CS), ഷിലിൻ (രണ്ടാം വർഷ CS) എന്നിവർ വിജയികളായി.



**കോളേജ് കലോത്സവം**

കോളേജിലെ കലാപ്രതിഭകളെ കണ്ടെത്തുവാനായി ഡിസംബർ 31, ജനുവരി 1 തീയതികളിലായി 'ധനക് 2019' കോളേജ് കലോത്സവം സംഘടിപ്പിച്ചു. പ്രശസ്ത ഫ്ളൂട്ടിസ്റ്റ് വരുൺകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യാർഥികളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് നടത്തിയ പരിപാടിയിൽ രണ്ടാം ഗ്രൂപ്പിലെ അംഗങ്ങൾ ഉയർന്ന മാർക്ക് കരസ്ഥമാക്കി വിജയികളായി.കോളേജ് യൂണിയൻ കലോത്സവത്തിൽ രണ്ടാം വർഷ മാത്സ് വിദ്യാർഥിനിയായ അനഘ പിയെ കലാതിലകമായും ഒന്നാം വർഷ ബിബിഎ വിദ്യാർത്ഥിനിയായ സഹദിയ കെ.പിയെ സാഹിത്യ പ്രതിഭയായും രണ്ടാം വർഷ ബി.ബി.എ. വിദ്യാർത്ഥിയായ ശരത്ചന്ദ്രയെ ചിത്രപ്രതിഭയായും തെരഞ്ഞെടുത്തു.

കലോത്സവത്തെ വൻ വിജയമാക്കി തീർക്കുവാൻ സഹകരിച്ച എല്ലാവർക്കും യൂണിയന്റെ പേരിൽ നന്ദി പ്രകാശിപ്പിക്കുന്നു.



**ഫോട്ടോഗ്രാഫി കോമ്പറ്റീഷൻ**

ഡിസംബർ 18ന് എംജി കോളേജ് യൂണിയന്റെയും ഭൂമിത്രസേന ക്ലബ്ബിന്റെ യും സംയുക്ത ആഭിമുഖ്യത്തിൽ ഫോട്ടോഗ്രാഫി കോൺടെസ്റ്റ് സംഘടിപ്പിച്ചു. മൂന്നാം വർഷ ഫിസിക്സ് ബിരുദ വിദ്യാർത്ഥി എബിൻ തോമസ് വിജയിയായി.

അതേ ദിവസം തന്നെ രാജ്യത്താകമാനം ചർച്ചയായ പൗരത്വ ഭേദഗതി ബില്ലിനെതിരെ വിദ്യാർഥികൾ ശുഭ്ര വർണ്ണത്തിൽ തങ്ങളുടെ കൈ അടയാളം പതിപ്പിച്ചുകൊണ്ട് എതിർപ്പ് പ്രകടിപ്പിച്ചു.

**ക്രിസ്തുമസ് ആഘോഷങ്ങൾ**

ഡിസംബർ മാസം ഇരുപതാം തീയതി 'ക്ലിബാര' എന്ന പേരിൽ ക്രിസ്തുമസ് ആഘോഷങ്ങൾ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് തലത്തിൽ പുൽക്കൂട് നിർമ്മാണമത്സരം, കരോൾഗാന മത്സരം എന്നിവ സംഘടിപ്പിച്ചു. യൂണിയന്റെ സാന്താക്ലോസ്, വിദ്യാർത്ഥികൾക്കൊപ്പം ചുവടുവച്ചു.



**യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം**

കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം ജനുവരി 15 മുതൽ 19 വരെ പയ്യന്നൂർ കോളേജിൽ വെച്ച് നടത്തപ്പെട്ടു. മുപ്പത്തിരണ്ടോളം ഇനങ്ങളിലായി എൺപതോളം വിദ്യാർത്ഥികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കാൻ സാധിച്ചു. വർഷങ്ങൾക്കുശേഷം എംജി കോളേജ് തെരുവുനാടകത്തിൽ തങ്ങളുടെ സ്ഥാനം തിരിച്ചുപിടിച്ച വർഷമായിരുന്നു കടന്നുപോയത്.തെരുവുനാടകത്തിൽ എ ഗ്രേഡ് ഓടുകൂടി മൂന്നാംസ്ഥാനം എംജി കോളേജ് ടീം കരസ്ഥമാക്കി, കൂടാതെ എ ഗ്രേഡോടെ നാടോടി നൃത്തത്തിൽ ഒന്നാംവർഷ ഫിസിക്സ് വിദ്യാർഥിയായ അമർനാഥ് മൂന്നാംസ്ഥാനവും കുച്ചുപ്പുടി മത്സരത്തിൽ രണ്ടാം വർഷ മാത്സ് വിദ്യാർത്ഥിയായ അനഘ പി രണ്ടാം സ്ഥാനവും. ഇംഗ്ലീഷ് കവിതാലാപന മത്സരത്തിൽ മൂന്നാംവർഷ ഫിസിക്സ് വിദ്യാർത്ഥി സാന്ദ്ര മരിയ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. മൂന്നാംവർഷ ഫിസിക്സ് വിദ്യാർഥിയായ മഞ്ജുനാതും രണ്ടാംവർഷ ഫിസിക്സ് വിദ്യാർത്ഥിയായ പ്രണവും ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**ചിത്രങ്ങൾ പകർത്തിയത്**



**എബിൻ തോമസ്**
മൂന്നാം വർഷ ഫിസിക്സ്

**ഇന്റർ ഡിപ്പാർട്ട്മെന്റ് ചെസ്സ് കോമ്പറ്റീഷൻ**

2020 ജനുവരി 23ന് ഡിപ്പാർട്ട്മെന്റ് തലത്തിൽ വിദ്യാർഥികൾക്കായി ഇന്റർ ഡിപ്പാർട്ട്മെന്റ് ചെസ്സ് കോമ്പറ്റീഷൻ സംഘടിപ്പിച്ചു. മൂന്നാംവർഷ ഫിസിക്സ് വിദ്യാർത്ഥി അതുൽരാഗ് മത്സരത്തിൽ വിജയിയായി.



**സൂപ്പർ ബംബർ ഗെയിം ഷോ**

ക്യാമ്പസുകളുടെയും വിദ്യാർത്ഥികളുടെയും മനസ്സുകൾ ഒരുപോലെ കീഴടക്കിയ ZEE ടിവി യിലെ ജനപ്രിയ ഗെയിം ഷോ സൂപ്പർ ബംബർ എംജിലേക്ക് എത്തിക്കുവാൻ കോളേജ് യൂണിയന് അവസരം ലഭിച്ചു. വിദ്യാർത്ഥികളെ ഏറെ ആവേശം കൊള്ളിച്ച, ഒരു ദിവസം നീണ്ടുനിന്ന ഗെയിം ഷോയിൽ മൂന്നാം വർഷ ബികോം വിദ്യാർഥിനി നീതു തങ്കച്ചൻ സെമി ഫൈനൽ റൗണ്ട് വരെ മത്സരിക്കുകയും, ക്യാഷ്പ്രൈസ് നേടുകയുംചെയ്തു. കൂടാതെ മറ്റനേകം വിദ്യാർഥികൾ വിവിധ ഗെയിമുകളിൽ പങ്കെടുത്ത് സമ്മാനത്തിന് അർഹരായി.



**ഇന്റർ ഡിപ്പാർട്ട്മെന്റ് ബാഡ്മിന്റൺ കോമ്പറ്റീഷൻ**

ബാഡ്മിന്റണിൽ മികവുപുലർത്തുന്ന വിദ്യാർഥികൾക്ക് വേണ്ടി ജനുവരി 31 ആം തീയതി ഇന്റർ ഡിപ്പാർട്ട്മെന്റ് ബാഡ്മിന്റൺ കോമ്പറ്റീഷൻ സംഘടിപ്പിച്ചു. മത്സരത്തിൽ ബികോം ഡിപ്പാർട്ട്മെന്റ് വിദ്യാർഥികൾ വിജയികളായി.



**തരംഗ് 2020**

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ എംജി കോളേജ് ഫെസ്റ്റ് ആയ തരംഗ് 2020ന്റെ ഭാഗമായി മെഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. രണ്ടു പേരടങ്ങുന്ന ടീമായി സംഘടിപ്പിച്ച മത്സരത്തിൽ നിരവധി വിദ്യാർഥികൾ പങ്കെടുത്തു.ഒന്നാം വർഷ ബിബിഎയിലെ വിദ്യാർത്ഥിനികളായ ഫസ്ന, റഷ എന്നിവർ വിജയികളായി.



**ഇന്റർ ഡിപ്പാർട്ട്മെന്റ് ഫുട്ബോൾ കോമ്പറ്റീഷൻ**

കോളേജ് സ്പോർട്സ് നോട് അനുബന്ധിച്ച് നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് ഫുട്ബോൾ കോമ്പറ്റീഷൻ ഫെബ്രുവരി ആറാംതീയതി സംഘടിപ്പിക്കുകയും പ്രസ്തുത മത്സരത്തിൽ ബികോം ഡിപ്പാർട്ട്മെന്റ് വിജയികൾ ആവുകയും ചെയ്തു.



**പഞ്ചഗുസ്തി മത്സരം**

വിദ്യാർത്ഥികളിൽ ആവേശമുണർത്തി കൊണ്ട് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ

പഞ്ചഗുസ്തി മത്സരം ശ്രദ്ധേയമായിരുന്നു. ഫെബ്രുവരി ആറിന് സംഘടിപ്പിച്ച മത്സരത്തിൽ നിരവധി വിദ്യാർഥികൾ പങ്കെടുക്കുകയും ഏവർക്കും ആവേശം പകരുകയും ചെയ്തു. മത്സരത്തിൽ ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി മിഥുൻ വിജയിക്കുകയും ചെയ്തു.

**ഇന്റർ ഡിപ്പാർട്ട്മെന്റ് ക്രിക്കറ്റ് ടൂർണമെന്റ്**

ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെൻറിന്റെയും യൂണിയന്റെയും ആഭിമുഖ്യത്തിൽ കോളേജ് ഫെബ്രുവരി 11 ന് ഇന്റർ ഡിപ്പാർട്ട്മെന്റ് ക്രിക്കറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് ടൂർണ്ണമെന്റിൽ വിജയികളായി.

**സ്പോർട്സ് ഡേ**

കോളേജിന്റെ ആനുവൽ അത്‌ലറ്റിക് മീറ്റ് ഫെബ്രുവരി 12 ആം തിയതി നാഷണൽ സോഫ്റ്റ് ബോൾ ടീമംഗവും, ഹാൻഡ് ബോൾ ടീമംഗവും, യൂണിവേഴ്സിറ്റി സോഫ്റ്റ് ബോൾ കോച്ചുമായ അമൽജിത് ഉത്ഘാടനം ചെയ്തു. കോമേഴ്സ് ഡിപ്പാർട്മെന്റ് ഓവർ ഓൾ ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപ്പെട്ടു. മൂന്നാം വർഷ മാത്സ് വിദ്യാർത്ഥി അവിനാഷ് ആൺകുട്ടികളുടെ വിഭാഗത്തിലും, രണ്ടാം വർഷ ബികോം വിദ്യാർത്ഥിനി ബിൽന പെൺകുട്ടികളുടെ വിഭാഗത്തിലും വ്യക്തിഗത ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപെട്ടു.

**ട്രഷർ ഹണ്ട്**

ഫെബ്രുവരി 19 ന് യൂണിയന്റെ നേതൃത്വത്തിൽ ട്രഷർ ഹണ്ട് സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്മെന്റുകളിൽ നിന്നും ഒട്ടേറെ വിദ്യാർഥികൾ പങ്കെടുത്ത മത്സരത്തിൽ അരുൺരാജ് (മൂന്നാം വർഷ cs), ശരത് (മൂന്നാം വർഷ cs), അമൽ പി. (മൂന്നാം വർഷ cs), അസ്‌ലം (രണ്ടാം വർഷ ബി ബി എ) എന്നിവർ അടങ്ങുന്ന ടീം വിജയം കരസ്ഥമാക്കി.

ക്യാമ്പസ്സിന് നിറമേകാൻ, കലാലയ സ്വപ്നങ്ങൾക്ക് ചിറകേകാൻ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിന് ഞങ്ങളെ തിരഞ്ഞെടുത്ത പ്രിയപ്പെട്ട വിദ്യാർത്ഥികൾക്ക് നന്ദി പറയുന്നു. ഞങ്ങളെ പിന്തുണച്ച എല്ലാ അദ്ധ്യാപക അനദ്ധ്യാപകരെയും ഹൃദയത്തോട് ചേർത്തുവെച്ച് നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം ഈ റിപ്പോർട്ട് നിങ്ങൾ പൂർണ പരിഗണനക്ക് എടുക്കുമെന്ന് വിശ്വസിക്കുന്നു.

**ആൽബിൻ തോമസ്**
ജനറൽ സെക്രട്ടറി










#ProudBuildingPartner
#KannurAirport #Geosand
KANNUR International Airport Ltd.
KANNUR INTERNATIONAL AIRPORT
Geo mix CONCRETE
Geosand®
www.geosand.in
8113 04 11 13
7025 09 09 09
Geo mix®
CONCRETE
www.geomix.co.in
കോൺക്രീറ്റ് സാന്റ്, പ്ലാസ്റ്ററിങ് സാന്റ്, ജില്ലി, GSB,12mm എന്നിവ ലഭ്യമാണ്
KSIDC Industrial Growth Centre, Veliyavelicham, Koothuparamba - 670 643, Kannur (Dt) Kerala

# റൂഹ്

പ്രിയമുള്ളവരൊക്കെയും നിന്നിൽ പെയ്തതാവാം
നനഞ്ഞ് മതിയായില്ലെങ്കിലും നിന്നിൽ നിന്നും ഇറങ്ങുകയാണ്
പടവുകൾ ഇറങ്ങുമ്പോൾ കണ്ണ് നനയാൻ
നീ എനിക്ക് നഷ്ടമാകുന്നില്ലല്ലോ
നിന്നിലെ പ്രഭാതവും നിന്നിലെ രാത്രിയും
മറ്റാരേക്കാളും ഞാൻ അറിഞ്ഞിരുന്നു
നീ പെറ്റ കൂടപ്പിറപ്പുകളും
നിന്നിൽ അലിഞ്ഞ കട്ടന്റെ ചവർപ്പും
നിന്നിൽ നിറച്ച വിപ്ലവവും
നിന്നെ അറിഞ്ഞ വരാന്തകളും
നിനക്ക് വേണ്ടി അണിഞ്ഞ ജേഴ്സിയും
നീ പകർന്ന ചോരത്തിളപ്പും......
പുറമെ പെയ്ത് തോർന്നെങ്കിലും
ഉള്ളിലിന്നും പെയ്യുന്നു നീ
കാറും കോളും നിറഞ്ഞ പേമാരിയായ്
എങ്കിലും സമയം തെറ്റി വന്ന
ഒരു അതിഥി ഉണ്ടെനിക്ക്
എം.ജി എന്നോർക്കുമ്പോൾ നഷ്ടം പറ്റിയോ
എന്ന് തോന്നിപ്പോകുന്ന ഒരു അതിഥി
എംജി എന്ന വസന്ത കാലത്തെ ഓർക്കുമ്പോൾ
എംജി പൂത്തുനിൽക്കുകയാണ് അതിനിടയിൽ
എവിടെയോ കൊഴിഞ്ഞുപോയ ഒരു
ചെമ്പരത്തിപ്പൂവായ് അവളുണ്ട്
ഒരുപക്ഷേ അന്ന് കൊഴിഞ്ഞു വീണത്കൊണ്ടാവാം
അല്ലെങ്കിൽ അന്ന് പറിച്ചെടുക്കാൻ കഴിയാത്തത് കൊണ്ടാവാം
ഇന്ന് അത്രമേൽ പ്രിയപ്പെട്ടതായത്



**ഷാരൂൺ വി.**
മൂന്നാം വർഷ ബികോം





# നീൽസലാം

തളരാത്ത പോരാളികൾ
ദീപശിഖയേന്തി
മുന്നോട്ട് കുതിച്ചവർ...
വിവേചനങ്ങൾക്കെതിരെ
മുഷ്ടി ചുരുട്ടിയവർ...
അടിമകളല്ലെന്ന്
പ്രഖ്യാപിച്ചവർ...
ഈ മുദ്രാവാക്യം
ഉറക്കെ മുഴക്കികൊണ്ടേയിരിക്കുന്നു...

**നീൽസലാം...**



# ഓരോ വർണ്ണവും

ഓരോ വർണ്ണങ്ങൾക്കുമുണ്ട് പറയാൻ
ഒന്നല്ല, ഒരായിരം കഥകൾ.....
തെല്ല്ഭംഗിയില്ലെങ്കിലും അവയിലുമുണ്ട്,
സൗന്ദര്യത്തിന്റെ ഒരംശം.
കാറ്റിൻതലോടലിൽ ആ കഥകൾ,
സഞ്ചരിച്ചാഴ്ന്നിറങ്ങും....
ചിലപ്പോൾ ചില ചുമരുകളിൽ തട്ടിവീഴും
മറ്റുചിലപ്പോൾ ചില ഹൃദയങ്ങളിൽ
ഊഴ്ന്നിറങ്ങും.
കാലം ആ കഥകളെയും മഹത്തരമാക്കും
ചരിത്രത്തിൻ രക്തമാക്കിമാറ്റും.
പലപ്പോഴും വർണ്ണങ്ങളുടെ വർണന
വെറും കൗതുകം മാത്രമായിമാറുന്നു...
എന്നാൽ, ഓരോ വർണ്ണവും കൊതിക്കുന്നു
ചുമരുകളിൽതട്ടാതെ, ഇടവഴികൾപേറാതെ
ഒരു യാത്രപോകാൻ...
മനംകവരും ജീവിതാമാമൂഴിയിൽ ഒരു
വിജയപട്ടമായി മാറാൻ.
ലോകത്തിൻ മടിത്തട്ടിലേക്കിറങ്ങുമ്പോൾ
എന്തെന്നറിയാതെ, എങ്ങോട്ടെന്നറിയാതെ
വിജനമാം വീഥിയിൽ വിതറിനിൽക്കുന്ന
വർണ്ണമേ, നീ ഈ യാത്ര തുടരുന്നുവോ........?



**അർച്ചന കെ. പ്രദീപൻ**
ഒന്നാം വർഷ ഫിസിക്സ്



# CHAVASSERY SERVICE CO-OPERATIVE BANK LTD

P.O. CHAVASSERY-670702, (VIA) MATTANNUR, KANNUR DIST, KERALA

**HEAD OFFICE CHAVASSERY**
Phone: 0490 24333261, 2433381

Uliyil Branch: Phone 2434261
Br. Morning & Evening, 19th Mile: Phone: 2473650
Naduvanad Branch: Phone: 2434461

*President:*
Pavithran K.V.

*Secretary:*
Satheesh Chandran K.P.

ആശംസകളോടെ...

# കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ. സി.379, മട്ടന്നൂർ,
പി.ഒ മട്ടന്നൂർ, 670702, കണ്ണൂർ ജില്ല,
ഫോൺ: 0490 2473497

പ്രസിഡണ്ട്
കെ.ഗോവിന്ദൻ
9447328707

സെക്രട്ടറി
ആർ.കെ.നവീൻ കുമാർ
9947741517

# നുച്യാട് സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ സി.2020
മണിക്കടവ് പി.ഒ. കണ്ണൂർ ജില്ല
ഹെഡ്ഡോഫീസ്: മണിക്കടവ്, ഫോൺ: 2216161

നുച്യാട് 0460 2228116
മണിക്കടവ് 0460 2217929
പരിക്കളം ശാഖ 0460 2229929

പ്രസിഡണ്ട്
ബെന്നി ആഞ്ഞിലിതോപ്പിൽ

സെക്രട്ടറി
ടി.ഒ. ജോർജ്ജ്

# LE-ORION

GENTS SHOW ROOM
KANNUR ROAD
MATTANNUR

| | | | |
|---|---|---|---|
| 3 KIDS PANTS ₹ 999 | 2 PANTS ₹ 999 | 4 KIDS SHIRTS ₹ 999 | 3 SHIRTS ₹ 999 |

| | |
|---|---|
| 3 SHIRTS ₹ 999 | 1 PANT 1 SHIRT ₹ 999 |

| | |
|---|---|
| 4 KIDS SHIRTS ₹ 999 | 3 T-SHIRTS ₹ 499 |

**HITLER**
GENTS & BOYS
IRITTY



# ഇതൾ വിരിയാതെ



**അനുഗ്രീത പി.**
രണ്ടാം വർഷ ബി.ബി.എ.

**നീ** എന്നെ പുണരും മുമ്പേ ചെയ്തു തീർക്കേണ്ട കാര്യങ്ങൾ എന്റെ ചിന്തകളിൽ ചേക്കേറിയിരിക്കുന്നു. നിന്റെ മുന്നിൽ ഞാൻ ഒന്നുമല്ലാതാകുന്നു. എത്രയോ ദിന രാത്രങ്ങളിൽ ഞാൻ കണ്ട സ്വപ്നങ്ങൾ സാക്ഷാത്കൃതമാകാതെ പോകുന്നു. നീ എന്തിന് ഇങ്ങനെ എന്നെ സ്നേഹിക്കുന്നു? ഈ അവസാന നിമിഷങ്ങളിൽ ഏകാന്തതയുടെ മടിത്തട്ടിൽ ഞാൻ നിന്നെയും കാത്തിരിക്കുന്നു. ഒരു വരിയെങ്കിലും എഴുതണമെന്ന ആശയോടെ ഞാനെടുത്ത ആ പഴയ നോട്ടുബുക്കിന്റെ കടലാസുകളും എന്നോടു പറഞ്ഞു, നീ...... തനിച്ചാണ്, ഏത് നിമിഷവും മരണം നിന്നെ തേടിയെത്തും....ഇത്രയും കാലം ചെയ്ത കാര്യങ്ങളിൽ തെറ്റ് പറ്റിയോ?

ആരെയെങ്കിലും നോവിച്ചോ?

ആരോടെങ്കിലും എന്തെങ്കിലും പറയാൻ മറന്നോ.... അറിയില്ല... പക്ഷെ, ഒന്നുണ്ട് ഞാൻ പറയാനാഗ്രഹിച്ചത് ഒന്നും ഇന്നോളം എനിക്ക് പറയാൻ സാധിച്ചിട്ടില്ല. എന്തോ ഒരു ധൈര്യക്കുറവ്. പഠിച്ച കലാലയത്തിന്റെ ഓർമ്മകളിൽ അത് നിറഞ്ഞു നിൽക്കുന്നു. എന്നും അത് ഞാനോർക്കുന്നു. പല തവണ ശ്രമിച്ചതാണ് മറക്കാൻ. പക്ഷെ കഴിയുന്നില്ല. മറക്കാൻ ശ്രമിക്കുന്നതാണ് മനസ്സിൽ കൂടുതലായി പ്രത്യക്ഷപ്പെടുന്നത്.

ഇപ്പോൾ ഈ നിമിഷം പറയണമെന്നുണ്ട്. പക്ഷെ വൈകിപ്പോയി. പറയേണ്ടത് എന്റെ മനസ്സിൽ തന്നെ കുഴിച്ചു മൂടാൻ ഞാൻ തീരുമാനിച്ചു.ഒന്നും എഴുതാൻ ആകാതെ ആ നോട്ടുബുക്ക് അടച്ചുവെച്ചു. മുറ്റത്തേക്കിറങ്ങി ആകാശത്തിന്റെ....... രാത്രിയുടെ സൗന്ദര്യവും ആസ്വദിച്ച് ഒരുപിടി നേരം.....

ഇന്നോളം ഇല്ലാത്ത ഒരു തരം മനോഹാരിത രാത്രിക്കുണ്ടെന്ന് ഞാൻ മനസ്സിലാക്കി. തിരിച്ച് ഒറ്റപ്പെട്ട മുറിയിലേക്ക്....

ചാരു കസേരയിൽ നിവർന്നു കിടന്നു. പിന്നെ മെല്ലെ പേനയെടുത്ത് ഞാൻ എഴുതി. ഒരു ഡയറിക്കുറിപ്പ്. ഒരുപക്ഷെ എന്റെ അവസാനത്തെ ഡയറിക്കുറിപ്പ്. ഞാനും എന്റെ ചിന്തകളും സ്വപ്നങ്ങളും പറയാതെ ബാക്കിവെച്ച പ്രണയത്തിന്റെ ഓർമ്മകളും എന്റെ കൂടെ മണ്ണിലലിഞ്ഞു തീരട്ടേ..... •

# ഓർമ്മകളിൽ
## അച്ചായൻ



**തോമസ് എം. ജെ.**
**ഓഫീസ് അറ്റൻഡന്റ്**

ഈ കലാലയം
എന്നും ഓർക്കും
ഞങ്ങളുടെ മനസ്സിൽനിന്ന്
മായില്ല ഈ മുഖം...



**ആതിര എൻ.ടി.**
രണ്ടാം വർഷ ബി.ബി.എ.

# പ്രണയകാവ്യം..!

**കണ്ണുകളാൽ** ഒരായിരം കഥകൾ അവർ പറഞ്ഞു കഴിഞ്ഞു. അവരുടെ മനസ്സ് ആ കടലാസുകഷ്ണങ്ങളിൽ പ്രതിഫലിച്ചു. അതിലെ ഓരോ വരികളും മനസ്സിൽ പ്രണയത്തിന്റെ പുതിയ വിത്തു പാകി. ചുറ്റുമുള്ള ഓരോ അണുവിലും അവർ പ്രണയം കണ്ടെത്തി. ഇണക്കങ്ങളും പിണക്കങ്ങളും അവരെ കൂടുതൽ അടുപ്പിച്ചു. അവളുടെ ചിരി അവനിൽ പ്രത്യാശ നൽകി. മെയ്മാസപ്പുലരിയിൽ പൂക്കളാൽ മെത്ത തീർത്ത ആ വീഥിയിലൂടെ അവർ നടന്നു. പുതുമഴ അവരുടെ സ്വപ്നങ്ങൾക്ക് ഏഴുവർണങ്ങൾ നൽകി. നീഹാരം ആ പ്രണയത്തെ ശക്തമാക്കി. ഒഴുകുന്ന പുഴ അവരുടെ പ്രണയത്തിന് സംഗീതമായി. ദുഃഖങ്ങൾക്ക് സാഗരം സാക്ഷിയായി.... പ്രണയത്തിന്റെ തിരമാലകൾ അവരെ തഴുകികൊണ്ട് കടന്നുപോയി.... പ്രണയത്തിന് അവർ അങ്ങനെ പുതിയ നിർവ്വചനങ്ങൾ ഉണ്ടാക്കി . ഒടുവിൽ ജീവിത സായാഹ്നത്തിൽ അണയാൻ പോകുന്ന സൂര്യനെപ്പോലെ അവർ കത്തിജ്വലിച്ചു. ആ ജ്വാല മെല്ലെ മണ്ണോടലിഞ്ഞു ചേർന്നു. അപ്പോഴും ആ കൈകൾ അകന്നിരുന്നില്ല. പ്രണയം എത്ര ശക്തമാണെന്ന് അവർ തെളിയിച്ചു. അവരുടെ വിയോഗത്തിൽ മരങ്ങൾ ഇലകൾ പൊഴിച്ചു, കടൽ ആർത്തിരമ്പി, ഋതുക്കൾ കടന്നുപോയി. ഒരിക്കലും തീരാത്ത പ്രണയത്തിന്റെ ബാക്കി പത്രമായി അവർ ഇന്നും അവിടെയുണ്ട്.

കളങ്കമില്ലാത്ത സ്നേഹത്തിന്റെ നേർചിത്രമായി പിന്നീട് കാലത്തിന്റെ കയങ്ങളിൽപെട്ട് ആ പ്രണയം വ്യാഖ്യാനിക്കപ്പെട്ടു ......

ഞാനും എഴുതി ഒരു
പ്രണയകാവ്യം ....... !

# മൗനസാക്ഷി




**അതുല്യ കെ.ജെ.**
ഒന്നാം വർഷ ബികോം


എന്നും അവർ കണ്ടുമുട്ടാറുള്ള വഴികളിൽ അവൾ അവനെ തിരഞ്ഞു. എങ്ങും കാണാനായില്ല. കലാലയ വരാന്തകളിലും ഇടവഴികളിലും അവൾ അലഞ്ഞു. എന്തോ അടർന്നുവീഴുന്ന വേദന അവൾക്ക് അനുഭവപ്പെട്ടു. ഹൃദയം ശക്തമായി ഇടിച്ചുകൊണ്ടേയിരുന്നു. ഒരു നിമിഷത്തേക്ക് അവൾക്ക് തന്നെ നിയന്ത്രിക്കാനായില്ല. അവനെ ഇത്ര ഭ്രാന്തമായി താൻ സ്നേഹിച്ചിരുന്നു എന്ന് ഇന്നേവരെ അവൾക്ക് മനസ്സിലായിരുന്നില്ല. എന്നാൽ ഈ നിമിഷം......

കണ്ടുമുട്ടിയ നാൾമുതൽ ഇന്നേവരെ തനിച്ചിരുന്നു സംസാരിച്ചിട്ടില്ല, ഒന്നു നടക്കാനിറങ്ങിയിട്ടില്ല. എന്തിന്, പരസ്പരം ഇഷ്ടമാണെന്നുകൂടി പറഞ്ഞിട്ടില്ല. എങ്കിലും തങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എന്തോ ഒന്ന് അവർക്കിടയിൽ ഉണ്ടായിരുന്നു. അവൾ ഓർക്കുന്നു, അന്ന് അവൻ പറഞ്ഞിരുന്നു 'നാം ചെയ്യുന്നതിനും ചെയ്യിപ്പിക്കുന്നതിനും സാക്ഷിയായി ഈ ഗാന്ധി ഇവിടെ തന്നെ ഉണ്ടാകും'. എങ്കിലും, എല്ലാം നിശബ്ദമായി നോക്കിനിൽക്കുന്ന ഗാന്ധിജിയുടെ പ്രതിമ അവളിൽ കൗതുകം ഉണർത്തിയിരുന്നില്ല.

ഒരു ഞെട്ടൽ എന്നോളം അവൾ കേട്ട ശബ്ദം നൂറു കണ്ഠങ്ങളിൽ നിന്നുയർന്ന നിലവിളിയായിരുന്നു. എന്തെന്നറിയാതെ അവൾ അതിനെ പിൻതുടർന്നു.

ചക്രവ്യൂഹം പോലെ എന്തിനെയോ ചുറ്റിനിന്നവരെ വകഞ്ഞുമാറ്റി അവൾ കണ്ട കാഴ്ച......

അനായാസപ്പെട്ട് കണ്ണുകൾ തുറന്നപ്പോൾ അവൾ നാലുചുവരുകൾക്കുള്ളിലാണ്.

അവൻ വിശ്വസിക്കുന്ന പ്രസ്ഥാനം അവന് ജീവനായിരുന്നുവെങ്കിൽ, അവൻ എന്റെ പ്രാണനായിരുന്നു. അവൻ ചുരുട്ടിയ മുഷ്ടിയിൽ എന്റെ ഹൃദയമായിരുന്നു...

കുടുംബത്തിന്റെ അത്താണിയും അമ്മയുടെ പ്രതീക്ഷയും കുഞ്ഞനിയത്തിയുടെ പ്രത്യാശയും അവനായിരുന്നു.....

അവൻ ഉയർത്തിയ ശബ്ദം അത്,

നമുക്കുവേണ്ടിയായിരുന്നു....എന്നിട്ടും..... എന്നിട്ടും.....

അപ്പോഴും എല്ലാ ചെയ്തികൾക്കും

സാക്ഷിയായി ആ ഗാന്ധി അവിടെ തന്നെ ഉണ്ടായിരുന്നു. ചെയ്യുന്നതിനും ചെയ്യിപ്പിക്കുന്നതിനും ഒരു മൗനസാക്ഷിയായി...





# നിന്നോട് മാത്രം

**അനീഷ കെ.ജെ.**
രണ്ടാം വർഷ ബികോം

**ഈ** പ്രണയം എന്നുള്ളത് ഒരത്ഭുതമാണല്ലേ?

അല്ലെങ്കിൽ പിന്നെ ആദ്യ കാഴ്ചയിലെ വെറുപ്പിൽ നിന്ന്, ഒഴിഞ്ഞുമാറലിൽ നിന്ന് അസ്ഥിനുറുങ്ങുന്ന വേദനയിലേക്ക് നിനക്കെന്നെ എത്തിക്കാൻ സാധിക്കുമായിരുന്നില്ല. ഹൃദയത്തിന്റെ ഏകാന്തമായ ഒരു കോണിൽ കുഴിച്ചു മൂടിയിട്ടും വീണ്ടും വീണ്ടും നിന്റെ ഓർമകൾ തളിരിലയായി കിളിർക്കുകയും ചെയ്യുമായിരുന്നില്ല.

നീ എനിക്ക് ഇന്നും ഒരു മാന്ത്രികതയാണ്. ജീവിതത്തിന്റെ ഇരുധ്രുവങ്ങളിലായിരുന്ന നമ്മൾ എങ്ങനെ പരിചിതരായി? എങ്ങനെ ഞാൻ നിന്നിലേക്ക് വന്നു എന്നൊന്നും ചോദിക്കരുത്. ചില ചോദ്യങ്ങൾക്ക് ഉത്തരം ഇല്ലാത്തതാണ് ഭംഗി. ഒരുപാട് മനുഷ്യർ കടന്നകന്നു പോയാലും കടന്നു കയറിയതിൽ പിന്നെ പോകരുതെയെന്ന് തോന്നിപ്പിക്കുന്ന ഒരാളായിരുന്നു നീ.

ഓർമകളുടെ ലഹരിയിൽ ഞാൻ എത്ര നാൾ കഴിഞ്ഞുകൂടി? ഇപ്പോൾ ഞാൻ താലോലിക്കുന്ന പ്രീയപ്പെട്ട ഒരോർമ്മയാണ് നീ.

ഓർമകളുടെ കുത്തൊഴുക്കിൽ നീയും നീ തന്ന നിമിഷങ്ങളും ഒലിച്ചു പോകാൻ തുടങ്ങുന്നുവോ എന്നൊരു സംശയം എന്നെ അലട്ടി കൊണ്ടിരിക്കുന്നു. ഇന്നു ഞാൻ വേദനിക്കുന്നുവെങ്കിലും ഒരുനാൾ എന്നെ ഏറ്റവും അധികം സന്തോഷിപ്പിച്ച നിമിഷങ്ങളാണ് എനിക്ക് നീ സമ്മാനിച്ചത്.

നീ എന്ന ജീവൻ എന്റെ ആത്മാവിന്റെ ഒരംശമായി ഇന്നു നിലനിൽക്കുന്നു. ചെറിയകാര്യമെന്ന് നിസ്സാരമായി മുദ്രകുത്തുന്ന പലകാര്യങ്ങളുണ്ട്. കാണുന്നവർക്ക് അത് ഒരു തീക്കനൽ തന്നെയാണ്. തീക്കനൽ വായുവിന്റെ സ്പർശനമേൽക്കുമ്പോൾ ആളിക്കത്തുന്നതുപോലെ എന്തൊക്കെയോ കൊണ്ടു നടക്കുന്നവരുടെ കൂട്ടത്തിലാണ് ഞാൻ എന്ന് നീ തിരിച്ചറിയുമോ?

എന്റെ പ്രിയപ്പെട്ടവരുടെ പേരുകൾ ചേരുന്നിടത്ത് നിന്റെ പേരും കാണും. എന്റെ ജീവനാഡിയുടെ അവസാന നാദം വരെയും. നീ എന്നിൽ ബാക്കി വെച്ച ഓർമ്മയുടെ സത്ത് എന്നിൽ നിന്നു ചോർന്നു പോകുന്നിടത്ത് ഞാൻ എന്ന അദ്ധ്യായം അവസാനിക്കുകയും ചെയ്യും.

# അന്നു പെയ്ത മഴയിൽ



**അഭിരാം കെ.എസ്.**
മൂന്നാം വർഷ ബി.ബി.എ.

ഇരുണ്ടു മൂടിക്കെട്ടിയ ആകാശം ചെറു കാറ്റിനെയും അയച്ച് മഴയുടെ സൂചന നൽകി. റെയിൽവേ സ്റ്റേഷന്റെ ഉള്ളിൽ തീവണ്ടിയുടെ ചൂളംവിളികൾ മുഴങ്ങുന്നുണ്ട്. പ്ലാറ്റ്ഫോം നമ്പർ രണ്ടിൽ എന്റെ ട്രെയിൻ എടുക്കുന്നതും കാത്തിരുന്നു ഞാൻ. അതിശക്തമായ മഴ പെയ്യുവാൻ തുടങ്ങി. അതിലെ തുള്ളികൾ എന്റെ ദേഹത്ത് ഇറ്റിറ്റു വീഴുമ്പോൾ അത് വകവയ്ക്കാതെ എന്റെ ചിന്തകൾ എന്റെ പഴയ കലാലയ ഓർമ്മകളിലൂടെ കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. അതെ ഇതുപോലെ ഒരു മഴയിലൂടെയാണ് കോളേജിൽ എന്റെ ഒരു പുതിയ അധ്യായം തുടങ്ങുന്നതും അവസാനിക്കുന്നതും. മഴ തോരാതെ പെയ്യുമ്പോഴെല്ലാം ഞാൻ കരുതും മഴയ്ക്ക് ഭൂമിയോട് തീരാത്ത പ്രണയമാണെന്ന്, ആ ശക്തമായ മഴയിൽ കിളികൾ കൂടണയും പോലെ പെട്ടെന്ന് മഴയിൽ നിന്ന് കരകയറാൻ എന്റെ കുട തേടിവന്ന ഒരു കുട്ടിയുണ്ടായിരുന്നു. എന്റെ ആദ്യ പ്രണയം, എല്ലാത്തിനും നന്ദി ആ മഴയ്ക്കാണ്. കുട അവൾക്ക് നൽകി തൊട്ടടുത്ത എന്റെ ഡിപ്പാർട്മെന്റിലേക്ക് നടന്നു ചെല്ലുമ്പോൾ മനസ്സിൽ ഒന്നുമാത്രം, ഒരു വിവരവും അവളെക്കുറിച്ച് എനിക്കറിയില്ല! ഏത് ഡിപ്പാർട്ട്മെന്റ്, പേര്, വീട് എന്നൊക്കെ... ആവേശത്തിന് കുടയും നൽകി 'ദൈവമേ വീട്ടിൽ ഇനി കുടയില്ലാതെ കയറിച്ചെന്നാൽ





ചേച്ചിയും അമ്മയും കൂടി എന്നെ കൊല്ലുമോ' ഞാൻ മനസ്സിലോർത്തു. 'ആവേശം ഇച്ചിരി കൂടി പോയില്ലേ... ഒരു പെണ്ണിനെ കണ്ടപ്പോൾ' എന്ന് തോന്നിയെങ്കിലും മനസ്സു മുഴുവനും അവളുടെ കണ്ണുകൾ മാത്രം. പതിവുപോലെ ഞാൻ ക്യാന്റീനിൽ പോയി ചായ പറഞ്ഞിട്ട് മേശപ്പുറത്ത് ഇരുന്നു. പെട്ടെന്ന് ഒരാൾ കയറിവന്ന് കുട തന്നു. എനിക്ക് ആ നിമിഷം വിചിത്രമായി തോന്നി. അവളെ വീണ്ടും കണ്ടുമുട്ടും എന്ന് ഞാൻ കരുതിയതേയില്ല. നന്ദി വാക്കിൽ തുടങ്ങി പരസ്പരം ഞങ്ങൾ പരിചയപ്പെട്ടു. നഗരത്തിലെ കുട്ടിയാണവൾ, പേര് അപൂർവ. പിന്നീട് ഇടയ്ക്കിടെ അവളെ കാണുമായിരുന്നു. ഞാൻ ബിബിഎയും അവൾ ഫിസിക്സ് ഡിപ്പാർട്ട്മെന്റും. പിന്നീടവളെ കാണാൻ കിട്ടുന്ന ചെറു വഴികൾ പോലും കളയുമായിരുന്നില്ല. പാർട്ടി പരിപാടികൾ, എൻഎസ്എസ് മീറ്റിംഗ്, ലൈബ്രറി,സ്പോർട്സ് ഡേ, ആർട്സ് ഡേ, കാലം പയ്യെപ്പയ്യെ കാലചക്രം നീക്കിയപ്പോൾ എങ്ങനെയോ പരസ്പരം ഞങ്ങൾ അടുത്തു. അവസാന വർഷത്തെ പരീക്ഷയും കഴിഞ്ഞു മടങ്ങിയപ്പോൾ കനത്ത മഴയിൽ കാണാൻ പോലും പറ്റാതെ പോയത് എന്റെ ജീവിതത്തിലെ ഒരു നഷ്ടം എന്നായിരുന്നു ഞാൻ കരുതിയിരുന്നത്. അന്ന് വിധിയെ പഴിച്ചു ഞാൻ. ഇനി കാണുമോ, എന്താണ് ഇനി ഭാവി എന്നൊക്കെയായി ചിന്ത. 10 കൊല്ലം കഴിഞ്ഞു കോളേജ് കാലം കഴിഞ്ഞപ്പോൾ ട്രെയിൻ എടുത്തു തുടങ്ങി മഴ തുടങ്ങി പെട്ടെന്ന് ആരോ എന്റെ കൈകൾകോർത്ത് പിടിക്കും പോലെ തോന്നി....

ഏയ് തോന്നലല്ല യാഥാർത്ഥ്യമാണ്. അവളായിരുന്നു അത് എന്റെ

അപൂർവ. അത് അങ്ങനെയാണ് നമ്മുടെ ചില സ്വപ്നങ്ങൾ നേടിയെടുത്ത് നല്ല ജീവിതം മുന്നോട്ടു നയിച്ചാലും നേടിയെടുത്തതിന്റെ അമ്പരപ്പ് എപ്പോഴും കാണും. ഓർമ്മകൾ എന്നും മധുരം ഉള്ളവയാണ്.....ഡിഗ്രി കഴിഞ്ഞ് ജോലി നേടിയതും പ്രൊപ്പോസലുമായി അങ്ങോട്ടു ചെന്നതും വിവാഹം കഴിച്ചതും എല്ലാം മറന്നു പോയി. ഇപ്പോഴും നല്ലൊരു മഴപെയ്താൽ അവൾ മാത്രം. അവളെ നോക്കി എന്റെ നെഞ്ചോട് ചേർത്ത് കൈകൾകോർത്ത് ഞങ്ങൾ ബോഗിയിൽ ജീവിതമാകുന്ന യാത്ര തുടർന്നു. മഴയുടെ അകമ്പടിക്കാലം കഴിഞ്ഞിട്ടും ഞങ്ങളുടെ സഹപാഠിയായി മഴ ഇപ്പോഴുമുണ്ട്. വിധി അതൊരു വല്ലാത്ത സംഭവം തന്നെയാണ്. ഓർക്കുവാൻ ആയി എന്തെങ്കിലുമൊക്കെ ബാക്കിവയ്ക്കാതെ ഒരു മഴയും പെയ്തു തോരുന്നില്ല. ●

# മഴ പ്രളയമാകുമ്പോൾ

ഓർക്കുന്നു ഞാൻ ഇന്നുമാ
കുഞ്ഞിന്റെ
തേങ്ങലെൻ കാതിൽ മുഴങ്ങുന്ന പോൽ
ഭാവിയിലെന്തെന്നറിയാതൊരു ജനം
നിൽക്കുന്നിതാ മൂക സാക്ഷിയായ്
തുള്ളിക്കൊരു കുടം പെയ്യുന്ന മഴയന്ന്
പേമാരിയായ് പതിച്ചിരുന്നു
ജാതി ഭേദത്തിൻ മതിൽ കെട്ടുകൾ
അപ്പാടെ പൊട്ടിച്ചെറിഞ്ഞിരുന്നു
കൈയ്യും മെയ്യും മറന്നന്നു നാം
തോളോടു തോൾ ചേർന്ന് നിന്നൊരു നാൾ
മകനാൽ മുറിപ്പെട്ടൊരമ്മയെപ്പോൽ
കണ്ണീരൊഴുക്കുന്നുവോ ഭൂമി നീ
നിന്നുടെ കണ്ണീർ കയത്തിൽ നിന്നും
കരകയറുന്നു നാം മെല്ലെ മെല്ലെ
തെറ്റുകൾ ചെയ്യുന്നു മർത്ത്യർ നാം എങ്കിലും
അമ്മയായ് കണ്ട് പൊറുക്കേണമേ
ഇനിയൊരിക്കൽ കൂടി നിന്റെ
കണ്ണുനീർ പ്രളയമായ് മാറരുതേ...



**നവീൻ എ.വി.**
രണ്ടാം വർഷ ബി.ബി.എ.




ഹൈലക്സ്
100

# Retirement



Dr. K.V. Devadhasan



Mr. K.C. George

*"I realize by being a teacher I am making an important contribution to all the national development initiatives"*

*-APJ Abdul Kalam*



# കാത്തിരിപ്പിനൊടുവിൽ



**തീർത്ഥ എൻ.ബി.**
ഒന്നാം വർഷ ഫിസിക്സ്

**2020** ജനുവരി മാസത്തിൽ നടന്ന കണ്ണൂർ യൂണിവേഴ്സിറ്റി കലോൽസവം എനിക്ക് ഒരു പാഠമായിരുന്നു. പലതും അറിയുവാനും പഠിക്കുവാനും കഴിഞ്ഞ ദിനങ്ങൾ. 'പാതിര' എന്ന ഞങ്ങളുടെ തെരുവുനാടകത്തിന് മൂന്നാം സ്ഥാനം കിട്ടി എന്നതിനേക്കാൾ നല്ല പ്രയോഗം ഞങ്ങൾ നേടിയെടുത്തു എന്നതാണ്. ഇനി ഒരിക്കലും ഇത്തരത്തിലുള്ള അനുഭവം എന്റെ ജീവിതത്തിൽ ഉണ്ടാകില്ല. അത്രയും അനുഭവങ്ങളും തിരിച്ചടികളും നിറഞ്ഞ കുറച്ചു ദിവസങ്ങൾ. ഒരുപാട് കഷ്ടപ്പാടുകൾക്കൊടുവിൽ പലരേയും സന്തോഷിപ്പിച്ച, ഒരു പൂവിന്റെ തലോടലായി മാറിയ കഥ.



എം.ജിയുടെ കിരീടത്തിൽ ഒരു പൊൻതൂവൽ ചേർക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. അതിൽ ഇത്തിരി അഹങ്കാരം കൂടെയുണ്ട് എന്ന് തന്നെ കൂട്ടിക്കോ ! നഷ്ടപ്പെട്ടുപോയ ഒന്നിനെ തിരിച്ചുപിടിച്ച ഒരാളുടെ മനസ്സ് എന്താണെന്നറിഞ്ഞ ദിനം. ഒരുകാലത്ത് എം.ജിയുടെ മാത്രം സ്വന്തമായിരുന്ന മത്സര ഇനം എപ്പോഴോ കൈവിട്ടുപോയി. തെരുവുനാടക മത്സരങ്ങളിൽ എം.ജി. എവിടെയും ഇല്ലാത്ത കാലങ്ങൾ. എന്നാൽ ഇന്ന് അത് തിരിച്ചു പിടിക്കുവാൻ കഴിഞ്ഞു എന്നോർക്കുമ്പോൾ അഭിമാനമാണ് തോന്നുന്നത്. ഒന്നാം സെമസ്റ്റർ പരീക്ഷയും ആർട്സ് ഡേ യുടെ ചൂടും മാറി വരുന്നേയുള്ളൂ. അപ്പോഴാണ് തെരുവുനാടകത്തിനുള്ള സെലക്ഷൻ നടക്കുന്നു എന്നറിഞ്ഞത്. ഒരു കൗതുകം തോന്നി സെലക്ഷന് പോയപ്പോൾ അറിഞ്ഞിരുന്നില്ല, എപ്പോഴും മനസ്സിൽ ചേർത്തുപിടിക്കാൻ കഴിയുന്ന ഒരുപാട് നല്ല നിമിഷങ്ങൾ ഇനിയുള്ള കുറച്ച് ദിവസങ്ങൾ എനിക്ക് സമ്മാനിക്കും എന്ന്.

ഇന്ന് നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഒരുപാട് അന്ധവിശ്വാസങ്ങൾക്കും അനീതികൾക്കും എതിരെയാണ് ഈ തെരുവുനാടകം എന്നറിഞ്ഞപ്പോൾ ചെറിയ ഒരു ഭയവും ആശങ്കയും മനസ്സിലുണ്ടായിരുന്നു. കാരണം ഇതെങ്ങനെ ഫലപ്രദമായി അവതരിപ്പിക്കും എന്നത് ഒരു ചോദ്യചിഹ്നമായി എന്റെ മുൻപിൽ നിന്നു. എന്നാൽ ഈ ആശങ്കകളെയെല്ലാം മറികടക്കുവാൻ സുരേന്ദ്രൻ കല്ലൂർ, രമേശൻ പുലപ്പള്ളി എന്നീ സാറന്മാരുടെ പരിശീലനത്തിലൂടെ കഴിഞ്ഞു. കുരങ്ങന്മാരെ പോലെ ഓരോന്നിൽ വലിഞ്ഞുകേറിയും പൊയ്ക്കാലിൽ നടന്നും അട്ടഹസിച്ചും കരഞ്ഞും ആക്രോശിച്ചുമെല്ലാം ആ ദിനങ്ങൾ മനസ്സിൽ ഇടംപിടിച്ചു. ക്യാമ്പസിനെ തൊട്ടറിയുവാൻ സാധിച്ച ദിവസങ്ങളായിരുന്നു അത്. കോളേജിലെ നൈറ്റ് സ്റ്റേ ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങളായിരുന്നു. ഉറക്കം പോലുമില്ലാതെ ചരടിൽ പ ശ ചേർത്ത് ഒട്ടിച്ച രാത്രി ! മറ്റുള്ളവർ ക്ലാസ്സ്മുറികളിലെ യൂട്ടിലിറ്റി തിയറികളിലും ശിപായിലഹളകളിലും ന്യൂട്ടന്റെ ആപ്പിൾ തിയറിയിലും കുടുങ്ങിക്കിടക്കുമ്പോൾ ഞങ്ങൾ

ഗോമാതാവിലും CAA യിലും NRC യിലും കുടുങ്ങിക്കിടക്കുകയായിരുന്നു. ക്യാമ്പസ് മുഴുവനും ഓടി നടക്കുമ്പോൾ എം.ജി യുടെ പ്രാണൻ ഞാൻ തൊട്ടറിയുകയായിരുന്നു. എന്തിനും ഏതിനും കൂടെനിന്ന് ഒരുവിളിപ്പാടകലെ ഞങ്ങളെ പ്രോത്സാഹിപ്പിച്ച ഒരുപാടുപേർ. നന്ദി പറഞ്ഞാൽ മതിയാകില്ല ഓരോരുത്തരോടും. എന്നാൽ ഇതിനെക്കാളേറെ നന്ദി പറയുവാനുള്ളത് ഞങ്ങളെ അവഗണിച്ചവരോടും നിരുത്സാഹപ്പെടുത്തിയവരോടുമാണ്. നഷ്ടങ്ങൾ തിരിച്ചു പിടിച്ചപ്പോൾ, തലയുയർത്തി നിന്നപ്പോൾ അഭിമാനത്തോടെ ഞങ്ങൾക്ക് പറയാം 'തന്ന വാക്ക് ഞങ്ങൾ പാലിച്ചിരിക്കുന്നു' എന്ന്.

കോളേജ് യൂണിയന്റെ അമരക്കാരനായ വിഷ്ണുവേട്ടൻ തന്നെ ഞങ്ങളുടെ കൂടെയുണ്ട് എന്നറിഞ്ഞപ്പോൾ കൂടുതൽ ധൈര്യമായിരുന്നു. അബ്ദുൾ മുദില്ലയായി സാന്ദ്രയും അലീമയായി സ്നേഹയും മാറിയപ്പോൾ അവർക്ക് കരുത്തേകാൻ ഞങ്ങൾ ഓരോരുത്തരും കൂടെ നിന്നു. കോളേജ് ഓഡിറ്റോറിയത്തിന്റെ നാലു ചുമരുകൾക്ക് പുറത്തേക്ക് ഞങ്ങളുടെ തെരുവുനാടകം കടക്കുന്ന ദിനം, കലോൽസവത്തിൽ തെരുവുനാടകമത്സരം നടക്കുന്ന ദിനം. ഒരുപാട് ദിവസത്തെ ഞങ്ങളുടെ കഷ്ടപ്പാടുകൾക്ക് റിസൾട്ട് കിട്ടുന്ന ആ ദിവസം വന്നെത്തി. വിനോദിന്റെയും ആയിഷയുടെയും പ്രണയത്തിന് സാക്ഷിയായ പയ്യന്നൂർ കോളേജിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. ബസ്സിൽ പോകാൻ തീരുമാനിച്ചിരുന്ന ഞങ്ങൾ സാധനങ്ങൾ കൊണ്ടുപോകാൻ വന്ന ഒരു പിക്കപ്പിലാണ് പയ്യന്നൂരിലെത്തിയത്. മറ്റുള്ള കോളേജുകളുടെ പ്രകടനങ്ങൾ കാണുമ്പോൾ മനസ്സിൽ ചെറിയ തോതിൽ ഭയം തോന്നിയെങ്കിലും 'ഇത് ഞങ്ങൾ നേടും' എന്ന് മനസ്സിൽ പറഞ്ഞുവെച്ചു. പ്രതീക്ഷിച്ചതിലും നന്നായിത്തന്നെ ഞങ്ങൾ ഓരോരുത്തരും കഥാപാത്രങ്ങളായി മാറി. മത്സരത്തിന് ശേഷം എല്ലാവരും ഞങ്ങളുടെ കോളേജിന് അനുവദിച്ച മുറിയിൽ തിരിച്ചെത്തി ടെൻഷന



**നഷ്ടങ്ങൾ തിരിച്ചു പിടിച്ചപ്പോൾ, തലയുയർത്തി നിന്നപ്പോൾ അഭിമാനത്തോടെ ഞങ്ങൾക്ക് പറയാം 'തന്ന വാക്ക് ഞങ്ങൾ പാലിച്ചിരിക്കുന്നു' എന്ന്.**



ടിച്ചിരുന്നു. തെരുവുനാടകമല്ലാതെ മറ്റനേകം വിഭാഗങ്ങളിലും എം.ജിയുടെ ചുണക്കുട്ടികൾ കഴിവ് തെളിയിക്കുന്നുണ്ടായിരുന്നു.

കാത്തിരിപ്പിനൊടുവിൽ ആ നിമിഷം ഞങ്ങളെ തേടിയെത്തി. തെരുവുനാടകമത്സരത്തിന് എം.ജി.കോളേജിന് മൂന്നാം സ്ഥാനം. നഷ്ടപ്പെട്ടത് തിരിച്ചുപിടിച്ച സന്തോഷമായിരുന്നു ഓരോരുത്തരുടെയും മുഖത്ത്, അതിനെക്കാളുമുപരി പറഞ്ഞ വാക്ക് പാലിക്കാൻ കഴിഞ്ഞതിലും. നന്ദി പറഞ്ഞാൽ തീരില്ല. തളർത്തുവാൻ ശ്രമിച്ചവരോട്, കൈപിടിച്ചു കൂടെ നിന്നവരോട്, മാറിനിന്ന് വീക്ഷിച്ചവരോട് അങ്ങനെ എല്ലാവരോടും.

അന്ന് സെലക്ഷന് പോകാതിരുന്നെങ്കിൽ ഒടുവിൽ എനിക്ക് നഷ്ടപ്പെട്ടത് എന്താണെന്ന് 'Search' ചെയ്ത് നോക്കിയാൽ അവയെല്ലാം തുരുമ്പിച്ച ഇൻസ്ട്രുമെന്റ് ബോക്സിൽ മട്ടക്കോണിനും കോമ്പസ്സിനുമിടയിൽ മുറിവേറ്റ് കിടപ്പുണ്ടാകും എന്നെനിക്ക് തോന്നുന്നു. ഇന്ന് കോളേജ് ഓഡിറ്റോറിയ ത്തിലേക്ക് നോക്കുമ്പോൾ അവിടെയുള്ള ഓരോന്നും ഞങ്ങൾ പറഞ്ഞ ആ വാക്ക് ആവർത്തിക്കുകയാണോ എന്ന് തോന്നുകയാണ്.

"AZADI"

അതെ, ഇത് ഞങ്ങളുടെ വിജയമാണ്. സ്വാതന്ത്ര്യത്തിന്റെ വിജയം. ●

# മഹേന്ദ്രജാലം

*"Dhoni finishes it off in style, a magnificent strike into the crowd, India lift the World Cup after 28 years..."*



**പ്രണവ് പി.വി.**
രണ്ടാം വർഷ ഫിസിക്സ്

ഒരു ജനതയുടെ പ്രതീക്ഷകൾ ചിറകിലേറ്റി കൊണ്ട് ആ ബോൾ ഗ്യാലറിയിലേക്ക് പറന്നകലുമ്പോൾ പോലും അചഞ്ചലനായി അയാൾ ക്രീസിൽ ഉണ്ടായിരുന്നു. 28 വർഷം നീണ്ട കാത്തിരിപ്പ് അവസാനിച്ചതിന്റെ ആഘോഷത്തിലായിരുന്നു മുംബൈ വാംഖഡെ സ്റ്റേഡിയവും ഇന്ത്യയിലെ 130 കോടി ജനങ്ങളും. അയാൾക്ക് അതൊരു സ്വപ്ന സാക്ഷാത്കാരമായിരുന്നു. മഹേന്ദ്രസിംഗ് ധോണി എന്ന ക്യാപ്റ്റൻ കൂളിനെ ഇന്ത്യ ഏറ്റുവാങ്ങിയ നിമിഷം. നിരവധി ഇതിഹാസങ്ങൾ കളിച്ചൊഴിഞ്ഞ ഇന്ത്യയുടെ കളിത്തട്ടിൽ അത് അയാളുടെ സമയമായിരുന്നു.

2007 ടി20 വേൾഡ് കപ്പ്, 2011 ക്രിക്കറ്റ് വേൾഡ് കപ്പ്, 2013 ചാമ്പ്യൻസ് ട്രോഫി മുതലായ 3 ഐസിസി ട്രോഫികളും നേടിയ ഏക ക്യാപ്റ്റനായി മഹി മാറി. ലോകം കണ്ട ഏറ്റവും മികച്ച ക്യാപ്റ്റൻ എന്ന് ക്രിക്കറ്റ് ലോകം അദ്ദേഹത്തെ വാഴ്ത്തിപ്പാടി. ഏത് സമ്മർദ്ദ ഘട്ടത്തിലും ശാന്തത കൈവിടാതെ ഇന്ത്യയുടെ



എസ് ധോണി എന്ന വിക്കറ്റ് കീപ്പർ ന ടത്തിയ മിന്നൽ സ്റ്റമ്പിങ്ങുകൾ പലപ്പോഴും എതിർകളിക്കാരെ പോലും അതിശയിപ്പിച്ചു. ക്രീസ് വിട്ടിറങ്ങുന്ന ബാറ്റ്സ്മാൻമാർക്ക് തിരിച്ചു കയറാൻ മില്ലിസെക്കൻഡുകൾ പോലും അയാൾ അനുവദിക്കാറില്ല. സ്റ്റമ്പിന്റെ മുമ്പിൽ കയറി തിരിഞ്ഞു നിന്നു കൊണ്ട് ഫിൽഡർമാർ എറിയുന്ന ബോളുകൾ കൈ കൊണ്ട് സ്റ്റമ്പിലേക്ക് തലോടി വിട്ടു കൊണ്ട് അപ്രതീക്ഷിതമായി സൃഷ്ടിച്ചെടുക്കുന്ന റൺ ഔട്ടുകൾ അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ടതാണ്.140 നു മുകളിൽ സ്പീഡിൽ വരുന്ന യോർക്കറുകൾ കൈത്തണ്ട ഉപയോഗിച്ച് മിഡ് ഓണിന് മുകളിലൂടെ പറത്തിയ ഹെലികോപ്ടർ ഷോട്ടുകൾ എന്നും വിസ്മയമായിരുന്നു. ക്രിക്കറ്റിന് ധോണി സംഭാവന ചെയ്ത ഹെലികോപ്ടർ ഷോട്ട് ഒരിക്കലെങ്കിലും അനുകരിക്കാൻ ശ്രമിക്കാത്തവർ ഉണ്ടാകില്ല.ഞാൻ ഒരിക്കലും ഒരു ധോണി ആരാധകൻ ആയിരുന്നില്ല. എങ്കിലും വലിയ റൺ ചേസുകളിൽ ആത്മധൈര്യത്തോടെ അദ്ദേഹം കളിച്ച കാൽക്കുലേറ്റഡ് ഇന്നിംഗ്സുകൾ എന്നും ആവേശമായിരുന്നു. 2019 വേൾഡ് കപ്പ് സെമിഫൈനലിൽ ഇന്ത്യയുടെ മുൻനിര ബാറ്റ്സ്മാൻമാരൊക്കെ ഗ്യാലറിയിലേക്ക് മടങ്ങിയിട്ടും മാർട്ടിൻ ഗുപ്ടിലിന്റെ ആ ത്രോയിൽ മഹി ഇഞ്ചുകളുടെ വ്യത്യാസത്തിൽ തല കുനിക്കുന്നത് വരെ ഞാനടങ്ങുന്ന ഓരോ ഇന്ത്യക്കാരനിലും ഒരു ശുഭപ്ര തീക്ഷയുണ്ടായിരുന്നു. എത്ര വലിയ സാഹചര്യമായാലും അദ്ദേഹം ക്രീസിൽ നിൽക്കുമ്പോൾ, ആ ഗ്ലൗസ് സ്ട്രാപ്പ് ചെയ്ത് ബാറ്റ് ഒന്നുയർത്തി ഫീൽഡേർസിനെ നോക്കുമ്പോൾ കിട്ടുന്ന ഒരു പ്രതീക്ഷ. ആ വിശ്വാസമാണ് തന്റെ നീണ്ട കരിയർ കൊണ്ട് മഹി ആർജിച്ചെടുത്തത്. അങ്ങനെ യാണ് അവൻ കാണികൾക്ക് അത്രമേൽ പ്രിയപ്പെട്ടവനാകുന്നത്, അവൻ അവരുടെ പ്രിയപ്പെട്ട തലയാകുന്നത്.

2004 ൽ ചിറ്റഗോങ്ങിൽ ഒരു റൺ ഔട്ടിൽ തുടങ്ങിയ യാത്ര ഇന്ന് ഓൾഡ് ട്രഫോർഡിൽ മറ്റൊരു റൺ ഔട്ടിൽ അവസാനിക്കുമ്പോൾ ഇന്ത്യക്ക് നഷ്ടമാകുന്നത് ലോകക്രിക്കറ്റിലെ ഏറ്റവും ബുദ്ധിമാനായ ക്രിക്കറ്ററെയാണ്. അങ്ങേയറ്റം വേദനയോടെയാണെങ്കിലും ആ മഹേന്ദ്രജാലം അവസാനിക്കുകയാണെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകു. ഇന്ത്യയുടെ വിക്കറ്റിനു പിന്നിൽ ഇനി ആ ഗ്ലൗസുകൾ പറക്കുകയില്ല. അദ്ദേഹത്തോടൊപ്പം നീല ജേഴ്സിയിൽ ഒരു സുവർണകാല മാണ് ഇന്ത്യക്ക് നഷ്ടമാകുന്നത്. തിക ഞ്ഞ ആത്മവിശ്വാസത്തോടെ ഓരോ ഇന്ത്യക്കാരനും പറയാൻ പറ്റും ''മഹി, നിങ്ങൾ ഒരു ചാമ്പ്യനായിരുന്നു''.



# Me Time



**Neelima Vinod**
II[nd] year Computer Science

Well, the way I live in this world
The way I perceive this life
Is something all I cherish about;
for they make me the happiest,
indeed a 'pure' soul...!

In this sweet little world,
where there are gazillion things to do,
Wonder why people wander here and there in
pursuit of happiness, love and care
What you need is just stop and smell the roses,
The red roses and the pretty blooms
To heal your agony, your wounds, your pain;
Cuz it's always about the little things that would
Redefine,
Reassure and Refresh
the hungry minds and breathless souls..!

So cop out and have your time
The time you missed and wished,
would come back..!

I love calling it as 'me time',
(Well I, me, or mine;
it doesnt matter whatsoever)








**Jomisha P. Joseph**
IInd year maths

**"B**y their very nature human beings are so capricious,so complex, so delightfully contradictory, that they deserve not only our consideration but our reconsideration"

Rightfully said by Amor Towles an American Novelist.

Yes ! Human nature is quite unpredictable and at times uncontrollable. They don't look into the real depth of things but dive into the world of their own thoughts or put blind faith on someone.This is one of the most black listed nature of humans which make them a monumental disappointment. They do not acknowledge the fact that they are brilliant enough to put their action and thoughts in a right manner to get fruitful results which can always do good to humanity. They divide themselves and create groups in the name of race, sex, and goes on the list. This is not what the world expects from us. The universe seeks for a population which is compassionate and shares empathy to all living creatures around.

When mother nature offers her lap for us to nurture, we disappoint her with our violence and hatred. Just like the two faces of a coin, humanity also has a good face. This becomes evident when a trauma or disaster occurs, which pushes a switch inside us, as we all are connected by love. The true life forces are "connection" and "unity". We unite for a good cause ,which on the other hand makes us distinct and unique. The'me' thought inside will be replaced by the 'you' thought. This is the time when humans keep apart their sneaky character and thoughts of division. They understand the real value of life when the only thing left for them is imminent death.

Let's unite together and raise our fingers against the evil and keep the world safe and prosperous, as the only thing that matters at the end is love.



# കള്ളം പറയണം

പഠിക്കണം നാം കള്ളം പറയുവാൻ....
കൊതിയോടെ കഴിക്കാൻ വച്ച മധുരം
കൂടപിറപ്പ് ചോദിച്ചാൽ
'എനിക്ക് വേണ്ട'
എന്ന് കള്ളം പറയുവാൻ...
സ്നേഹമുള്ളവർ വേദനിപ്പിക്കും വിധം സംസാരിച്ച്
പിന്നീട് വിഷമമായോ എന്ന് ചോദിച്ചാൽ
'ഇല്ല' എന്ന് കള്ളം പറയുവാൻ...
ഒരുപാട് തിരക്കുള്ള നേരത്ത്
ഇഷ്ടമുള്ളവർ ഫോണിൽ വിളിച്ചാൽ
തിരക്കാണോ എന്നതിന്
'അല്ല' എന്ന് പറയുവാൻ....
പഠിക്കണം നാം കള്ളം പറയുവാൻ...
മനസ്സിൽ തിര അടിക്കുമ്പോഴും
എതിരേ വരുന്നയാൾ സുഖമാണോ
എന്ന് ചോദിച്ചാൽ
'അതെ' എന്ന് പറയുവാൻ.....
എല്ലാം കഴിഞ്ഞ് ആ ദിവസത്തേക്ക്
തിരിഞ്ഞൊന്നു നോക്കുമ്പോൾ
ഒരു സത്യം പറയുവാൻ മറക്കരുത്
എന്റെ വേദനകളെ ഞാൻ
അതിജീവിച്ചു എന്ന സത്യം...



**ശ്യാംജിത്ത് സി.ജി.**
ഒന്നാം വർഷ ബികോം





**അനുശ്രീ പി.എം.**
മൂന്നാം വർഷ മാത്സ്

**'കുറച്ച്** ദിവസമായി ആഹാരം വേണ്ട
ശരീരം ഒക്കെ വേദനപോലെ
എന്ത് ചെയ്യണം എന്നറിയില്ല
കുറച്ചു ദിവസമായി ആലോചിക്കുന്നു
ആരുടെ മുന്നിലും ചിരിച്ച് അഭിനയിക്കാൻ വയ്യ
എല്ലാത്തിനും കാരണം
ജോലി ഇല്ലായ്മ'
"Sorry...."

അനു എന്ന യുവാവിന്റെ പേരുള്ള ആത്മഹത്യകുറിപ്പും തൊട്ടുപിന്നാലെ ഉള്ള മരണവുമാണ് ഇന്നലെ കേരളം കണ്ടത്. സിവിൽ എക്സൈസ് ഓഫീസർ റാങ്ക് പട്ടികയിൽ 77 ആം റാങ്കുകാരനായ 'അനു' , സർക്കാർ ജോലി കിട്ടും എന്ന് വിശ്വസിച്ച വിദ്യാർത്ഥി വലിയ നിരാശയിലേക്കാണ് വഴുതി വീണത്.

നഷ്ടപ്പെടില്ലായിരുന്നു ഈ ജീവൻ.....

താങ്ങാവാൻ വേണ്ടി മുണ്ടുമുറുക്കിയ നാളിലും പാതിരാവേറെയും കണ്ണിടറാതെ സ്വരൂപിച്ച അറിവിൽ വിശ്വസിക്കുമ്പോഴും അറിഞ്ഞില്ല ആ വൃക്ഷം ഇതുപോലെ നിലം പതിക്കുമെന്ന്. അധികാരത്തിന്റെയും പണത്തിന്റെയും കരങ്ങൾ ഒടുവിൽ എത്തിച്ചത് ഈ ആത്മഹത്യാകുറിപ്പിലേക്കാണ്.

ഭരണവും അധികാരങ്ങളും കൈമുതലായുള്ളവരുടെ ധാർഷ്ട്യത്തിന് ഇരയാകേണ്ടിവന്ന 'അനു' എന്ന യുവാവ് ഒരു മുളം കയറിൽ തന്റെ ജീവിതം അവസാനിപ്പിച്ചപ്പോൾ അവിടെ തകർന്നത് ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും.

ഒരു നേരത്തെ വയർ പോലും നിറയാതെ പട്ടിണിയും പ്രാരാബ്ദങ്ങളും നിത്യ സഞ്ചാരിയായി കൂടെ ഉള്ളപ്പോഴും പ്രതീക്ഷയുടെ ഒരുതരി വെട്ടം അവനിലും ജ്വലിച്ചു തുടങ്ങിയിരുന്നു. ഞാൻ എറെ ആഗ്രഹിച്ച, അർഹതപ്പെട്ട തന്റെ സ്വപ്നം കൈവിട്ടുപോയ വിഷമമാണ് അനുവിനെ ഇതിലേക്ക് എത്തിച്ചത്.

ചുവപ്പ് നാടയിൽ കുരുങ്ങി വീർപ്പുമുട്ടുകയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം നേടിയ കുട്ടികൾ. ആത്മഹത്യ ഒരിക്കലും ഒന്നിനും ഒരു പരിഹാരമല്ല. ഒരുപാട് യുവതിയുവാക്കൾ ജോലി ഇല്ലായ്മ കാരണം പി.എസ്.സി. മുഖേന സർക്കാറിൽ പ്രതീക്ഷ അർപ്പിക്കുമ്പോൾ ഇനിയും ഇതുപോലെ ഒരുപാട് ജീവനുകൾ പൊലിഞ്ഞ് പോകും.

തൊഴിൽ വാഗ്ദാനം ചെയ്ത് അധികാരമേറ്റ് ഉദ്യോഗാർത്ഥികളെ വഞ്ചിച്ച സർക്കാറിനെ ന്യായീകരിക്കുന്നവർ തന്നെയാണ് നവമാധ്യമങ്ങളിൽ ജോലി അർഹതപ്പെട്ട ഈ മിടുക്കന്മാരെ ലജ്ജയില്ലാതെ പരിഹസിക്കുന്നത്. ജോലി അർഹതപ്പെട്ട ഈ മിടുക്കൻമാരെ കൂടിയാണ്. പോക്കറ്റിൽ നിറയുന്ന ഗാന്ധിയുടെ വലുപ്പം അനുസരിച്ച് നീതിയും നിയമവും മാറ്റിയെഴുതുന്ന ഭരണകൂടവും ഭരണാധികാരികളും അല്ല നമുക്ക് ആവശ്യം. മറിച്ച് അർഹതപ്പെട്ടവന്റെ മുന്നിൽ വെളിച്ചത്തിന്റെ വാതിൽ തുറന്നിടുന്ന ഒരു ഭരണമാണ്. ഇനിയും ആശിച്ചവന്റെ അവസാന വാക്കുകളായി ഒരോ കയറും മറാതിരിക്കട്ടെ...●




# അവർ



**അർജ്ജുൻ കെ.**
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

ഇന്നും ആ വരാന്തകളിൽ അവരില്ല!
ക്ലാസ്സ് മുറികളിൽ ഓടിക്കയറിയ കണ്ണുകൾക്ക്
അവരെ കണ്ടുകിട്ടിയില്ല
അവർ എന്നന്നേക്കും അകന്നുപോയ നാളുകൾ
ഏറെ കടന്നു പോയിരിക്കുന്നു
ഒരു പക്ഷേ ഇന്നലകളുടെ മായാലോകത്തിൽ
നിന്ന് വിടപറയാൻ സമയമേറെ കഴിഞ്ഞിരിക്കുന്നു
ആ ആളൊഴിഞ്ഞ ചുവരുകൾ അവർക്കുവേണ്ടി കാത്തിരിക്കാൻ,
വീണ്ടും ആ മനോഹര നിമിഷങ്ങളിൽ
ജീവിക്കുവാൻ വേണ്ടി.
അവർ ഇവിടെ ഉണ്ടെന്നറിയാൻ എനിക്കൊരു തൂവൽ മാത്രം മതി.
ഇനിയുമുണ്ടാകുമെന്നതിൻ സാക്ഷിയായി ആ തൂവലിൻ തൂലിക മാത്രം മതി.
പിരിയുന്ന നേരമെന്നാലും "സഖീ"
തിരയുന്നു ഞാൻ നിന്നെ.







# EQUALITY വരട്ടെ



**ജിതിൻരാജ് കെ.**
രണ്ടാം വർഷ ഫിസിക്സ്

ഒരു ടെലിവിഷൻ പ്രോഗ്രാമിൽ അവതാരകയുമായുള്ള സംഭാഷണത്തിനിടയിൽ അതിഥിയായി വന്ന സിനിമ നടി പറഞ്ഞൊരു കാര്യമുണ്ട്.

''സ്ത്രീ പുരുഷന്റെ ഒരടി താഴെ നിൽക്കുന്നതാണ് എനിക്കിഷ്ടം. അതാണ് സേഫ്.

എന്തിനാണ് ഫെമിനിസം, ഇക്വാളിറ്റി വരട്ടെ''.

എന്തൊരു വിരോധാഭാസമാണെന്നു നോക്കണേ..

കേരളത്തിലിന്ന് ഫെമിനിസത്തെ പറ്റി ആരോഗ്യകരവും അല്ലാത്തതുമായ ഒരുപാട് ചർച്ചകൾ വന്നു തുടങ്ങിയിട്ടുണ്ട്. ഫെമിനിസമെന്നാൽ പുരുഷനുമേൽ സ്ത്രീ അധികാരമുറപ്പിക്കുന്ന പരിപാടി ആണെന്നുവരുത്തി തീർക്കാൻ പുരുഷ കേന്ദ്രീകൃത സമൂഹ

ത്തിന് കഴിയുന്നുണ്ട്. പതിറ്റാണ്ടുകളായി പുരുഷാധിപത്യത്തിന്റെ അടിമകളായി ജീവിക്കേണ്ടി വന്നൊരു സ്ത്രീ സമൂഹത്തിന് യഥാർത്ഥ സ്വാതന്ത്ര്യമെന്താണെന്നും സമത്വമെന്താണെന്നും തിരിച്ചറിയാൻ സാധിക്കാത്തിടത്തോളം/ പുരുഷ സമൂഹം സമ്മതിക്കാത്തിടത്തോളം കാലം ഫെമിനിസം വേണ്ട ഇക്വാളിറ്റി മതിയെന്ന തരത്തിലുള്ള നിഷ്കളങ്കമായ പ്രസ്താവനകൾ സ്ത്രീകളിൽ നിന്നുതന്നെ വരും.

പുരുഷൻ ശക്തിയുള്ളവനാണെന്നും സ്ത്രീ ദുർബലയാണെന്നും കാണിക്കാൻ മലയാള സിനിമയും സമൂഹത്തിന്റെയൊരു കണ്ണാടിയെന്ന പോൽ പ്രവർത്തിച്ചിരുന്നു. അത് തുടരുകയും ചെയ്യുന്നു.

പ്രിവിലേജ്ഡ് പുരുഷൻ സ്ത്രീകളെ എത്രമാത്രം അടിച്ചമർത്തി എന്നതും, സ്ത്രീകൾ മുഖ്യധാരയിലേക്ക് എത്തുന്നത് പുരുഷാധികാരമുപയോഗിച്ചു അവരെങ്ങനെയൊക്കെ തടഞ്ഞു എന്നതും കുറഞ്ഞത് കേരളത്തിലെ യുവ സമൂഹമെങ്കിലും ചിന്തിക്കേണ്ടതുണ്ട്.

അമ്മ പോലെയുള്ള സിനിമ സംഘടനകളിൽ ഇതിന്റെയൊക്കെ കൃത്യമായ ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.

കേരളത്തിലെ സവർണ സമൂഹം ദളിത് വിഭാഗത്തെയും പിന്നാക്ക സമുദായത്തെയും അടിച്ചമർത്തിയതും നമുക്കിതിനോട് ചേർത്തു വായിക്കാം.

എന്നാൽ ജാതിയെ പറ്റി സംസാരിക്കുമ്പോൾ കേരളത്തിലെ മാത്രം പ്രശ്നമായിട്ട് പറയുകയെന്നത് ശ്രമകരമായ ഒരു ഏർപ്പാടാണ്.

ഇതിന്റെ ചരിത്രപരമായ സംഭവങ്ങളിലേക്കൊന്നും ഇവിടെ ഞാൻ കടക്കുന്നില്ല.

ജാതിയെന്നത് ഇന്ത്യയിൽ പണ്ടു മാത്രം നില നിന്നിരുന്ന ഒന്നാണെന്നും ഇപ്പൊ ഇന്ത്യ ജാതി വിവേചന രഹിത സമത്വ സുന്ദര രാജ്യമാണെന്നും അഭിപ്രായമുള്ള ഒരുപാട് പേരുണ്ട്. ഈ നിഷ്കളങ്കരെല്ലാം ഉയർന്ന ജാതിയുടെ വ്യക്തമായ പ്രിവിലേജ് അനുഭവിക്കുന്നവരാണെന്നതിൽ യാതൊരു സംശയവുമില്ല.

ഈയടുത്ത് ഒരു യുവ നടൻ മലയാള സിനിമയിൽ വിവേചനമുണ്ടെന്നു പറഞ്ഞു ഫേസ്ബുക്കിലൊരു പോസ്റ്റിട്ടു.

അതിന്റെ അന്ത്യത്തിൽ ഇങ്ങനെയൊരു വാചകവും ഉണ്ടായിരുന്നു,

''ഞങ്ങൾക്ക് സംവരണം ഒന്നും വേണ്ട തുല്യത മതി''.

ഫെമിനിസവും സംവരണവും പൊതുസമൂഹത്തിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട രണ്ടു വാക്കുകൾ ആണ്.

**പുരുഷൻ ശക്തിയുള്ളവനാണെന്നും സ്ത്രീ ദുർബലയാണെന്നും കാണിക്കാൻ മലയാള സിനിമയും സമൂഹത്തിന്റെയൊരു കണ്ണാടിയെന്ന പോൽ പ്രവർത്തിച്ചിരുന്നു. അത് തുടരുകയും ചെയ്യുന്നു.**

അതിന്റെ കാരണക്കാർ ആരാണെന്ന് മനസിലാക്കാൻ ഒരുപാടൊന്നും ചിന്തിക്കേണ്ട കാര്യമില്ലല്ലോ. ഇവ രണ്ടും കൃത്യമായി നടപ്പിലാകുന്നൊരു സമൂഹത്തിൽ ഇത്രേം കാലം തങ്ങൾ അനുഭവിച്ചു പോന്ന ആണധികാരം, സവർണാധികാരം എന്നിവ നഷ്ടപ്പെടുമെന്നു ഭയമുള്ള ആ പ്രിവിലേജ്ഡ് ആയ കൂട്ടർ തന്നെ കാരണക്കാർ.

പിന്നോക്കക്കാരുടെ പട്ടിണിയും ദാരിദ്ര്യവും മാറ്റാനുള്ള ഒരു പദ്ധതിയല്ല സാമൂഹിക സംവരണമെന്നും,

സ്വാഭാവിക നീതി വിതരണം ചെയ്യപ്പെടുന്നതിൽ വിവേചനമുണ്ടാകാൻ സാധ്യതയുള്ളത് കൊണ്ടു അതിനെ ഒരു പരിധിവരെയൊഴിവാക്കാൻ വേണ്ടിയുള്ള ഒരു പ്രവർത്തനമാണെന്നും നമ്മളിൽ പലരും മനസിലാക്കുന്നില്ല.

ഇനി സിനിമയിലേക്ക് വരാം.

അരികുവൽക്കരിക്കപ്പെട്ട വിഭാഗത്തിന്റെ ദുരിതങ്ങൾ കൃത്യമായി അഡ്രസ് ചെയ്യുന്ന മലയാള സിനിമകളുണ്ടായിട്ടുണ്ടോയെന്നു നമ്മൾ ചിന്തിക്കണം. മഹാത്മാ അയ്യങ്കാളിയുടെയും സഹോദരൻ അയ്യപ്പന്റെയും ശ്രീനാരായണ ഗുരുവിന്റെയും നവോത്ഥാന മൂല്യങ്ങൾ ചരിത്രമായി മുന്നിലുള്ള കേരളത്തിൽ, oppressed കമ്മ്യൂണിറ്റിയെ



അഡ്രസ്സ് ചെയ്തു കൊണ്ട് സിനിമകൾ വരുന്നില്ല എന്നത് നിർഭാഗ്യകരമാണ്. എന്നാൽ പ്രിയദർശൻ ദാമോദരൻ കൂട്ടുകെട്ടിൽ പിറന്ന പഴയ പല സിനിമകളും ഹിന്ദു വികാരത്തെയും സവർണ വികാരത്തെയും എടുത്തു കാണിച്ചിട്ടുണ്ട്.

വേട്ടയാടപ്പെടുന്ന ഹിന്ദുവെന്ന നരേറ്റിവ് ഉണ്ടാക്കാൻ ആ സിനിമകൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്ഷേത്രത്തിന്റെ കാര്യങ്ങളിൽ ദേവസ്വം ബോർഡുകൾക്ക് അധികാരം കൊടുക്കുന്നതു എതിർക്കണമെന്നും ബ്രാഹ്മണരേയും വിശ്വാസികളെയും ചൂഷണം ചെയ്യുന്ന ഭരണകൂടങ്ങൾക്കെതിരെ രഥയാത്ര മാത്രം പോര വാളെടുക്കുകതന്നെ വേണമെന്ന ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ആഹ്വാനം പച്ചക്ക് പറയുകയും ചെയ്ത സിനിമയാണ് അദ്വൈതം. വേറെയും ഒരുപാട് ഉദാഹരണം നമുക്ക് ചൂണ്ടി കാണിക്കാൻ സാധിക്കും. ഇവയൊക്കെ സമൂഹത്തിലുണ്ടാക്കിയ സ്വാധീനം നമുക്കിന്ന് കാണാൻ കഴിയുന്നുമുണ്ട്. അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ ജീവിതം കാണിച്ചു എന്ന കൂട്ടത്തിൽ ഉൾപ്പെടുത്താൻ മലയാളത്തിൽ

മമ്മൂട്ടി നായകനായെത്തിയ ''ഉണ്ട'' യും രാജീവ് രവിയുടെ ''കമ്മട്ടിപാടവും''ഉണ്ടെന്നത് തീരാ നാണക്കേടിൽ നിന്ന് തെല്ലൊരു ആശ്വാസം മലയാളികൾക്ക് നൽകും. 2019 ലും നാമജപ ഘോഷയാത്രയെന്ന പേരിൽ ജനാധിപത്യ മൂല്യങ്ങൾ വേണ്ട എന്നു പറഞ്ഞ് തെരുവിലിറങ്ങിയവരുള്ള സമൂഹത്തിൽനിന്ന് അങ്ങനെയുള്ള മാറ്റം ഉണ്ടാകുമോ എന്നതൊരു ചോദ്യ ചിഹ്നമായി തുടരാനേ സാധ്യതയുള്ളൂ.

എന്നാൽ അയൽസംസ്ഥാനമായ തമിഴ് നാട്ടിലേക്ക് നോക്കൂ. എടുത്തു പറയാൻ പെരിയാറിന്റെ രാഷ്ട്രീയ ചരിത്രമേ ഉള്ളൂ. എന്നിട്ടും അവിടെ വിപ്ലവകരമായ സിനിമകൾ വരുന്നു. ജാതിയെ കൃത്യമായി അഡ്രസ് ചെയ്യുന്ന സിനിമകളും സംവിധായകരും ഉണ്ടാകുന്നു.

മദ്രാസ്, കബാലി, കാല, അസുരൻ, പരിയേറും പെരുമാൾ.....

അങ്ങനെയെത്ര എത്ര.

അവിടെയുണ്ടാകുന്ന ഈ മാറ്റം വളരെ ആശ്വാസകരമാണ്.

സൗന്ദര്യമെന്നത് ബ്രാഹ്മണ്യത്തിന് മാത്രം അവകാശപ്പെട്ടതാണെന്ന തരത്തിലുള്ള പൊതു ബോധങ്ങളെ ''കാല'' സിനിമയിലൂടെ പാ രഞ്ജിത് ഉടച്ചു വാർക്കുന്നുണ്ട്.

''Justice With Aesthetics'' എന്നാണ് ഫസ്റ്റ് പോസ്റ്റ് എന്ന ന്യൂസിൽ വന്ന ഒരു ആർട്ടിക്കിളിൽ അതിന്റെ ലേഖകൻ കാല സിനിമയെ വർണ്ണിച്ചിരിക്കുന്നത്.

ബ്രാഹ്മണ്യത്തിലൂന്നിയ ഹിന്ദുയിസത്തിൽ വിവേചനത്തിന്റെ മാനദണ്ഡം പ്യൂറിറ്റിയുടേതാണ്. അവരിന്ന് അധികാരം കൈക്കലാക്കിയിരിക്കുന്നു. സവർണ ബിംബമായ രാമനെ അവർ ഉയർത്തി കൊണ്ടു വരുമ്പോൾ അതിന് മറുപടി ദ്രാവിഡന്റെ രാവണ കാവ്യമാണെന്ന് ''കാല'' പറയുന്നു. കറുപ്പ് അഴുക്കിന്റെ നിറമല്ല തൊഴിലിന്റെ നിറമാണെന്ന് പറഞ്ഞു വെക്കുന്നു.

മലയാള സിനിമയിൽ ഇങ്ങനെയൊരു മാറ്റം ഉണ്ടാകുന്നൊരു കാലം ഉടനെ വരട്ടെ എന്നാശിക്കാം. ●



പ്രമുഖ തമിഴ്
സാഹിത്യകാരൻ
**പെരുമാൾ മുരുകന്**
ചിലത് പറയാനുണ്ട്
വർഗീയചിന്തയുടെ
കോമാളികൾ
മായ്ച്ചുകളയാൻ
നോക്കിയിട്ടും
മായാതെ, തളരാതെ
മുന്നോട്ട് ചുവടുവച്ച
എഴുത്തു
ജീവിതത്തെകുറിച്ച്...



പെരുമാൾമുരുകന്റെഅർദ്ധനാരീശ്വരൻ(മാതൊരുഭാഗൻ) എന്ന നോവൽ തമിഴ്നാട്ടിൽ വലിയ വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. മാറേണ്ട അനാചാരങ്ങളും അനീതികളും തുറന്നുകാട്ടുന്ന എഴുത്തുകാരനെ വർഗീയവാദികൾ വേട്ട യാടി. ഒടുവിൽ പെരുമാൾ മുരുകനെന്ന എഴുത്തുകാരൻ മരിക്കുകയാണെന്നും എഴുത്തു നിർത്തുകയാണെന്നും സാഹിത്യകാരന് പറയേണ്ടി വന്നു.... പക്ഷേ ആത്മഹത്യാപരമായ തീരുമാനം ഉപേക്ഷിച്ച് പെരുമാൾ മുരുകൻ വീണ്ടും എഴുതി തുടങ്ങി. വായനക്കാർ സന്തോഷിച്ചു.

ജീവിതത്തിലുണ്ടായ പ്രതിസന്ധികളെ കുറിച്ചും മുന്നോട്ടുള്ള എഴുത്ത് ജീവിതത്തെ കുറിച്ചും പെരുമാൾ മുരുകൻ സംസാരിക്കുന്നു...

**എഴുത്തുകാരൻ മരിച്ചു എന്നും ഇനി എഴുതില്ലെന്നും താങ്കൾ പറഞ്ഞത് ഞെട്ടലോടെയാണ് എല്ലാവരും കേട്ടത്. വീണ്ടും എഴുത്തിലേക്ക് വന്നതിൽ വലിയ സന്തോഷമുണ്ട്. തിരിച്ചുവരാൻ ഇടയാക്കിയ സാഹചര്യം എന്താണ്?**

അർദ്ധനാരീശ്വരൻ എന്ന പുസ്തകവുമായി ബന്ധപ്പെട്ട വിവാദമുയർന്നപ്പോൾ വലിയ വിഷമമുണ്ടായി. പുസ്തകം പിൻവലിക്കേണ്ടിവന്നു. ഇതോടെ ഇനി എഴുതുന്നില്ലെന്ന് തീരുമാനിക്കുകയായിരുന്നു. പക്ഷേ വിഷയത്തിൽ കോടതി ഇടപെട്ടു. മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് എനിക്ക് അനുകൂലമായ വിധി പുറപ്പെടുവിച്ചു. അതു മാത്രമല്ല ഉത്തരവിൽ എഴുത്തുകാരന്റെ കടമയെ കുറിച്ചും പരാമർശിച്ചു. വീണ്ടും എഴുതണമെന്ന് കോടതി പറഞ്ഞു. അതെന്നിൽ സന്തോഷം നിറച്ചു. കോടതിയെ ബഹുമാനിക്കുന്ന ആളാണ് ഞാൻ. അതുകൊണ്ടുതന്നെയാണ് വീണ്ടും എഴുതാൻ തീരുമാനിച്ചതും.

**പുനർജന്മത്തിൽ വിശ്വസിക്കാത്തിടത്തോളം കാലം എഴുതില്ലെന്നും പറഞ്ഞിരുന്നു. ഇപ്പോൾ പുനർജന്മത്തിൽ വിശ്വസിക്കുന്നുണ്ടോ?**

ഇല്ല, നിലപാടുകളിൽ മാറ്റം വന്നിട്ടില്ല. വരികയുമില്ല. എഴുതിക്കൊണ്ടിരുന്ന സമയത്തും എഴുത്ത് നിർത്തി യ കാലത്തുമുള്ള എന്റെ മാനസികാവസ്ഥ... മുമ്പ് എഴുതാൻ തീരുമാനിച്ച വിഷയങ്ങളെല്ലാം മറന്നു. ഇപ്പോൾ എല്ലാം പുതിയ ചിന്തകളാണ്. പുതിയ എഴുത്തുകളാണ്. വീണ്ടും എഴുതാൻ ഇടയായ സാഹചര്യത്തെ കുറിച്ച് ഞാൻ പറയുകയും ചെയ്തല്ലോ. എഴുത്തുകാരൻ എന്ന നിലയ്ക്ക് ഇനിയും ഏറെ ഈ സമൂഹത്തോട് പറയാനുണ്ട്. എഴുതാനുമുണ്ട്.

**ഒരുപാട് വിവാദങ്ങളൊക്കെയുണ്ടായി, പ്രതിസന്ധികളും. എഴുതുന്നതിന് ഭയമുണ്ടോ?**

ഭയമൊന്നും ഇല്ല. ഭയമുണ്ടെങ്കിൽ വീണ്ടും എഴുതി തുടങ്ങില്ലല്ലോ. സമൂഹം ഇപ്പോഴും പല വിഷയങ്ങളിലും പക്വതക്കുറവ് കാണിക്കുന്നുണ്ട്. സമൂഹത്തിൽ മോശം കാര്യങ്ങളും അനീതികളും നടക്കുമ്പോൾ അത് എഴുത്തിലൂടെ വിളിച്ചുപറയണം. എന്നാൽ, അങ്ങനെ പാടില്ലെന്നാണ് ചിലർ തീരുമാനിക്കുന്നത്. അങ്ങനൊരു സമൂഹത്തിൽ നിന്നുകൊണ്ട് എങ്ങനെ എഴുതും എന്ന ചിന്തയാണ് എന്നെ അലട്ടിയത്. അല്ലാതെ ഭയമൊന്നും ഇല്ല.

**എഴുത്ത് ഉപേക്ഷിച്ച സമയത്തെ ജീവിതം എങ്ങനെയായിരുന്നു?**

കുറേയേറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. വർഷങ്ങളോളം താമസിച്ച സ്ഥലത്തുനിന്ന് മാറേണ്ടിവന്നു. അത് ഒരുപാട് വിഷമമുണ്ടാക്കി. ആ സമയത്തൊക്കെ ഒരുപാട് കവിതകൾ മനസിൽ വന്നു നിറയുമായിരുന്നു. എനിക്കുവേണ്ടി ഞാനത് മനസിൽ കുറിച്ചിടും.

**പ്രതിസന്ധിഘട്ടത്തിൽ തമിഴ്നാട്ടിൽ നിന്നടക്കം വേണ്ടത്ര പിന്തുണ കിട്ടിയിരുന്നോ?**

തീർച്ചയായും. മാധ്യമങ്ങളും വായനക്കാരും



വലിയ പിന്തുണയാണ് നൽകിയത്. അത് എനിക്ക് ഊർജ്ജമേകി. സാധാരണ തമിഴ്നാട്ടിൽ എഴുത്തുകാർ സംഘടിക്കുന്ന ശീലമോ സംവിധാനമോ ഇല്ല. പക്ഷേ എനിക്ക് വേണ്ടി എഴുത്തുകാർ ഒന്നിച്ചു നിന്ന് വലിയ പ്രതിഷേധമൊക്കെ സംഘടിപ്പിച്ചു. എഴുത്ത് നിർത്തരുതെന്ന് പറഞ്ഞുകൊണ്ടേയിരുന്നു.

**പൂനാച്ചി എന്നാണല്ലോ പുതിയ പുസ്തകത്തിന്റെ പേര്. പൂനാച്ചിയിൽ ആടിനെ കുറിച്ചാണ് പറയുന്നത്. പശുവിനെ കുറിച്ച് മിണ്ടാൻ പറ്റില്ല, അതുകൊണ്ട് ആടിനെ കുറിച്ച് പറയാം എന്നാണ് താങ്കൾ പറഞ്ഞത്. പൂനാച്ചിയെ കുറിച്ച് പറയാമോ?**

ആടിനെ കുറിച്ച് നമുക്ക് എന്തും പറയാലോ. ആർക്കും ഒരു പ്രശ്നവും ഉണ്ടാകില്ല. രണ്ടു വർഷത്തോളം എഴുതാതിരുന്നു. ചില കവിതകൾ മാത്രമായിരുന്നു മനസിൽ. വീണ്ടും എഴുതാൻ തീരുമാനിച്ചപ്പോൾ ആശങ്കയായിരുന്നു മനസിൽ. എഴുത്തിനോടുള്ള സ്നേഹവും എഴുത്തുശീലവും നഷ്ടപ്പെട്ടെന്ന് ഭയന്നിരുന്നു. അങ്ങനെയാണ് ഒരു സാധാരണ കഥ എഴുതി തുടങ്ങാം എന്ന് തീരുമാനിക്കുന്നത്. ആ എഴുത്ത് ആടിനെ കുറിച്ചായി. എഴുതി എഴുതി പൂനാച്ചി എന്ന നോവലിലേക്ക് എത്തുകയായിരുന്നു.

**തമിഴ്നാട്ടിൽ ജാതി വിവേചനങ്ങൾ ഇപ്പോഴും കൂടുതലാണ്. അതിന് പരിഹാരമുണ്ടാകുമോ?**

ജാതി വിവേചനങ്ങൾക്കെതിരെ ശക്തമായ പോരാട്ടം നടക്കുന്നുണ്ട്. പെരിയാർ തുടങ്ങിയ പോരാട്ടം തുടരുകയാണ്. ജാതി സംഘടനകൾ സജീവമാണ്. രാഷ്ട്രീയ പാർട്ടികൾ പോലും ജാതി സംഘടനകളുമായി കൂട്ടുകൂടുകയാണ്. അത് അപകടവുമാണ്. രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ പുനർചിന്ത നടത്തണം. എന്തൊക്കെയായാലും ദ്രാവിഡ മണ്ണിൽ ജാതി വിവേചനങ്ങൾ ഇല്ലാതാകും. അതിന് അധികകാലം കാത്തിരിക്കേണ്ടി വരില്ല.

**ഹിന്ദി ഭാഷ നിർബന്ധമാക്കുന്നതിനെതിരെ തമിഴ്നാട്ടിലാണ് ഏറ്റവും കൂടുതൽ പ്രതിഷേധമുയർന്നത്. എന്തുകൊണ്ടാണത്?**

തമിഴ്നാട്ടിൽ മാത്രമല്ല. പല സ്ഥലങ്ങളിലും പ്രതിഷേധമുണ്ടായിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങൾക്കും മാതൃഭാഷയുണ്ട്. പാർലമെന്റിലടക്കം പ്രാദേശിക ഭാഷകളിൽ സംസാരിക്കുന്നത് നമ്മൾ കാണുകയല്ലേ. എല്ലാവർക്കും അവരുടെ മാതൃഭാഷ പ്രധാനമാണ്. ഒരു ഭാഷയ്ക്കും തമിഴ് ജനത എതിരല്ല. പക്ഷേ ഹിന്ദിയെന്നല്ല ഒരു ഭാഷയും അടിച്ചേൽപ്പിക്കരുത്. അത് ചെറുത്ത് തോൽപ്പിക്കും.

**കേരളത്തിലെ സൗഹൃദങ്ങളെ കുറിച്ച് പറയാമോ?**

പുതിയതും പഴയതുമായ എഴുത്തുകാരുമായി സൗഹൃദമുണ്ട്. എന്റെ പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ തമിഴിലേക്ക് തർജ്ജമ ചെയ്ത നിരവധി മലയാള പുസ്തകങ്ങളുണ്ട്. അതെല്ലാം ഞാൻ വായിക്കാറുണ്ട്. മലയാള നാടുമായി നല്ല ആത്മബന്ധമാണുള്ളത്.

**എഴുത്തിന് പുറത്ത്, പൊതുവേദികളിലടക്കം താങ്കൾ രാഷ്ട്രീയം പറയുന്നത് കുറവാണ്. എന്തുകൊണ്ടാണത്?**

അതിനങ്ങനെ പ്രത്യേക കാരണമൊന്നുമില്ല. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിലുള്ള ചില പരിമിതികളുണ്ട്. എല്ലാ വിഷയത്തിലും ഞാൻ അഭിപ്രായം പറയണമെന്നില്ല. അറിയാത്ത വിഷയങ്ങളിൽ ഇടപെടാറില്ല. സാഹിത്യമാണ് എന്റെ ലോകം. അതിനെ കുറിച്ച് സംസാരിക്കും. എഴുത്തിനെ കുറിച്ച് സംവദിക്കും. ഓരോരുത്തരും പറയുന്നതിനനുസരിച്ച് എല്ലാ വിഷയത്തിലും പ്രതികരിക്കണമെന്നില്ല. ●

# തിരിഞ്ഞുനോട്ടം



**ആലേഖ് ബാലൻ**
മൂന്നാം വർഷ ബി.ബി.എ.

**ഓർമ്മകൾ** പലതും തീറെഴുതി കൊടുത്ത ഈ കലാലയത്തിന്റെ നിശബ്ദമായ വരാന്തകളിൽ കാതോർത്താൽ കേൾക്കാം കൂട്ടച്ചിരികളുടെ കെട്ടടങ്ങാത്ത സന്തോഷം ആർത്തിരമ്പുന്നത്.

മനസ്സിന്റെ താളുകളിൽ മയിൽപ്പീലിതുണ്ടുപോലെ കാത്തുവെക്കാൻ, മറക്കാനാവാത്ത ഓർമകൾ പലതും സമ്മാനിച്ചത് ഞങ്ങളുടെ ഈ കലാലയമാണെന്ന് കാറ്റും മഴയും മഞ്ഞും നിലാവും ഒരേ മനസ്സോടെ ആസ്വദിച്ച ഒരുപാട് ജീവിതങ്ങൾ പറയുന്നു.

ആർപ്പുവിളികളും പൊട്ടിച്ചിരികളും മുദ്രാവാക്യങ്ങളും പ്രണയസൗഹൃദങ്ങളും ആഘോഷരാവുകളുമെല്ലാം ഇന്നും ജീവിക്കുന്ന ഓർമകളായി ഈ വരാന്തയുടെ ചുവരുകളിൽ നിലനിൽക്കുന്നു. ●



# **അവൾ** ഞാനാകുന്നു

**അനഘ വി.**
ഒന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്



രാത്രി ഏകദേശം പത്ത് മണിയോടടുത്തുകാണും. മുംബൈ എന്ന മഹാനഗരത്തിൽ തെരുവുവിളക്കുകൾ അണയാനിനിയും നേരമായിട്ടില്ല. ഒരു ജോലി തേടി ആ മഹാനഗരിയിൽ ഞാനെത്തിയിട്ട് അന്നേക്ക് ഒരു മാസം തികഞ്ഞിരുന്നു. ഏറെ അലച്ചിലുകൾക്കൊടുവിൽ ഒരു ജോലി കിട്ടിയ സമാധാനത്തോടെ താമസസ്ഥലത്തേക്ക് നടന്നു നീങ്ങവെയാണ് ആ കാഴ്ച ഞാൻ കണ്ടത്. കുട്ടിത്തം വിട്ടുമാറാത്ത ഒരു കുഞ്ഞു മാലാഖ, മാംസകൊതിയന്മാരായ രണ്ട് കഴുകന്മാർ അവളെ പിച്ചിച്ചീന്തുന്നു. അതു കണ്ടിട്ടും വിതുമ്പിക്കൊണ്ട് അവിടെനിന്ന് ഓടിപ്പോവാനല്ലാതെ എന്നെക്കൊണ്ട് മറ്റൊന്നിനും കഴിയുമായിരുന്നില്ല. എന്റെ നിസ്സഹായതയെ പറ്റി ഓർത്തു നീറി കരയുമ്പോൾ ഇന്ന് ഞാൻ അറിയുന്നു അവൾക്ക് എന്റെ മുഖമായിരുന്നുവെന്ന്.

''കൺമുന്നിൽ കാണുന്ന തെറ്റായ കാര്യങ്ങൾക്കെതിരെ നാമൊന്ന് ശബ്ദമുയർത്തിയാൽ ഒരുപക്ഷേ ആ ശബ്ദം മറ്റൊരു ജീവിതത്തിൽ വെളിച്ചം പകർന്നേക്കാം''. ●

# തണലായ്



അമ്മയുടെ വലതുകൈയും പിടിച്ചവൾ കതിർമണ്ഡപത്തിലേക്ക് കാലെടുത്തുവെച്ചു. കല്ല്യാണപന്തലിൽ തിങ്ങി നിറഞ്ഞിരിക്കുന്ന ആൾക്കൂട്ടത്തിനിടയിൽ അവളുടെ നക്ഷത്രക്കണ്ണുകൾ ആരെയോ പരതുന്നുണ്ടായിരുന്നു. 'അതെ മുഹൂർത്തത്തിന് സമയമായി പ്രാർത്ഥിച്ചു നിന്നോളൂ'. തിരുമേനി തളികയിൽ പൂജിച്ചുവച്ചിരുന്ന താലി എടുത്ത് ഹരിക്ക് നേരെ നീട്ടി. അവൻ ആ താലി അവളുടെ കഴുത്തിൽ ചാർത്തി. നാദസ്വരത്തിന്റെയും മന്ത്രോച്ചാരണത്തിന്റെയും ശബ്ദം അവിടമാകെ മുഴങ്ങി. ചുറ്റും കൂടിനിന്നവർ അവർക്കുമീതെ പുഷ്പവൃഷ്ടി നടത്തി. ഹരി സിന്ദൂരത്താൽ അവളുടെ തിരുനെറ്റിയിൽ തിലകം ചാർത്തി. വീണ്ടും ചുറ്റിലും കൂടിയിരിക്കുന്ന ആൾക്കൂട്ടത്തിലേക്ക് അവൾ ഒന്നുകൂടി നോക്കി.

''ഇനി ഇരുവരും എഴുന്നേൽക്കൂ. അച്ഛൻ ഇല്ലാത്ത സ്ഥിതിക്ക് കുട്ടീടെ ഏട്ടൻ തന്നെ കൈപിടിച്ച് കൊടുക്കട്ടെ, അതല്ലേ അതിന്റെ ഒരു രീതി, ഏട്ടനെ ഇങ്ങ് വിളിച്ചോളൂ.''

''അത് പിന്നെ തിരുമേനി കുട്ടീടെ ഏട്ടൻ വന്നിട്ടില്ല.''

''ശ്ശേ എന്തായീ പറയണേ, ആകെയുള്ള ഒരു അനിയത്തിക്കുട്ടീടെ കല്ല്യാണമായിട്ട് ഏട്ടൻ വന്നില്ലാന്നോ?''

''ആളിവിടെ സ്ഥലത്തില്ല, അതാ.''

''ഇപ്പഴത്തെ ഓരോ കുട്ട്യോളുടെ തിരക്കെ,പറഞ്ഞിട്ട് കാര്യം ഇല്ല്യ. എന്നാൽ പിന്നെ കുട്ടീടെ അമ്മാവനെ ഇങ്ങ്ട് വിളിച്ചോളൂ.''

അമ്മാവൻ അവളുടെ കരങ്ങൾ ഹരിയുടെ കൈകളിൽ ഏൽപ്പിച്ചു. ഹരിയുടെ കൈയും പിടിച്ചവൾ യാന്ത്രികമായി കതിർമണ്ഡപം വലം വച്ചു. നിറഞ്ഞ മിഴിയോടെ അവൾ അമ്മയെ ഒന്നു നോക്കി. അവൾ ഹരിയുടെ കയ്യിൽനിന്നും കുതറി അമ്മയുടെ അടുത്തേക്കോടി. അമ്മയെ കെട്ടിപ്പിടിച്ചവൾ പൊട്ടിക്കരഞ്ഞു. ''അമ്മേ ഏട്ടൻ, എനിക്കിപ്പോൾ എന്റെ ഏട്ടനെ കാണണം.'' ''എന്താ മാളു നീയീ പറയണേ!''

''ഈ വീടിന്റെ പടിയിറങ്ങുന്നതിനുമുൻപ് അവസാനമായി ഞാൻ എന്റെ ഏട്ടനെ ഒന്ന്



**അലീഷ പി. മാത്യു**
രണ്ടാം വർഷ ബികോം

കണ്ടോട്ടേ?''.

മനസ്സില്ലാ മനസ്സോടെ ശാരദ തലയാട്ടി. അമ്മയുടെ മറുപടിക്ക് കാത്തുനിൽക്കാതെ അവൾ നേരെ തെക്കിനിയിലേക്കോടി. ഗോവണിയുടെ ഓരോ പടികൾ കയറുന്തോറും മാളുവിന്റെ നെഞ്ചകം നെരിപ്പോട് പോലെ നീറി പുകഞ്ഞുകൊണ്ടിരുന്നു. പുറത്ത് നിന്ന് താഴിട്ട് പൂട്ടിയ തെക്കിനിയിലെ അവസാന മുറി ലക്ഷ്യമാക്കി അവൾ വരാന്തയിലൂടെ വീണ്ടും നടന്നു. ജനൽപ്പടിയിൽ നിന്നും താക്കോൽക്കൂട്ടം എടുത്ത് അവൾ റൂമിന്റെ വാതിൽ തള്ളി തുറന്ന് അകത്തേക്ക് കയറി.

''ഏട്ടാ....''

മാളുവിന്റെ ശബ്ദം ഇരുട്ടറയിൽ മുഴങ്ങി. റൂമിന്റെ നാനാഭാഗത്തും അവളുടെ കണ്ണുകൾ ഏട്ടനെ തിരഞ്ഞു.

''ആ........'' മനു അലറി വിളിച്ചു.

പ്രകാശരശ്മികൾ മനുവിന്റെ മുഖത്തേക്ക് അടിച്ചതും അവൻ കണ്ണുകൾ ചിമ്മി പേടിച്ചരണ്ട് റൂമിന്റെ ഒരു മൂലയിലേക്ക് ഒതുങ്ങി. ജന ലഴിയിൽ ബന്ധിപ്പിച്ചിരുന്ന ചങ്ങലയുടെ ഒരറ്റം തുരുമ്പെടുത്തിരിക്കുന്നു. മറ്റൊരറ്റത്തേക്ക് അവൾ കണ്ണോടിച്ചു. മദം പൊട്ടിയ കൊമ്പനെ പോലെ ചങ്ങല കണ്ണികളാൽ ബന്ധിച്ച കാലിലെ വ്രണത്തിൽനിന്നും നീരൊഴുകികൊണ്ടിരിക്കുന്നു. അവൾ ഓരോ അടിവച്ച് മനുവിന്റെ അടുത്തേക്ക് അടുക്കുമ്പോഴും അർത്ഥമില്ലാത്ത ഏതോ ഒരു പാണൻ പാട്ട് പോലെ എന്തൊക്കെയൊ അവൻ പുലമ്പുന്നുണ്ടായിരുന്നു.

''ഏട്ടാ ഇന്ന് വല്ലതും കഴിച്ചോ?''

മറുപടി മൗനം മാത്രമായിരുന്നു.

അവൾ ഒറ്റശ്വാസത്തിൽ ഗോവണിപ്പടികൾ ഇറങ്ങി താഴേക്കോടി. ചെറിയ ഒരു വെള്ളിത്തളികയിൽ അവൾ തന്റെ വിവാഹ സദ്യ വിളമ്പി വീണ്ടും തെക്കിനിയിലെ ഇരുട്ട് മുറിയിലേക്കോടി. ഓരോ ഉരുള ചോറും മനുവിന് വാരി കൊടുക്കുമ്പോൾ അവൻ അത് ഒരു കൊച്ചു കുട്ടിയെപ്പോലെ ആർത്തിയോടെ വാങ്ങികഴിച്ചു. മാളുവിന്റെ ഇരു മിഴികളും നിറഞ്ഞൊഴുകി.

''മാളൂ നീ ഒന്ന് വരണുണ്ടോ, അവിടെ പന്തലിൽ എല്ലാവരും നിന്നെ തിരക്കണുണ്ട്.''

ഇടം കൈയാൽ അവൾ മിഴികൾ തുടച്ച് കൊണ്ട് പറഞ്ഞു.

''ഇപ്പോ വരാം അമ്മേ.''

മറുകയ്യിൽ കരുതിയിരുന്ന വെറ്റിലയും അടയ്ക്കയും അവൾ ഏട്ടന്റെ കൈകളിൽ ഏൽപ്പിച്ച് ചങ്ങലയാൽ ബന്ധിച്ച ആ കാലുകളിൽ വീണു. മനുവിന്റെ ഇരുകരങ്ങൾ പിടിച്ച് അവൾ സ്വന്തം മൂർധാവിൽ വെച്ച് അനുഗ്രഹം വാങ്ങി. ശൂന്യതയിലേക്ക് നോക്കി നിൽക്കുന്ന മനുവിനോട് യാത്ര പറഞ്ഞവൾ റൂമിന്റെ പുറത്തേക്കിറങ്ങി. അമ്മയുടെ മാറിൽ വീണ് അവൾ പൊട്ടിക്കരഞ്ഞു.

''എന്റെ ഏട്ടൻ.''

''സാരല്ല്യ മോളെ, മോള് ഭക്ഷണം കഴിച്ച് ഇറങ്ങാൻ നോക്ക് ഇനിയും സമയം വൈകണ്ട.''

മാളു ഹരിയുടെ കൈയും പിടിച്ച് പ ടിപ്പുര കടന്നു. പാടവരമ്പിൽ നിന്നും നിറഞ്ഞ മിഴികളോടെ തെക്കിനിയിലേക്ക് തിരിഞ്ഞുനോക്കി. ചങ്ങലയുടെ നേരിയ കിലുക്കം ഒരു ചരമഗീതം പോലെ അവളുടെ കാതുകളിൽ മുഴങ്ങി. തകർന്ന മനസ്സുമായി മാളു പുതിയൊരു ജീവിതത്തിലേക്ക് യാത്രയായി.

അതെ അവൻ ഭ്രാന്തനാണ്. അനീതികൾ കാണുമ്പോഴൊക്കെ ചിലപ്പോൾ ആ ഭ്രാന്ത് പൂക്കാറുണ്ട്. സ്ഥിരമായി മദ്യപിച്ച് സ്വന്തം അമ്മയെ തല്ലുന്നത് കണ്ട് സഹിക്കാനാവാതെ പന്ത്രണ്ടാം വയസ്സിൽ സ്വന്തം അച്ഛനെ വെട്ടിക്കൊന്നപ്പോൾ തുടങ്ങിയ ഭ്രാന്ത്. അവസാനം സ്വന്തം പെങ്ങളെ ചെറിയച്ഛൻ പീഡിപ്പിക്കാൻ ഒരുങ്ങിയപ്പോൾ അയാളെ തലക്കടിച്ച് കൊന്ന ഭ്രാന്ത്. മനുവിന്റെ കാലുകൾ ഇന്നും ചങ്ങലകളാൽ ബന്ധിതമല്ലായിരുന്നെങ്കിൽ ഓരോ അനീതി കാണുമ്പോഴും ആ ഭ്രാന്ത് പൂക്കുമായിരുന്നു.



**അഖിലേശ്വരി പി.ബി.**
ഒന്നാം വർഷ
എം.എസ്.സി. മാത്സ്



പാറിപ്പറക്കാൻ കൊതിച്ച
കിളിയെ അലങ്കരിച്ച്
കൂട്ടിലാക്കി.....
കേട്ടവരെല്ലാം പറഞ്ഞു,
മഹാഭാഗ്യം......

വർഷങ്ങൾക്കിപ്പുറവും
കൂടിന്റെ വാതിൽ തുറന്നില്ല...

പലരെയും കാണണമെന്നുണ്ട്
പലവഴിയിൽ പിരിഞ്ഞ
ചിലരെയെങ്കിലും തിരികെ
വിളിക്കണമെന്നുണ്ട്
പക്ഷേ......
എല്ലാം പാതിയിൽ നിലയ്ക്കുന്നു.
ഒന്നിനോടും പ്രതികരിക്കാതെ
മിണ്ടാതിരുന്നിട്ട്
**എനിക്കെന്റെ ശബ്ദം**
**നഷ്ടമായിരിക്കുന്നു...**

# എന്റെ കലാലയം



**അഞ്ജുൻ പി.**
മൂന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്




**എം.ജി......**

തിരിഞ്ഞു നോക്കാതെ, ഒരു യാത്രാമൊഴി ഇല്ലാതെ മടങ്ങിപ്പോകാനൊരുങ്ങിയാലും തിരികെ വിളിക്കാൻ കഴിയാത്ത പ്രണയം. പൂജ്യത്തിൽ നിന്ന് പതിമൂന്നിലേക്ക് കാതങ്ങൾ ദൂരമുണ്ടായിരുന്നു.

നീണ്ട വഴികളിൽ കൂട്ടായി ഒരുപാട് പേരുണ്ടായിരുന്നു. എം.ജിയെ ഏറ്റവും സുന്ദരിയായി അന്നാണ് ഞാൻ കണ്ടത്, കഴിഞ്ഞ വർഷത്തെ യൂണിറ്റ് സമ്മേളനത്തിന്റെ അന്ന്. നഷ്ടപ്പെടാൻ ഒന്നുമില്ലാതിരുന്ന, നേടാൻ ഒരുപാട് ഉണ്ടായിരുന്ന അന്ന് അവൾ ഒരുപാട് പ്രതീക്ഷ നൽകി, എന്നെ നോക്കി ചിരിച്ചു. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ചെറിയ തരി പോലും ഉള്ളിൽ

ഇല്ലാതെയാണ് എം.ജിയിലേക്ക് ഞാൻ കടന്നുവന്നത്. പുറത്ത് നിന്ന് കാണുമ്പോൾ എംജി ശാന്തമായ ഒരു കലാലയം മാത്രമാണ്, പക്ഷെ ഉള്ളിലെ അന്തരീക്ഷം തികച്ചും വ്യത്യസ്തമാണ്. ഊർജസ്വലതയുടെ ക്യാമ്പസ്. ദിലുവും ചീരനും അമറും സായൂജും ഷഹലും എല്ലാം ചങ്ങായിമാരായി. വൈശാഖും നോബിളും അഭിരാമും അർജുവും എല്ലാം കൂടെ കൂടി. നീലയുടെ ആവേശം.

ആ കൊല്ലം അഭിലാഷേട്ടന്റെ നേതൃത്വത്തിലുള്ള യൂണിയൻ വിജയിച്ചു. പിന്നെ യൂണിയന്റെ പ്രവർത്തനങ്ങളും തിരക്കുകളും. പിറ്റേ കൊല്ലം എം.ജിക്ക് കാലിടറി. പലരും നൽകിയ മോഹനവാഗ്ദാനങ്ങൾക്ക് മുന്നിൽ എല്ലാം നഷ്ടപ്പെട്ട് കരഞ്ഞുകൊണ്ട് നിൽക്കാനെയായുള്ളൂ. പുച്ഛവും പരിഹാസവും നാണക്കേടും നിരാശയും ഒപ്പം വാശിയും. പക്ഷെ പിന്മാറിയില്ല, ആശയങ്ങൾ കൈവിട്ടില്ല, ആദ്യമായി എല്ലാം നഷ്ട്ടപ്പെടുത്തേണ്ടി വന്നപ്പോൾ കേട്ട കുറ്റപ്പെടുത്തലുകളെല്ലാം ഇന്ധനമായി മാറി. വിദ്യാർത്ഥികൾക്കൊപ്പം നിന്ന് പ്രവർത്തിച്ചു. മുന്നേ നയിച്ചവർ പടിയിറങ്ങി. അതുവരെ മുന്നിൽ നിന്ന സായൂജിനും അമറിനും നോബിളിനും പകരമാവേണ്ടത് ഇനി ഞങ്ങളാണ്. പ്രസിഡന്റായി ഞാനും സെക്രട്ടറിയായി എബിനും. എന്ത് ചെയ്യണമെന്നോ എവിടെ തുടങ്ങണമെന്നോ അറിയില്ല. നഷ്ടപ്പെട്ടതിനെ ഓർത്തുള്ള വാശി, അത് മാത്രമായിരുന്നു കൈമുതൽ. രാവിലെ കോളേജിലേക്ക് ബസ്സുകയറുന്നത് മുതൽ അടുത്ത വർഷത്തെക്കുറിച്ചുള്ള ചിന്തകൾ മാത്രം. അങ്ങനെ അടുത്ത അദ്ധ്യയന വർഷമെത്തി, നവാഗതരെ വരവേറ്റു. എല്ലാവരെയും പരിചയപ്പെട്ടു.


## വളയിട്ട കൈകൾ എം.ജിയ്ക്ക് വേണ്ടി ശബ്ദിക്കാൻ തുടങ്ങി. വിപ്ലവചരിത്രത്തിന്റെ പിന്നിൽ അവർ ഒളിപ്പിച്ച കപട മുഖം പുറത്ത് കൊണ്ടുവരാൻ ഏറെപേർ പരിശ്രമിച്ചു


പ്രസ്ഥാനത്തിലേക്ക് നവാഗതരുടെ കടന്നുവരവ് ആവേശമായി. നിർദ്ദേശങ്ങളുമായി പടിയിറങ്ങിയവർ ഒപ്പമുണ്ടായിരുന്നു. നിവിലേട്ടനും നിപ്പിയും അക്കൂട്ടും രതീഷേട്ടനും ഷിജിലേട്ടനും,.

സുമേഷേട്ടനും

ആദർശും ഫെബിനും സുനിലേട്ടനും പിന്നെ അമറും സായൂജും.നോബിളിന്റെ തിരിച്ചുവരവും, ട്രാൻസ്ഫറായി വന്ന പ്രണവും ഊർജത്തിന്റെ പ്രഭവകേന്ദ്രങ്ങളായി. പ്രിയദർശനിയുടെ പ്രവർത്തനം പ്രസ്ഥാനത്തിന് മുതൽക്കൂട്ടായി. വളയിട്ട കൈകൾ എം.ജിയ്ക്ക് വേണ്ടി ശബ്ദിക്കാൻ തുടങ്ങി. വിപ്ലവചരിത്രത്തിന്റെ പിന്നിൽ അവർ ഒളിപ്പിച്ച കപട മുഖം പുറത്ത് കൊണ്ടുവരാൻ ഏറെപേർ പരിശ്രമിച്ചു. മറ്റൊന്നും തലയിലില്ല. അന്തിയായൽ ബാബുവേട്ടൻ തരുന്ന സ്നേഹം നിറച്ച ഒരു കട്ടനും അടിച്ചു നേരെ ചെന്ന് ആ ഇടുങ്ങിയ തട്ടകത്തിൽ ഇരുന്ന് യൂണിയനെ കുറിച്ച് തന്നെ സംസാരിച്ചുകൊണ്ടിരിക്കും. പഴയ ഫ്ളക്സ് ഷീറ്റുകൾ കിടക്കകളും

ബാഗുകൾ തലയിണകളുമായി
മാറി
''നിനക്കൊന്നും വീടും കുടീം ഇല്ലെടാ''
എന്ന
കുത്തുവാക്കും കേട്ട്
അവിടെ കഴിച്ചുകൂട്ടിയ ദിനങ്ങൾ ജീവിതത്തിൽ മറക്കാനാവുന്നതല്ല. ചെറിയ ചിരികളും സങ്കടങ്ങളും എല്ലാം
പങ്കുവെച്ച ആ
ഒറ്റമുറിയല്ലേ ഞങ്ങളെ
ഒന്നാക്കിയത്..... അങ്ങനെ ഇലക്ഷൻ കാലം വന്നു. എംജിയെ നയിക്കേണ്ടവരെ കണ്ടെത്താൻ ഏറെ ബുദ്ധിമുട്ടേണ്ടി വന്നില്ല, ചെയർമാൻ സ്ഥാനാർത്ഥിയാവാൻ
വിഷ്ണുവിനെയാണ്
കണ്ടെത്തിയത്. സെക്കന്റ്
ഇയറിൽ ട്രാൻസ്ഫർ വഴി കോളേജിലേക്ക് വന്ന അവൻ വളരെ പെട്ടെന്നായിരുന്നു വിദ്യാർത്ഥികളുടെ മനസ്സ്
കീഴടക്കിയത്. വിഷ്ണു അടക്കം 16 കഴിവുറ്റ വിദ്യാർത്ഥികൾ വളരെ പെട്ടന്ന് മുന്നിലേക്ക് വന്നു. ക്ഷീണമെന്തെന്ന് അറിയാത്ത ദിനങ്ങൾ......

വിശ്വാസും ജോമിഷയും ആഗ്നസും എല്ലാം ക്ലാസ്സ്മുറികളിൽ ക്യാമ്പയ്നിലൂടെ ശബ്ദമായി മാറി. അവരുടെ വിഭാഗീയ ചിന്തയും ചേരിതിരിവും എല്ലാം വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ സാധിച്ചു. കൊട്ടിക്കലാശ ദിനം ആശങ്ക ഉണ്ടായിരുന്നു. ക്യാമ്പസിന്റെ ഓളം എന്താണെന്ന് അന്നറിയാം. എവിടെ നോക്കിയാലും ഒരു ചുവപ്പ് മയം ഉണ്ടോ എന്നൊരു പേടി. എന്നാൽ എല്ലാരുടെയും ഭീതിയെ ഞെട്ടലാക്കികൊണ്ട് കൊട്ടിക്കലാശം ഞങ്ങളുടേതായി. സജീവപിന്തുണ നൽകി വിദ്യാർത്ഥികൾ നീലപൊൻകൊടിക്കു പിന്നിൽ അണിനിരന്നു. അംഗബലം കൊണ്ട് ശക്തി തെളിയിച്ചു. അവർ പുച്ഛിച്ചു തള്ളുന്ന നീൽസലാം എംജിയുടെ നടുമുറ്റത്ത് മുഴങ്ങി. തിരിച്ചടിയായ മഴയെപോലും തോൽപിച്ചുകൊണ്ട് പെൺകുട്ടികൾ മുദ്രാവാക്യം വിളിച്ചു. ചിലർ ഒത്തുകളിച്ച് ഞങ്ങൾക്കെതിരെ അക്രമം അഴിച്ചുവിടാൻ ശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. അങ്ങനെ മഴയുടെ തണുപ്പിനെ ആവേശത്തിന്റെ ചൂട് തോൽപ്പിച്ചു. പിറ്റേന്നാണ് ഇലക്ഷൻ...... എന്നും എന്റെ കനവുകളിൽ ഉണ്ടായ ആ ദിനം.



''എം.ജിയുടെ ദിനം''.

ഒരുപാട് ഓർമ്മകളാണ് എന്റെ മനസ്സിൽ മിന്നി മാഞ്ഞ് പോയത്.കരഞ്ഞു കലങ്ങിയ കണ്ണുകൾ, നോക്കി ചെറു പുഞ്ചിരി നൽകി മാറി നിന്ന് പരിഹസിച്ചവർ, ഊണും ഉറക്കവുമില്ലാതെ രാവെന്നോ പകലെന്നോ, ഇല്ലാതെ കഷ്ടപ്പെട്ട ഞങ്ങളുടെ ദിനങ്ങൾ. അതെ ഇന്നാണ് ആ ദിനം. പതിവുപോലെ തന്നെ കൊടിയും തോരണങ്ങളുമായി കോളേജിന്റെ മുന്നിലേക്ക് നടന്നു. പക്ഷേ ഇത്ര ദിവസവും ഉണ്ടായ ആ പുഞ്ചിരി ആരുടെ മുഖത്തും കാണാനില്ല, എല്ലാവരുടെയും മുഖത്ത് പേടിയാണ്. അലങ്കാരങ്ങൾ കഴിഞ്ഞു. ഇന്ന് എം.ജി യിലെ വിദ്യാർത്ഥികൾ വിധി എഴുതും. ആരൊക്കെയോ വന്ന് ചോദിച്ചു ''അഞ്ജുലേ കിട്ടൂലേടാ......''

''കിട്ടും, 16 ഉം കിട്ടും''

പുറമെ അങ്ങനെ പറയുമ്പോളും

ഞാൻ എന്നോട് തന്നെ എത്ര ആവർത്തി ആ ചോദ്യം ചോദിച്ചു എന്ന് നിശ്ചയമില്ല. എല്ലാവരും പരന്ന് നടക്കുകയാണ്. വോട്ടിംഗ് സമയത്തിൽ അധികവും പരക്കെ പാഞ്ഞതാണ് ഓർമ്മയിൽ ഉള്ളത്.

കൗണ്ടിംങായപ്പോൾ പിന്നെ ഒരുതരം മരവിച്ച അവസ്ഥയായിരുന്നു. പലരും കരയുന്നു, ചിലരൊക്കെ വീഴാറായി...... അപ്പോഴും ചിലവരുടെ മുഖത്ത് പരിഹാസത്തിന്റെ ചിരിയായിരുന്നു. ആ ചിരി എന്റെ ഹൃദയമിടിപ്പ് കൂട്ടി..

വോട്ടുകൾ എണ്ണാൻ തുടങ്ങി.. ഫസ്റ്റ് ഇയർ ഡീ.സിയും സെക്കന്റ് ഇയർ ഡീ.സിയും ജയിച്ചെന്നറിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ മൈനറിൽ 2 എണ്ണം ഒഴിച്ച് ബാക്കി എല്ലാം കിട്ടി എന്നറിഞ്ഞു. എങ്ങും സന്തോഷം. കഴിഞ്ഞില്ല, യൂണിയൻ കിട്ടാൻ മേജറിന്റെ റിസൾട്ട് അറിയണം. അക്ഷമക്കൊടുവിൽ ഫലം പ്രഖ്യാപിച്ചു. 7 മേജർ സീറ്റുകളും 6 മൈനർ സീറ്റും ലഭിച്ചു കൊണ്ട് വീണ്ടും എം.ജിയിൽ വസന്തം വിരിഞ്ഞിരിക്കുന്നു, നാം കണ്ട സ്വപ്നങ്ങൾക്ക് ''എം.ജി നിറം പകർന്നു'' എം.ജിയിൽ പൂത്തു നിന്ന വാക മരത്തിന്റെ മുകളിൽ അറിവിന്റെ നീലാകാശം പൂത്ത് വിരിഞ്ഞു. കരഞ്ഞു കലങ്ങിയ കണ്ണുകൾക്ക് നാം നിറ ചിരി പകർന്നു. കൈവിട്ടുപോയതിൽ നിന്ന് തിരിച്ചു പിടിച്ചിരിക്കുന്നു. മൂന്ന് സീറ്റുകൾ വിരലിലെണ്ണാവുന്ന വോട്ടുകൾക്ക് നഷ്ടമായി. ഇന്ന് എല്ലാം

**<u>എം.ജിയിൽ പൂത്തു നിന്ന വാക മരത്തിന്റെ മുകളിൽ അറിവിന്റെ നീലാകാശം പൂത്ത് വിരിഞ്ഞു.</u>**

തിരികെ കൊണ്ടുവരാൻ നമ്മുക്ക് സാധിച്ചുവെങ്കിൽ അതിനു കാരണം നമ്മെ
മുന്നെ നയിച്ചവരുടെ പോരാട്ടങ്ങളാണ്. അവർ ഉറങ്ങാതെ കണ്ട സ്വപ്നങ്ങളാണ്,
അവർ ഞങ്ങൾക്ക് പകർന്നു തന്ന ആവേശമാണ്. ഒരിക്കൽ അമറും സായൂജും
എന്നോട് പറഞ്ഞു ''എടാ എന്ത് വന്നാലും യൂണിയൻ തിരിച്ചു പിടിക്കണം
നമ്മൾ കരഞ്ഞ പോലെ ഇപ്പോൾ നിന്റെ കൂടെ ഉള്ളവർ കരയാൻ പാടില്ല.'' പ
ക്ഷേ കൂടെയുള്ളവർ കരഞ്ഞു. അതു പക്ഷേ നഷ്ടപ്പെട്ടതിന്റെ വേദനപേറിയുള്ള
കരച്ചിൽ അല്ലായിരുന്നു, തിരിച്ചു പിടിച്ചതിന്റെ സന്തോഷ കണ്ണീരായിരുന്നു
അവരുടെ മുഖത്ത്.

ഫസ്റ്റ് ഇയർ വന്നപ്പോൾ വിളിച്ച അതെ ആവേശത്തിൽ പ്രതീക്ഷയോടെ എന്നെ
നോക്കിയ എംജിയുടെ മുറ്റത്ത് വെച്ച് മുഷ്ടി ചുരുട്ടി ഒന്നൂടെ ഞാൻ വിളിച്ചു ...
''അന്നേ ഞങ്ങൾ പറഞ്ഞില്ലേ എം.ജി കണ്ട് കൊതിക്കണ്ടോന്ന്...''
വിപ്ലവത്തിന്റെ നിഴലിൽ അടിച്ചമർത്താനും തഴയാനും ശ്രമിച്ചവർക്ക് മറുപടി
ലഭിച്ചു.അവർ പ്രസംഗിച്ചു നടന്നു
എം.ജിയിൽ കെ എസ് യു തുടച്ചു നീക്കപ്പെട്ടു എന്ന്, പക്ഷെ
എല്ലാം നഷ്ടപ്പെട്ടപ്പോഴും ഒത്തൊരുമയിൽ നിന്നും ഉരുത്തിരിഞ്ഞ ആത്മാർത്ഥമായ
ദാഹത്തിന്റെ ഫലമായി പതിമൂന്നും ഞങ്ങൾ തിരിച്ചുപിടിച്ചു. ഇനിയും എം.ജിയുടെ
നെറുകയിൽ ആ നീല പതാകയെ ഉയരൂ...... എം. ജി എന്ന രണ്ടക്ഷരം കേൾക്കുമ്പോൾ
മനസ്സിൽ
ഓർമ്മകളുടെ ഒരു തള്ളിച്ചയാണ്
സൗഹൃദം, സ്നേഹം കടപ്പാട്,ഉറക്കമില്ലാത്ത രാത്രികൾ,യൂണിയൻ, മീറ്റിങ്...
അങ്ങനെ എഴുതിപ്പിടിപ്പിക്കാൻ കഴിയാത്ത
ഓർമകളുടെ പ്രളയം.
സംഭവബഹുലമായ പഠനകാലവും ചോരയെ തോൽപിക്കും വിധം കട്ടക്ക് കൂടെ
നിന്ന കൂട്ടുകാരെയും തന്ന ഈയൊരിടം എന്നും പ്രിയപ്പെട്ടതായി അവശേഷിക്കട്ടെ.



# മടുത്തു...



**അജിന ടി.കെ.**
രണ്ടാം വർഷ എം.കോം.

അരിവെച്ചു മടുത്തു
ഇനി അര വയ്ക്കാം
അരവെച്ചു മടുത്തു
അതുകൊണ്ടടിവെയ്ക്കാം
അടിവെച്ചു മടുത്തു
അതിനാൽ ഹോട്ടലടുക്കാം
ഹോട്ടലടുത്തു മടുത്തു
എന്നാൽ വീടടുപ്പിക്കാം
വീട്ടിലെത്തിച്ചു രസിച്ചു
തടിവെച്ചു കൊഴുത്തു
തടിയൊന്നിളകാഞ്ഞിട്ട്
താഴെക്കൊന്ന് വീണു
താങ്ങിയെടുക്കാനേറെ
കഷ്ടപ്പെട്ടിട്ടെന്നെ
ആശുപത്രിയിലെത്തിച്ചു
ഡോക്ടറെന്നെ കണ്ടു
അടിമുടി പരിശോധിച്ചു

പരിശോധനയ്ക്കൊടുവിൽ
അദ്ദേഹം അരുളി
അടിവെച്ചു നടക്കണം, ഇല്ലേൽ
വടിവെച്ചു നടക്കാൻ ഒടുവിൽ
ആൾ ബാക്കിയിരിക്കില്ല
ആലോചിച്ചു ഞാൻ നിന്നു
അടിവെച്ചാൽ ഉടലിളകും
എന്നാൽ വടിവെയ്ക്കാതുലകം
വെടിയാം, മറ്റൊന്നും വയ്യ





**ഐശ്വര്യ എസ്.**
രണ്ടാം വർഷ മാത്സ്

# മനുഷ്യകുലം...

ശാസ്ത്രം കൈയിലൊതുക്കിയ മർത്യകുലത്തെ,
ലോകത്തിൻ മുക്കിലും മൂലയിലും വിറപ്പിച്ച്,
ഒളിഞ്ഞും തെളിഞ്ഞും "വൈറസ് " ഭീകരൻ
നിർദാക്ഷിണ്യം സംഹാര നൃത്തമാടുന്നു.
കുചേല കുബേര പക്ഷം നോക്കാതെ,
സർവ്വ ലോകത്തിലും സംഹാരം വിതറുന്നു.
ഇവിടെ ജാതിയില്ല മതമില്ല ദേശമില്ല ദിക്കില്ല.
ഈ മഹാമാരിക്കെതിരെയുള്ള ധർമ്മ യുദ്ധത്തിൻ
വിജയത്തിനായി,
എല്ലാവരും പടച്ചട്ടയണിയുവാൻ തയ്യാറാവുക.
തീർക്കാം നമുക്ക് സാമൂഹ്യ അകലം,
കാക്കാം നമുക്ക് ഈ ലോകത്തെ,
ഇത് മനുഷ്യ കുലത്തിൻ നിലനില്പിൻ ആധാരം;
അണിചേരുക നാം.. ലോകത്തിനായ്..




MG COLLEGE IRITTY
Inauguration
Auspex
2k20
K.P.NOORUDHEEN
CENTRAL LIBRARY

# വിശപ്പിന്റ് നിലവിളികൾ
## ഒരു അവലോകനം





**അശ്വിൻ തോമസ്**
രണ്ടാം വർഷ മാത്സ്

**ലോകരാജ്യങ്ങൾക്കിടയിൽ** ഒരു വികസ്വര രാജ്യമായി നിലകൊള്ളുന്ന ഭാരതത്തിന്, പാശ്ചാത്യനാടുകളിൽ വിശേഷണങ്ങൾ ഏറെയാണ്, അതിൽ പ്രധാനമാണ് ''നാനാത്വത്തിൽ ഏകത്വം'' എന്ന ആശയം. സാമ്പത്തികമായും മതപരമായും സാംസ്കാരികപരമായും കാലാവസ്ഥാഭൂപ്രകൃതിയിലും ഏറ്റവുമധികം വൈവിധ്യങ്ങളുള്ള രാജ്യമാണ് ഇന്ത്യ.

വടക്ക് ഹിമാലയവും തെക്ക് ഇന്ത്യൻ മഹാസമുദ്രവും പടിഞ്ഞാറ് അറബിക്കടലും ചേർന്ന് കിടക്കുന്ന ബാഹ്യഘടന തന്നെ ലോകരാജ്യങ്ങൾക്കിടയിൽ അപൂർവ്വമാണ്, ഈ ബാഹ്യ മനോഹാരിതയ്ക്കപ്പുറം ഇന്ത്യ നേരിടുന്ന വെല്ലുവിളികളേറെയാണ്, അതിൽ പ്രധാനം ദാരിദ്ര്യവും. രാജ്യത്തെ ജനസംഖ്യയുടെ മുപ്പത്തിരണ്ട് ശതമാനം പേ ർ ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്നാണ് കണക്കുകൾ പറയുന്നത്. മണിപ്പൂർ ഒഴികെ



**സമൂഹത്തിൽ ഒരു വിഭാഗം പാഴാക്കുന്ന ആഹാരത്തിനായി നായ്ക്കളോട് മല്ലടിക്കുന്ന ഇരുകാലികളാകേണ്ടി വരുന്ന മനുഷ്യജീവിതങ്ങൾ നമ്മിൽ നിന്നും വിദൂരത്തിലുള്ള കാഴ്ചയല്ല.**

യുള്ള സംസ്ഥാനങ്ങളിലെ കണക്കുകൾ നിലവിൽ ലഭ്യമാണ്. സുരേഷ് തെൻഡുൽക്കർ സമിതിയുടെ കണക്കനുസരിച്ച് 2011–2012 ൽ ദരിദ്രരുടെ ശതമാനം 21.9 ആയിരുന്നു. എന്നാൽ വർഷങ്ങൾ പിന്നിടുമ്പോൾ ദരിദ്രവിഭാഗങ്ങളുടെ എണ്ണത്തിൽ കുറവില്ല എന്നതിനെക്കാൾ അസ്വസ്ഥരാക്കുന്നത് അവയുടെ എണ്ണത്തിലുള്ള വർധനവ് തന്നെയാണ്. സമൂഹത്തിൽ ഒരു വിഭാഗം പാഴാക്കുന്ന ആഹാരത്തിനായി നായ്ക്കളോട് മല്ലടിക്കുന്ന ഇരുകാലികളാകേണ്ടി വരുന്ന മനുഷ്യജീവിതങ്ങൾ നമ്മിൽ നിന്നും വിദൂരത്തിലുള്ള കാഴ്ചയല്ല. ഭാരതത്തിലെ പ്രധാന നഗരങ്ങളുടെയെല്ലാം തെരുവിൽ പാഴാക്കുന്ന ഭക്ഷണത്തിനായി മല്ലടിക്കുന്ന ജനവിഭാഗങ്ങളെ കാണാൻ കഴിയും. ലോകത്താകമാനം ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തെക്കാൾ രണ്ടു ശതമാനം അധികം ഭാരതത്തിൽ ഉത്പാദിപ്പിക്കുന്നു, എന്നിട്ടും 35 ശതമാനം ആളുകൾ ദരിദ്രരായി തുടരുന്നു. ഭക്ഷണമെന്ന പ്രാഥമികാവശ്യത്തിനായി തെരുവുകളിൽ അലയുന്ന ഒരുപറ്റം ആളുകൾ നമുക്കിടയിലുണ്ട്. രണ്ടു വർഷങ്ങൾക്കുമുമ്പ് ഒരു നേരത്തെ വിശപ്പടക്കാനായി ആഹാരം മോഷ്ടിച്ച സാധു യുവാവിനെ ആൾക്കൂട്ടം ആക്രമിച്ച് കൊലപ്പെടുത്തിയതിന്റെ മുറിപ്പാടുകൾ കേരളത്തിന്റെ തിരുനെറ്റിയിൽ നിന്നും എന്നെങ്കിലും മാഞ്ഞുപോകുമെന്ന് തോന്നുന്നില്ല. എന്നാൽ വൈരുധ്യമുളവാക്കുന്ന ഒരു കാര്യമെന്തെന്നാൽ, ഇന്ത്യയിലെ സാധാരണക്കാരായ ആളുകളുടെ നികുതിപ്പണം വെട്ടിച്ച്, 3000 കോടിയോളം ഇന്ത്യൻ കറൻസി കവർന്ന വിജയ് മല്യ, നീരവ് മോദി തുടങ്ങിയ സാമ്പത്തിക കുറ്റവാളികൾ പാശ്ചാത്യനാടുകളിൽ ഉല്ലാസജീവിതം നയിക്കുന്നതിന്റെ ചിത്ര ങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ നാം കാണുന്നു. ഇത്തരം യാഥാർത്ഥ്യങ്ങൾ സമ്പന്നവിഭാഗത്തിലുണ്ടാക്കുന്ന മിഥ്യാബോധം തന്നെയാണ് സമാനമായ രീതിയിലുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ ആവർത്തിക്കാനുള്ള കാരണങ്ങളിൽ പ്രധാനം.

കാലാന്തരങ്ങളിൽ ആവർത്തിക്കപ്പെടുന്ന തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന ഭരണകൂടങ്ങൾ നിരവധി ദാരിദ്ര്യനിർമാർജന പദ്ധതികൾ ആവിഷ്കരിക്കുന്നുവെങ്കിലും അവയെ ഒരു പരിധിവരെയെങ്കിലും വിജയത്തിലേക്കെത്തിക്കാൻ ഭരണകൂടങ്ങൾക്ക് കഴിയുന്നില്ല എന്നതുതന്നെയാണ് വാസ്തവം. രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ചേരിതിരിഞ്ഞുള്ള വാഗ്വാദങ്ങളല്ലാതെ മറ്റൊരു പുരോഗതിയും ഇത്തരം ആശയങ്ങളിലൂടെ നടപ്പാക്കാൻ കഴിയില്ല. ഇന്ത്യയുടെയെന്നല്ല, ഏതൊരു രാജ്യത്തിന്റെയും നട്ടെല്ലായ കാർഷികവ്യവസ്ഥ, ഭാരതത്തിൽ തകർന്നടിയുന്നത് ദാരിദ്ര്യത്തിന്റെ മുഖ്യ കാരണങ്ങളിലൊന്നായി കരുതാവുന്നതാണ്. രാജ്യത്തെ സമ്പന്ന വിഭാഗത്തെയും സാധാരണ വിഭാഗത്തെയും മൂന്നു നേരവും ഊട്ടുന്ന കർഷകവിഭാഗം കടക്കെണിയിലും ആത്മഹത്യയിലും കുടുങ്ങിക്കിടക്കാൻ തുടങ്ങിയിട്ട് നാളുകളേറെ കഴിഞ്ഞു.

വിശക്കുന്നവന് മുമ്പിലേക്ക് ആഹാരമില്ലാതെ കടന്നുചെല്ലാൻ സൃഷ്ടികളുടെ വിധാനമായ സൃഷ്ടാവിനുപോലും കഴിയില്ല, കാരണം വിശപ്പിന്റെ നിലവിളികളുടെ അലകൾക്ക് കാഠിന്യവും, മൂർച്ചയും കൂടുതലാണ്. ഒരു നേരത്തെ പട്ടിണി മുതൽ മൂന്നുനേരത്തെ പട്ടിണി വരെ അനുഭവിക്കുന്ന വിഭാഗങ്ങൾക്കിടയിലും അതിസമ്പന്ന വിഭാഗം നിലനിൽക്കുന്നു എന്നതാണ് ഉച്ചനീചത്വത്തിന്റെ രൂപീകരണത്തിന് പ്രഥമ കാരണം. ഇത്തരം ഉച്ചനീചത്വങ്ങളിൽ നിന്നുണ്ടാകുന്ന കിടമത്സരങ്ങൾ സാധാരണക്കാരെ ദരിദ്രരായി പരിണമിപ്പിക്കുന്നു.

ഇന്ത്യയിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും ദാരിദ്ര്യവും വിശപ്പുമടക്കാൻ നമുക്ക് കഴിയില്ലായിരിക്കാം, എന്നാൽ നമുക്ക് മുമ്പിൽ കാണുന്നവരുടെ ഒരു നേരത്തെ വിശപ്പെങ്കിലും അകറ്റാൻ നാം തീരുമാനിച്ചാൽ വളരെ ചെറിയ തലത്തിലുള്ള ദാരിദ്ര്യ നിർമാർജനം സാധ്യമാണ്. മതത്തിനും രാഷ്ട്രങ്ങൾക്കും മറ്റു മതിൽക്കെട്ടുകൾക്കുമപ്പുറം മനുഷ്യനെ തിരിച്ചറിയുന്നവരായി, മാറാൻ യുവതലമുറയ്ക്ക് കഴിയട്ടെ. ●

# കാലം വിരിയിച്ച ഓർമ്മകൾ



**ഡാൽഫിയ വർഗ്ഗീസ്**
ഒന്നാം വർഷ മാത്സ്

ഏതോ പഴയനിശ്വാസത്തിൻചൂളമേന്തിയെൻ
ശ്വാസോച്ഛ്വാസത്തിൽ തുളയുന്നിതാ
പണ്ടെങ്ങോ ഞാൻ മറന്നൊരാ ഓർമ്മകൾ.
ഓർമ്മകളേതോ വസൂരിയായ്
വിട്ടുമാറാതെ ചിതലുപോൽ കാർന്നുതിന്നു-
ന്നിതാ ഞാൻ ശ്രേഷ്ഠമായി നെയ്തൊരെൻ ബുദ്ധിയെ.
മുട്ടോപ്പമില്ലാത്തകുപ്പായമിട്ടു ഞാൻ
നടന്ന വഴിപ്പാതകൾ , എന്നിലെയെന്നെ ഞാനാ-
ക്കിയോരെൻ  നിഷ്കളങ്കഭാവങ്ങളിന്നില്ല.
എന്നോർമ്മയിലേതോദിനം ഞാനന്നാദ്യമായെൻ
കലാലയത്തെ എന്നിൽനിന്നുമുതിർന്ന ചുടുക-
ണ്ണീരാൽ വരവേറ്റു നിലംപറ്റെത്താണ
അമ്മയുടെ സാരിത്തുമ്പിന്റെ ചൂടുവിട്ടദിനം.
എന്നോർമ്മയിൽതുളയ്ക്കുന്നുഞാനന്നാദ്യമായ്
കുറിച്ചോരാദ്യാക്ഷരങ്ങൾ, ഞാനന്നാദ്യമായ് നുകർന്ന
ചാരുബഞ്ചിന്റെ ഗന്ധം, പിന്നീടവിടെയേതോ രണ്ടുകൈ-
കളെന്നെ മാറോടണച്ചപ്പോൾ ഞാനറിഞ്ഞു
അതെൻ ഗുരു അമ്മ.
തിരിഞ്ഞുനോക്കുമ്പോൾ  പൂനിലാവിൻമന്ദമാരുതൻ
പോൽപൊടുന്നനെ പെയ്തിറങ്ങിയമൗനരാഗമായെന്നെ
തഴുകുന്നിതാ പണ്ടെങ്ങോ  മറന്നൊരെൻ കുട്ടിക്കാലം.



# രാത്രിയുടെ നിലവിളികൾ



**ദിദിയ സുജിത്ത്**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്



**അ**ന്നത്തെ മഴയ്ക്ക് എന്റെ നെഞ്ചിടിപ്പിന്റെ താളമായിരുന്നെന്ന് തിരിച്ചറിഞ്ഞു. കാറ്റിന് പൊള്ളുന്ന ചൂടും. ഒരു ദാക്ഷിണ്യവുമില്ലാതെ വെളിച്ചത്തിന്റെ അവസാന കണികയും മുറി വിട്ടുപോയി. ആദ്യമായി ഇരുട്ടിനെ ഞാൻ ഭയന്നു. കണ്ണീരിൽ കുതിർന്ന തലയ ണയ്ക്ക് എണ്ണയുടെയും വിയർപ്പിന്റെയും മുഷിഞ്ഞ ഗന്ധമുണ്ടായിരുന്നു. പുറത്ത് മഴയും ഉള്ളിൽ ഞാനും തനിച്ചായിരുന്നു. എന്റെ നിശ്വാസത്തിനാണ് ഭൂമിയിൽ ഏറ്റവും വലിയ ശബ്ദം എന്നു തോന്നി.

തലയണയിൽ നിന്ന് മുഖമുയർത്താൻ വല്ലാതെ ആഗ്രഹിച്ചു. പക്ഷെ,പിന്നിൽ ചുവന്നു തിളങ്ങുന്ന കണ്ണുകളും നീണ്ട പല്ലുകളും ഉണ്ടാവുമോ എന്ന ഭയം എന്നെ തളർത്തി. മഴ താണ്ഡവനൃത്തമാടുകയാണ്.

ഓർമകളുടെ കച്ചിത്തുരുമ്പിനുവേണ്ടി ഞാൻ ഉഴറി നടന്നു. പക്ഷെ അവിടം ശൂന്യമായിരുന്നു. ആ രാത്രി വേഗം കഴിഞ്ഞു കിട്ടാൻ പരിചയമുള്ള എല്ലാ ദൈവങ്ങളോടും ഞാനാണയിട്ടു.

നെഞ്ച് പൊട്ടിപ്പോവുമെന്നു തോന്നിയപ്പോ ഴൊക്കെ ഒന്നിളകി കിടന്നു. പുറത്ത് എന്തോ ഒടിഞ്ഞു വീഴുന്ന ശബ്ദം കേട്ട് കാൽവിരൽ തുമ്പുപോലും നടുങ്ങി വിറച്ചു. നിശബ്ദത..... സമനില തെറ്റുമെന്ന് തോന്നി. നിമിഷങ്ങളുടെ നീണ്ട ഇടവേളയ്ക്കൊടുവിൽ മറ്റാരും കേൾക്കാനിടയില്ലാത്ത ആ ശബ്ദം എന്റെ കാതുകളിലെത്തി. ആരുടെയോ പതിഞ്ഞ കാലടിശബ്ദം എന്റെ മുറിക്ക് പുറത്തു വന്ന് നിശബ്ദമായി. ഹൃദയം കൂടുതൽ ശക്തിയിൽ ഇടിക്കാൻ തുടങ്ങി. ചുണ്ടുകൾ വിറച്ചു. കൈകളനങ്ങി. ഒരു നിമിഷത്തിന്റെ ബലത്തിൽ എന്റെ നെഞ്ചിലമർന്ന തലയണ വായുവിൽ പറന്നു. എനിക്ക് വേണ്ടി ആരോ ഒരാൾ, ജീവിതത്തിലാദ്യമായി എന്റെ കണ്ണുകളും ഹൃദ യവും ആഹ്ലാദിച്ചു. ●








**ഉളിക്കൽ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ സി. 107**

**ഉളിക്കൽ പിഒ., കണ്ണൂർ ജില്ല ഹെഡ്ഡോഫീസ്–ഉളിക്കൽ. ഫോൺ: 0460 2254200**

ulikkalscbank@gmail.com

ബ്രാഞ്ചുകൾ:........................
ഉളിക്കൽ മെയിൻ: 0460 2228154
പടിയൂർ : 0460 2 273006
ഉളിക്കൽ ഈവനിംഗ്: 0460 2228115
മാട്ടറ: 0460 2216194

പ്രസിഡണ്ട്: ജോർജ്ജ് ജോസഫ് തോലാനിക്കൽ (9447359930)
സെക്രട്ടറി: ബിനു തോമസ് (9447883171)

- വ്യക്തിഗതവായ്പ, കാർഷിക വായ്പ, ഗൃഹോപകരണ വായ്പ, ചെറുകിട കച്ചവട വായ്പ, വീട് റിപ്പയർ വായ്പ എന്നിങ്ങനെ വിവിധ ഇനങ്ങളിലായി 25 ലക്ഷം രൂപ വരെയുള്ള വായ്പകൾ
- ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ വ്യക്തികൾക്ക് സ്വർണ്ണപണയ വായ്പകൾ
- വിവിധ സലകളിലുള്ള ഗ്രൂപ്പ് ഡെപ്പോസിറ്റ്, ഉളിക്കൽ, പടിയൂർ എന്നിവിടങ്ങളിൽ
- ഗുണമോന്മയേറിയ വളം വിതരണ ഡിപ്പോകൾ
- സേഫ് ലോക്കർ സാകര്യം
- 62 വർഷക്കാലത്തെ സേവന പാരമ്പര്യം

ആശംസകളോടെ...

Baby Cinemas

THE BIG SCREEN THRILL

**KUTHUPARAMBU**
**Phone:**

# College Day




Christmas
Celebration
Onam

# തരംഗ്




SF
SUNITHA
FURNITURE
SINCE 1985
KERALA'S LARGEST
FURNITURE
SHOWROOM
ULIYIL, IRITTY, PH: 0490-2953070
MAIN BRANCH: THAVAKKARA, KANNUR
www.sunithafurniture.com
BAJAJ
FINSERV
0% INTEREST
Free
Delivery
ACROSS
SOUTH INDIA
വിലക്കുറവ് !
വിശ്വസ്തത !
വിൽപ്പനാനന്തര
സേവനം !
SUNITHA FURNITURE


മട്ടന്നൂർ
കോ – ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്
Since 1946
REGD NO. F 1228
HO മട്ടന്നൂർ
PIN: 670702
കണ്ണൂർ ജില്ല
Phone: 04902471227
0490 2473227 & 0490 2474227
E-mail: mattanurcrb@yahoo.co.in

# മാഗസിൻ കമ്മിറ്റി



**Dr. Ajitha V.**
Principal



**Dr. Bijumon R.**
Staff Editor



**Dr. Meera**
Union Advisor



**Viswas K.V.**
Student Editor



**Vishnu T.**
Chairman



**Aleesha Mathew**
Member



**Ashitha C.**
Member



**Joyal Jolly**
Member



**Abhiram K.S.**
Member



**Jeffi Anna Joseph**
Member



## കോളേജ്
# കലോത്സവ
## പ്രതിഭകൾ



കലാപ്രതിഭ
**അനഘ പി.**



സാഹിത്യ പ്രതിഭ
**സഹദിയ കെ.പി.**



ചിത്രപ്രതിഭ
**ശരത്ചന്ദ്ര എ.**

## കോളേജ്
# കായികോത്സവ
## പ്രതിഭകൾ



വ്യക്തിഗത ചാമ്പ്യൻ (ആൺ)
**അവിനാഷ് എം.**



വ്യക്തിഗത ചാമ്പ്യൻ (പെൺ)
**ബിൽന സെബാസ്റ്റ്യൻ**

## OVER ALL CHAMPIONSHIP



DEPT. COMMERCE & MANAGEMENT

# യൂണിവേഴ്സിറ്റി കലോത്സവം



Sandra Maria Joseph
English Recptance (II)



Amarnath M.
Folk Dance (III)



Anagha P.
Kuchupudi (II)



Pranavraj M.V.



Manjunath M.K.

Quiz (II)

## THERUVU NADAKAM (III)



Vishnu T.



Josphin Jose



Shyamjith C.G.



Nived M.



Theertha N.B.



Sandra K.V.



Sneha Sajeevan



Anaswara Subhash



Jyothika Rajan



Rhithuvarna K.P.

# അഭിനന്ദനങ്ങൾ

## UNIVERSITY WOMEN SOFTBALL CHAMPIONSHIP

### II[ND] PRIZE WINNERS


Anagha K.
3rd Year Maths


Alakananda K.P.
2nd Year Maths


Zia R.
3rd Year Maths


Shilpa E.V.
2nd Year Maths


Snehapriya K.
2nd Year Maths


Sandhya A.K.
3rd Year Physics


Archana P.V.
2nd Year BBA


Nimaya P.
1st Year Maths


Soorya Vinod R.K.
1st Year Physics


Akshaya C.
2nd Year BCom.


Bilna Sebastian
2nd Year BCom.


Anjana K.
1st Year Physics


Krishnapriya
1st Year Physics


Sreelakshmi
3rd Year Maths

## യൂണിവേഴ്സിറ്റി
# കായികോത്സവം


Anugrah T.P.
Archery (III)


Archana P.V.
Kalaripayattu (II)


Anagha K.
Triple Jump (III)

## UNIVERSITY SOFTBALL TEAM MEMBERS


Sharoon V.


Yadukrishna


Bilna Sebastian


Archana P.V.


Alakananda


Anagha K.

## UGC NET


Anagha Narayanan
MCom


Anusree P.
MCom


Anusree N.M.
MCom


Anjali P.K.
MSc Maths

# ACADEMIC TOPPERS


**Sandra Maria Joseph**
BSc Physics
University II Topper


**Delna P.T.**
BSc Maths
University II Topper


**Ashitha O.M.**
BSc Computer Science
University Topper


**Greeshma C.**
BSc Computer Science
University II Topper


**Vyshnavi C.M.**
BCom.


**Anamika P.V.**
BBA


**Athulya K.**
MSc Maths


**Anusree P.**
MCom.

# ENTRANCE TOPPERS


**Sreehari K.**
JAM | HCU | CUCET | JNU
Pondichery University


**Arya E.R.**
HCU | JNU | CUCET
Pondichery University


**Christeena Devassia**
HCU | JNU | CUCET


**Manjunath M.K.**
CUCET | Pondichery University


**Aksa Thomas**
JAM


**Sandhya A.K.**
JAM | CUCET


**Liza Helan**
CUCET


**Thejal V.K.**
Pondichery University


**Abhinandh K.**
Pondichery University


**Greeshma C.**
Pondichery University
CUSAT


**Ashitha O.M.**
Pondichery University
CUSAT


**Soorya P.**
Pondichery University
CUSAT



# ലോകാവസാനം

കണ്ണുതുറന്നപ്പോൾ ആരോപറഞ്ഞു
നാളെ പ്രളയം ഉണ്ടാകുമെന്ന്
അവൻ കരുതി ലോകാവസാനം അടുത്തെന്ന്
അല്ല നാളെ അവസാനിക്കുമെന്ന്
നേരം പുലർന്നു ഭൂമി ഇരുണ്ടുമൂടി കനത്ത മഴ പെയ്തു
അതടുത്തെത്തി എന്ന ഉത്കണ്ഡയിൽ മുഴുകവെ ഭൂമി കുലുങ്ങി
പ്രളയജലം കുറെ ജീവനെടുത്ത് അവിടെയെല്ലാം നിറഞ്ഞു
ഭയത്തിന്റെയും ഭീതിയുടെയും കൊടുമുടിയിൽ നിൽക്കവെ
പെയ്തില്ല...പെയ്തില്ല... പെയ്തില്ല ... പെയ്തില്ല.
എങ്ങും ശാന്തത , ഒരിക്കൽ കൂടി നേരം പുലർന്നു
എങ്ങും രോഗം പകർന്നിരിക്കുന്നു
ഇതിനോടകം കുറെ പേരുടെ ജീവനും
അവൻ കരുതി നരവംശം അവസാനിച്ചെന്ന്
ഭീതി പടർത്തിയ ആ ഭൂതവും കടന്നുപോയി
പുതിയ പുലരി പിറന്നു പുതിയ വാർത്തയുമായി
സുനാമിയും ഭൂകമ്പവും നിത്യ കാഴ്ചയായി
ഉത്ക്കണ്ഡയും സംശയവും കലഹിക്കവെ
ഭീതികരമായ മറ്റൊരു വാർത്തകൂടി....
ഭൂമിയെ ലക്ഷ്യംവെച്ച് ഒരു ഉൽക്ക
ആ പ്രമുഖർ പാടി 'ലോകം അവസാനിച്ചെന്ന് '
മാനവർ പാടി ലോകാവസാനം എന്ന്
മനസ്സുറച്ച് അവൻ തയ്യാറായി ലോകാവസാനത്തിന്.
ആ നിമിഷവും കടന്ന് പോയി,
ഭീതിയുടെ നിഴലുകൾ തള്ളിനീക്കി പുതിയ പുലരി പിറന്നു.
അവന്റെ കണ്ണുകൾ തുറന്നതുമില്ല ഒന്നും കേട്ടതുമില്ല.
അവന്റെ ലോകം അവസാനിച്ചു ....
അവസാനിച്ചു.....



**സുധീപ് സേവ്യർ**
ഒന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്






**അശ്വിൻ പി. ജയ്സൻ**
ഒന്നാം വർഷ ഫിസിക്സ്

ഒരു സാധാരണ സിനിമയെ സംബന്ധിച്ചിടത്തോളം അത് മുന്നോട്ട് വെയ്ക്കുന്നത് രണ്ട് കഥാപാത്രങ്ങളെയാണ് , ഒരു നായകനെയും ഒരു വില്ലനെയും. അതിൽ നിന്നും വ്യത്യസ്തമായി രണ്ട് കഥാപാത്രങ്ങളിലെയും നായകനെയും വില്ലനെയും അയ്യപ്പനും കോശിയും എന്ന ചിത്രത്തിലൂടെ സച്ചി നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നു. ഇതിൽ ഒരു പ്രേക്ഷകൻ അയ്യപ്പന്റെ കൂടെ നിൽക്കുമോ അതോ കോശിയുടെ കൂടെ നിൽക്കുമോ എന്നത് തീർത്തും വ്യക്തിപരം മാത്രം.

എന്താണ് അയ്യപ്പനും കോശിയും എന്ന ചിത്രത്തിലൂടെ സച്ചി മുന്നോട്ട് വെയ്ക്കുന്ന ആശയം എന്ന ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്. കാരണം ഇത് കേവലം രണ്ട് വ്യക്തികളുടെ മാത്രം കഥയല്ല, മറിച്ച് ഈ ചിത്രം നമ്മിലേക്ക് എത്തിക്കുന്നത് രണ്ട് രാഷ്ട്രീയങ്ങളെയാണ്. അട്ടപ്പാടി എന്ന ആദിവാസി പ്രദേശത്തെ കേന്ദ്രീകരിച്ചാണ് ഈ കഥ



നടക്കുന്നത്. ഈ ആദിവാസി പ്രദേശത്തേക്ക് കടന്നു വരുന്ന കോശി കുര്യനും (റിട്ട. ഹവിൽദാർ) അതുപോലെ ഈ പ്രദേശത്ത് തന്നെ തന്റെ ആദ്യകാല സർവീസ് തൊട്ട് ജോലി ചെയ്യുന്ന എസ്. ഐ. അയ്യപ്പൻ നായരും തമ്മിൽ ഉണ്ടാകുന്ന സംഘർഷമാണ് കഥയിലേക്ക് ഉള്ള വഴിത്തിരിവ്. സമൂഹത്തിൽ തനിക്കുള്ള നിലയും വിലയും ഒപ്പം രാഷ്ട്രീയപരമായും മറ്റും ഉള്ള പിടിപാടും കോശി കുര്യന് പോലീസുകാരന് മുന്നിൽ അടിയറവ് പറയാനുള്ള സൂചനകളെ ഇല്ലാതാക്കുമ്പോൾ ഉയർന്നുവരുന്ന സംഘർഷങ്ങളാണ് സിനിമയിൽ ദൃശ്യമാവുന്നത്. ചിലർക്കെങ്കിലും ന്യായം അയ്യപ്പന്റെ ഭാഗത്താണെന്ന് തോന്നുമെങ്കിലും ഈ ചിത്രത്തിൽ ഒരു നായകനില്ല എന്നാണ് സംവിധായകൻ സച്ചിയുടെ നിലപാട്. ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ മുഖ്യമന്ത്രിയുടെ കയ്യിൽ നിന്നും പോലീസ് മെഡൽ വാങ്ങേണ്ട മുണ്ടൂർ മാടന്(അയ്യപ്പൻ നായർ) യൂണിഫോം നഷ്ടമാകുമ്പോൾ ഉള്ള വികാരങ്ങൾ ബിജു മേനോൻ എന്ന അതുല്യ പ്രതിഭ അതിമനോഹരമായി അവതരിപ്പിക്കുമ്പോൾ കോശി കുര്യൻ എന്ന ധാർഷ്ട്യവും അതോടൊപ്പം തന്നെക്കാൾ വലുതായി മറ്റാരുമില്ല എന്ന് ചിന്തിക്കുന്ന റിട്ട. ഹവിൽദാർ എന്ന കഥാപാത്രത്തെ പൃഥ്വിരാജും ഗംഭീരമാക്കുന്നു.ഒപ്പം തന്റെ ശബ്ദഗാംഭീര്യം കൊണ്ട് കുര്യൻ ജോണും നിവർന്ന നട്ടെല്ല് കൊണ്ട് കണ്ണമ്മയും പ്രേക്ഷക മനസ്സുകളിൽ ഇടം പിടിച്ചു എന്ന് നിസ്സംശയം പറയാം.

അയ്യപ്പനെയും കോശിയെയും താരതമ്യപ്പെടുത്താൻ ഒരുപാട് സൂചകങ്ങൾ സച്ചി ഒരുക്കിയിരിക്കുന്നു. അയ്യപ്പൻ നായരുടെ ''നീ ഒന്ന് മണ്ണിൽ ചവിട്ടി നിൽക്ക്.. എന്നിട്ട് നമുക്ക് കാണാം'' എന്ന ഒരു ഡയലോഗ് മാത്രം മതി കോശി എന്താണെന്ന് വ്യക്തമാക്കാൻ. ലോകം കണ്ടിട്ടില്ലാത്ത, അധികാരവും പണവും ഉണ്ടെങ്കിൽ എന്തും നേടാം എന്ന അഹന്തയുള്ള ഒരു വ്യക്തി. ഇനി അയ്യപ്പൻ നായർ. നിയമത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന, നിയമം മാത്രം കൈമുതൽ ആയിട്ടുള്ള ഒരു സാധാരണ പോലീസുകാരൻ. ഇവർ തമ്മിലുണ്ടാകുന്ന വ്യക്തിപരമായ പോരാട്ടങ്ങളാണ് സിനിമയുടെ അടിസ്ഥാനം.

അയ്യപ്പനേയും കോശിയെയും മലയാളികൾക്ക് സമ്മാനിച്ച ശേഷം നമ്മെ വിട്ടുപിരിഞ്ഞ സച്ചി എന്ന ഗംഭീര തിരക്കഥാകൃത്തിനെയും അതിലും മികച്ച ഒരു സംവിധായകനെയും ഓർക്കാതെ ഇത് അവസാനിപ്പിക്കുവാൻ വയ്യ. മലയാള സിനിമയിൽ തന്റേതായ ഒരു വ്യക്തിമുദ്ര പതിപ്പിച്ച, സൂപ്പർഹിറ്റുകളുടെ പെരുമഴ ഒരുക്കിയ സച്ചി എന്ന അതുല്യ പ്രതിഭയ്ക്ക് പ്രണാമം.



**Harichandana O.**
Ist Year BCom.

# जरूरत

आज की ज़रूरत क्या है । कल की ज़रूरत क्या है ?
एक पल पलडकर देखे तो
हम देख सकते हैं, बहुत सारी ज़रूरतियाँ ।
सडक की कोने में या पेडो के छाया में,
बैठकर रोते बच्चे को है रोठी की ज़रूरत
रात की गहरी अंधेरी में फँसते
लडकी की है एक भाई की ज़रूरत
'अनाथ' की चिंता में बहते नन्हे आखों को है
एक माँ की ज़रूरत

आज एक माँ बच्चो के साथ
मिट्टी खाते है, भूख मिटाने केलिए
आज एक लडकी की नज़र काँपते है, और
आज उनकी देह जलते है
सडक की ओर रात में
और आज.....

आज तो भइयो एक दूसरे को मारते है
मत,, जाती था प्रदेश या के नाम में
यहाँ तो किस बात की ज़रूरतियों की बात होती है
बात होती है बस नफरकत का

कोई ज़रूरत नहींवाले कौन होंगे यहाँ?

कोई नहीं होंगे कि, मैं भी नहीं यहाँ
ज़रूरतियों के पीछेस भागते है इस जहाँ
तो,

मेरी और तुम्हारी ज़रूरत है कहाँ
सूखे पेड वारिश चाहते हैं
धूप में लोग छाँव चाहते हैं
थके बूढे हाथों प्यार एक नज़र चाहते है
थके चिडियाँ बैठने की पेड देखते है
बुछ, दिया की बाँती तो एक रोशनी ढूँढते है
ज़रूरतियाँ है हर कही
क्या कहूँ आज की संसद भी
कूछ और चाहते है हमसे

फिर भी हम पूछत् है
आज की ज़रूरत क्या है ! कल की ज़रूरत क्या है?
और जो वाक्य है ज़रूरत
अब उसकी ज़रूरत क्या है?
ज़रररत है भाई, ज़रूरत है



# Bestie

പ്രണയമല്ലെന്നറിഞ്ഞിടൂ നാം തമ്മിൽ
പ്രണയത്തിലെന്നു തോന്നും വിധം സൗഹൃദം.
മിഥ്യയെന്നപോൽ ഈ ലോകം ഉറ്റു നോക്കും.
ചിലർ മൗനമായി മനസ്സിൽ ചിരിച്ചകന്നിടും
സദാചാര കണ്ണുകൾ എത്തിനോക്കും
ഉറക്കെച്ചിരിക്കും, ഉറക്കെപ്പുലമ്പും.
അതിലുപരിയായ് നമ്മൾതൻ സൗഹൃദം
ഈ കലാലയ വാതിൽ കടന്നിടും.
ആർത്തുല്ലസിച്ചോരാ നാളുകൾക്കവസാനം
എണ്ണിത്തുടങ്ങുവാറായ്... നീ അറിഞ്ഞുവോ?
എങ്കിലും നാമിതാ ഓർമകൾ നെയ്യുന്നു
ക്ലാസ്സ്മുറിക്കുള്ളിലോ ആരവവും ഉയരുന്നു.
ആർത്തുല്ലസിക്കുന്നു നമ്മളിൽ നമ്മളും.
അവസാന നാളും കടന്നുപോകും വരെ
ഓർമതൻ  പുസ്തകത്താളിലൂടെന്നുമേ
സൗഹൃദത്തിൽ മത്തു പിടിച്ചിടും
മറവിതൻ ആഴത്തിൽ എത്തിപ്പെടില്ല നീ
നിൻ സ്മൃതികൾ അയവിറക്കിക്കഴിയുമ്പോൾ
ആരാലുമെന്നാലും നഷ്ടപ്പെടില്ല നാം
ഈ കൊച്ചുലോകം നഷ്ടപ്പെടും വരെ.



**അഭിജിത്ത് എം.**
രണ്ടാം വർഷ
കമ്പ്യൂട്ടർ സയൻസ്

# ഓർമകളിലെ ഏംഞ്ചി..!





**ആൻമേരി ജെ. വെറോണിക്ക**
രണ്ടാം വർഷ മാത്സ്

**കാലം** ഒരിക്കലും ഒന്നും കാത്തു സൂക്ഷിക്കുന്നില്ല, ഓർമ്മകളല്ലാതെ.

ഇനിയും ഞാൻ സ്വപ്നമെന്നു കരുതുന്ന എവിടെയെല്ലാമാണ് ആരുടെയൊക്കെയോ നിയോഗമെന്നോണം നീയെന്നെ കൊണ്ടെത്തിച്ചത്? മനോഹരമായൊരു കാലഘട്ടം കടന്നുപോകുമ്പോഴും നോക്കിനിൽക്കാനെ ആവുന്നുള്ളു എങ്കിൽകൂടി ആ പുഞ്ചിരികളും സൗഹൃദങ്ങളും സ്വപ്നങ്ങളും തിരക്കുകളും കണ്ണീരുമെല്ലാം മറ്റാർക്കും മായിക്കാനാവാത്തവണ്ണം എന്നിലലിഞ്ഞു കഴിഞ്ഞിരിക്കുന്നു.

**<u>എംജി എന്ന രണ്ടക്ഷരത്തെ കെ എസ് യു എന്ന മൂന്ന് അക്ഷരമില്ലാതെ എങ്ങനെയാണ് ഞാൻ വിവരിക്കുക?. സെറ്റ് തിയറിക്കും സി ലാംഗ്വേജിനും പ്രൊബബിലിറ്റിക്കും അപ്പുറം ഞാൻ യഥാർത്ഥത്തിൽ ജീവിച്ച നിമിഷങ്ങൾ അവ മാത്രമായിരുന്നില്ലേ?</u>**

എംജി എന്ന രണ്ടക്ഷരത്തെ കെ എസ് യു എന്ന മൂന്ന് അക്ഷരമില്ലാതെ എങ്ങനെയാണ് ഞാൻ വിവരിക്കുക?. സെറ്റ് തിയറിക്കും സി ലാംഗ്വേജിനും പ്രൊബബിലിറ്റിക്കും അപ്പുറം ഞാൻ യഥാർത്ഥത്തിൽ ജീവിച്ച നിമിഷങ്ങൾ അവ മാത്രമായിരുന്നില്ലേ? സ്ട്രൈക്കും ഇലക്ഷനും ജൂബിലിയും, കാന്റീനും, വരാന്തകളും, എൻഎസ്എസ്സും, യൂണിയൻ ഡേ, ആർട്സ് ഡേ, കോളേജ് ഡേ, കലോത്സവം.... ഇത്രയധികം ഓർമ്മകൾ തന്ന് ഭാവിയിലേക്ക് എനിക്കായി നഷ്ടബോധം കരുതിവെക്കുന്ന നിന്നെ ചിലപ്പോഴെങ്കിലും ഞാൻ വെറുത്തേക്കാം എന്ന് തോന്നാറുണ്ട്.

ഫസ്റ്റ് ഇയർ കലാശകൊട്ട് ഇപ്പോഴും നല്ല ഓർമയുണ്ട്, അതായിരുന്നു തുടക്കം. സജീവമായി കണ്ട മുഖങ്ങളുമായി പെട്ടന്ന് അടുത്തു. യൂണിയൻ നഷ്ടമായപ്പോൾ രണ്ട് ദിവസത്തിൽ കൂടുതൽ നീണ്ടുനിന്ന നിരാശ ഒന്നും എനിക്ക് തോന്നിയിരുന്നില്ല. അതൊന്നും എന്നെ ബാധിക്കുന്ന കാര്യമേ ആയിരുന്നില്ല എന്നായിരുന്നു എന്റെ ചിന്ത.പക്ഷെ എന്തൊക്കെയോ എവിടെയൊക്കെയോ പ്രശ്നങ്ങൾ തന്നെയായി അവശേഷിച്ചു. NSS ക്യാമ്പിലും കലോത്സവത്തിനും ക്യാമ്പസ്സിലാകെപ്പാടെയും അന്നൊക്കെ പരോക്ഷമായ ഒരു ചേരിതിരിവ് ഉണ്ടായിരുന്നില്ലേ എന്നെന്നോട് ചോദിച്ചിരുന്നെങ്കിൽ മാഗസിൻ (Red Alert)പുറത്തിറങ്ങുന്നത് വരെ 'അറിയില്ല' എന്നെ ഞാൻ പറയുമായിരുന്നുള്ളു പക്ഷെ....., 'അനുഭവം ഗുരു' എന്നാണല്ലോ!

ഒരുപക്ഷെ ഞാൻ ഏറ്റവും കൂടുതൽ മിസ്സ് ചെയ്യുന്നത് ഇലക്ഷൻ ആയിരിക്കാം. ആളും ബഹളവും തിരക്കും പ്രചാരണവും മീറ്റിംഗുകളും വോട്ട് ചോദിക്കലുകളും എല്ലാം.....ടെൻഷൻ അടിച്ചതിനു കയ്യും കണക്കും ഇല്ലെങ്കിൽകൂടി അത്രത്തോളം ആവേശം തോന്നിയ ദിനങ്ങൾ അതുവരെ ഉണ്ടായിട്ടില്ല. തലേ വർഷം; 16ൽ 16ഉം നഷ്ടപെട്ട് വെറുംകയ്യോടെ നിന്നിടത്തുനിന്നും ഒരു തിരിച്ചുവരവിന് വേണ്ടി പടിയിറങ്ങിയവരടക്കം വിയർപ്പൊഴുക്കി പ്രതീക്ഷയോടെ ഒത്തൊരുമിച്ച ദിവസങ്ങൾ. വോട്ടിങ് ഒക്കെ കഴിഞ്ഞ് കൗണ്ടിങ് സമയത്ത് ഒരുമിച്ചിരിക്കുമ്പോൾ എല്ലാവരുടെയും പകുതി കിളി പോയ അവസ്ഥയായിരുന്നു. റിസൾട്ട് വന്ന് കഴിഞ്ഞുള്ള ആരവവും ആശ്ലേഷണവും കരച്ചിലും ചിരിയും മുദ്രാവാ ക്യങ്ങളും ഏറ്റുവിളികളും എല്ലാമെല്ലാം ഇന്നലെ കഴിഞ്ഞപോലെ ഉള്ളിലുണ്ട്.

യൂണിയൻ ഡേ (അലയ്കൾ )യെക്കുറിച്ച്

മികച്ചത് എന്നതിലപ്പുറം ഒന്നും പറയാനാവില്ല. ഹരിശങ്കരും V.T. ബൽറാമും വന്നു പിള്ളേരെ എല്ലാം കയ്യിലെടുത്തു, പരിപാടി കളറാക്കി. മുഖാമുഖം നിന്ന് കളിയാക്കിയവരുടെയും പുച്ഛിച്ചവരുടെയും മുന്നിൽ അഭിമാനത്തോടെ നിൽക്കാൻ കഴിഞ്ഞ ആ ഒരു നിമിഷം തന്ന നിർവൃതിയുമായി ഇന്നും ഞാൻ പ്രണയത്തിലാണ്.

ആർട്സ് ഡേ എന്നത് ഒരു പേടി സ്വപ്നമായിരുന്നു. യൂണിവേഴ്സിറ്റി കലോത്സവം നേരത്തെ ഡേറ്റ് ഫിക്സ് ചെയ്തതുകൊണ്ട് മുന്നിലുള്ള സമയം വളരെ കുറവായിരുന്നു. എൻഎസ്എസ് ക്യാമ്പ്, എൻഎസ്എസ് 2 ഡേ ക്യാമ്പ്, മോഡൽ പാർലമെന്റ്, പ്രാക്ടീസ് ഇതിനെല്ലാം ഇടയിലൂടെ ഓഫ് സ്റ്റേജ്, ഓൺ സ്റ്റേജ് നടത്തുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു. ഒടുവിൽ എല്ലാത്തിനും ഇടയിലൂടെ ഡേറ്റ് ഫിക്സ് ചെയ്തപ്പൊ, ദാ കിടക്കുന്നു ബന്ദ്. വാഹനസൗകര്യമുള്ളതിനാൽ ആർട്സ് മാറ്റി വെക്കണ്ട എന്ന് തന്നെ തീരുമാനിച്ചു. വെല്ലുവിളികളും തടസ്സങ്ങളും ഉണ്ടായിരുന്നിട്ടും പലരും തോല്പിക്കാൻ ശ്രമിച്ചിട്ടും പ്രതീക്ഷിച്ചതിലും നന്നായി തന്നെ ആർട്സ് നടത്താൻ കഴിഞ്ഞു. വലിയ പ്രതീക്ഷയോടെയാണ് പയ്യന്നൂർ കോളേജിലേക്ക് യൂണിവേഴ്സിറ്റി കലോത്സവത്തിന് പോയത്. നഷ്ടപ്പെട്ട തെരുവു നാടകത്തിന്റെ പ്രതാപം തിരിച്ചു കൊണ്ടുവരുവാൻ മുന്നിലും പിന്നിലും പ്രവർത്തിച്ചിരുന്ന എല്ലാവരും ഉള്ളുകൊണ്ട് ആഗ്രഹിച്ചിരുന്നു, ഉറപ്പിച്ചിരുന്നു. നാൽപതോളം ഇനങ്ങളിലായി എൺപതോളം വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുത്തു. തെരുവുനാടകത്തിൽ എ ഗ്രേഡ് ഓടുകൂടിയ മൂന്നാം സ്ഥാനത്തോടൊപ്പം മറ്റു ഇനങ്ങളിലും സ്ഥാനം കരസ്ഥമാക്കി. പയ്യന്നൂർ കോളേജിലെ ആ നാലഞ്ചു ദിവസങ്ങൾ അത്രമാത്രം മറക്കാനാവാത്തവയാണ്. യാത്രയ്ക്കും ഭക്ഷണത്തിനും പരിശീലനത്തിനുംകൂടി പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ തുകയാകും എന്ന് വന്നപ്പോൾ യൂണിറ്റ്, യൂണിയൻ ഭാരവാഹികൾ സ്വന്തം കൈയിൽ നിന്നും കൂടാതെ സന്മനസ്സുള്ള അധ്യാപകരുടെ സഹായങ്ങളുംകൊണ്ട് കലോത്സവം ഒരു വിജയമാക്കാൻ കഴിഞ്ഞു.വാക്കുകൊണ്ടുപോലും കൂടെ നിന്ന സുഹൃത്തുക്കൾക്കും അധ്യാപകർക്കും ഒരിക്കൽ കൂടെ നന്ദി. മുന്നിലുണ്ടാവുന്ന പരിമിതികളും പ്രതിസന്ധികളും തഴയലുകളും എത്രമേൽ വലുതാവട്ടെ, ഐക്യബലം മഹാബലം !

വെറുമൊരു പാർട്ടി എന്നതിലപ്പുറം ഒരു കൂട്ടായ്മ ആണ് KSU. മറ്റു പലരുടെയും ഇടയിൽ കാണാനാവാത്ത പ്രത്യേകമായ എന്തോ ഒരു തരം സ്നേഹവും സനാഥത്വവും എനിക്കിവിടെ അനുഭവപ്പെട്ടിട്ടുണ്ട്. മറക്കാനാവാത്ത, മറന്നാൽ നന്ദികേടായി മാറുന്ന എണ്ണമറ്റ മുഖങ്ങൾ. ഞങ്ങളുടെ സ്വന്തം പ്രസിഡന്റ് അഞ്ചുലേട്ടൻ, എല്ലാമെല്ലാമായ അമറേട്ടായി, കുഞ്ഞുമരിയ എന്ന പേരിട്ടുതന്ന നോബിളേട്ടായി, പ്രീയപ്പെട്ട സയൂജേട്ടായി, സികെ, അഭിരാമേട്ടായി, വിശ്വാസ്, പ്രണവ്, ഷഹലേട്ടൻ, വിഷ്ണുവേട്ടൻ, ചീരൻ, ദിലു, സുനിലേട്ടൻ, ആലേഖ്, ആൽബി, അനുശ്രീയേച്ചി, ജോ, കുഞ്ഞനഘ, വല്യനഘ, അലീഷ, കുക്കു, അനുഗ്രീത, അമ്പിളി ഇനിയും എത്രയോപേർ.. സന്തോഷത്തിലും, സങ്കടത്തിലും, ഉത്സാഹത്തിലും തളർച്ചയിലും കൂടെ നിന്ന പ്രിയപ്പെട്ടവർ.

അത്രമേൽ പ്രീയപ്പെട്ടതെന്തും നഷ്ടപ്പെടുമത്രേ! കൊല്ലാനോ കൊള്ളാനോ ആവാത്ത നിമിഷങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് പടിയിറങ്ങുമ്പോൾ മറ്റൊന്നിനേയും കൂടെ കൂട്ടുന്നില്ല, യാതൊരു അടയാളവും ബാക്കിവെക്കുന്നില്ല, ചിലരിലെങ്കിലും എംജി എന്നോർക്കുമ്പോൾ നുറുങ്ങു നേരമെങ്കിലും എന്റെ മുഖം തെളിയുമെങ്കിൽ കൃഥാർത്ഥയാണ് ഞാൻ. ●



സാധാരണ എല്ലാവരെയുംപോൽ സിനിമകളിൽ കണ്ട കോളേജ് ജീവിതവും പ്രതീക്ഷിച്ചാണ് എം.ജിയിലേക്ക് കടന്ന് വന്നത്. എന്നാൽ അധികം താമസിയാതെതന്നെ അതിന്റെ സത്യാവസ്ഥയും അറിഞ്ഞു. വന്ന അന്ന് ദൂരെ നിന്നും കൊമേഴ്സ് ബ്ലോക്ക് കണ്ടതാണ് ആദ്യത്തെ ഓർമ്മ. അന്ന് അവിടെ കണ്ടവർ പലരും അപരിചിതരായിരുന്നു; ഇന്നിപ്പോൾ പ്രിയപ്പെട്ടവരും( പൂജ, പ്രിയ, അഞ്ജന, നിവേദ്യ, ഡോണ, ആദിത്യ). അങ്ങനെ കോളേജ് ലൈഫ് തുടങ്ങി, വൈകാതെ സീനിയേഴ്സുമായി പേരുപറഞ്ഞും, കളിയാക്കിയും, കാര്യമായും ഒക്കെ പരിചയപ്പെട്ടു. പിന്നീടുള്ള ദിവസങ്ങൾ ക്ലാസ്സ് മുറിയിലെ മുഖങ്ങളൊക്കെ സുഹൃത്തുക്കളാവുകയായിരുന്നു; ഒപ്പം ചൂടുള്ള ക്യാമ്പയ്നുകളും മറുക്യാമ്പയ്നുകളുമായി സീനിയേഴ്സും. രാഷ്ട്രീയത്തെക്കുറിച്ച് വലിയ ധാരണകളൊന്നുമില്ലായിരുന്നെങ്കിലും കെ.എസ്.യു ആവേശമായിരുന്നു. തുടർന്ന് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഒരാഴ്ച്ചക്കാലം കോളേജിൽ ഓളമായിരുന്നു. ശേഷം സീനിയേഴ്സിന്റെ കൂടെ അൽപ്പം രാഷ്ട്രീയവും. അങ്ങനെയിരിക്കെ ആവേശഭരിതമായ



# പഠിച്ചിട്ടില്ല, *ഇവിടെ* ജീവിച്ചിട്ടുണ്ട്

**ആഗ്നസ് മരിയ ജെയിംസ്**
മൂന്നാം വർഷ ബികോം



**ക്ഷീണിച്ച ശരീരമെങ്കിലും തളരാത്ത മനസ്സൊന്നുകൊണ്ടു മാത്രം അതിജീവിച്ച ചില നാളുകൾ.**

പ്രചാരണപരിപാടികൾക്കും, പരസ്യമായ വോട്ട് അഭ്യർത്ഥനകൾക്കും ശേഷം ഇലക്ഷൻ കഴിഞ്ഞു. റിസൾട്ട് വന്നപ്പോൾ ദീപശിഖാങ്കിത നീലപതാക എം.ജിയോളം ഉയർന്നുനിന്നു. പിന്നീടങ്ങോട്ട് അഭിലാഷ് ഏട്ടന്റെ നേതൃത്വത്തിലുള്ള യൂണിയന്റെ പരിപാടികളുമായി ആറുമാസത്തോളം ആഘോഷമായിരുന്നു. ഇതിനിടയിൽ സെമസ്റ്റർ കഴിഞ്ഞതും, പരീക്ഷകൾ നടന്നതും എല്ലാം പെട്ടന്നായിരുന്നു. രണ്ടാം സെമസ്റ്ററിൽ യൂണിവേഴ്സിറ്റി കലോത്സവവും വന്നു. ക്ലാസ്സിൽ കയറാതെ തെരുവുനാടകത്തിന്റെ പരിശീലനചൂടിൽ ദിവസങ്ങൾ കടന്നുപോയത് തെരുവുനാടകത്തിന് 'എ' ഗ്രേഡുമായി തിരികെ കോളേജിൽ എത്തിയപ്പോഴാണ് തിരിച്ചറിഞ്ഞത്. ശേഷം യൂണിയൻ പരിപാടികൾ കൂടിയായപ്പോൾ രണ്ടാമത്തെ സെമസ്റ്ററും പോയ വഴി കണ്ടില്ല.

അങ്ങനെ രണ്ടാം വർഷമായി. സീനിയേഴ്സായില്ലേ, ഇനിയൊരൽപ്പം ഗൗരവമാവാം. പിന്നെ ജൂനിയേഴ്സ് വന്ന് അധികം വൈകാതെ തന്നെ ഇലക്ഷനുമായി. ഇത്തവണ കെ.എസ്.യു പരാജയപ്പെട്ടു. കരഞ്ഞു കലങ്ങിയ കണ്ണുമായി അന്ന് എം.ജിയെ നോക്കി നിന്നത് ഇപ്പോഴും ഓർമ്മയിലുണ്ട്. പരാജയപ്പെട്ടെങ്കിലും സീനി യേഴ്സ് തന്ന ആവേശം കൈവിടാതെ കെ.എസ്.യുവിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഭാരവാഹിയായിരിക്കെ പ്രിയദർശിനിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികൾ തുടരെ തുടരെ നടത്തി. എങ്ങനെയും അടുത്തവർഷം യൂണിയൻ തിരിച്ചുപിടിക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നു മനസ്സിൽ. വിദ്യാർത്ഥിപങ്കാളിത്തം കുറവുള്ള പരിപാടികൾപ്പോലും വിജയിച്ചത് പ്രിയ ഉൾപ്പെടെയുള്ള സുഹൃത്തുക്കളുടെ ആത്മാർത്ഥമായ പരിശ്രമം ഒന്നുകൊണ്ടു മാത്രമാണ്. കോളേജ് ലൈഫിലെ വിലയേറിയ ചില സൗഹൃദങ്ങൾ ആഴപ്പെടാൻ കാരണമായ രണ്ടാം വർഷവും അങ്ങ് കടന്നുപോയി; മൂന്നാം വർഷം തുടങ്ങി.

അങ്ങനെ ഞങ്ങൾപ്പോലുമറിയാതെ ഞങ്ങൾ ഡിപ്പാർട്ട്മെന്റിലെ മുതിർന്ന വിദ്യാർത്ഥികളായി. ഒന്നാം വർഷ വിദ്യാർത്ഥികൾ വന്നു, പിറകെ ഇലക്ഷനും. അങ്ങനെ സ്ഥാനാർത്ഥി നിർണ്ണയം കഴിഞ്ഞപ്പോൾ ഞാൻ സ്ഥാനാർത്ഥിയായി. പിന്നീടങ്ങോട്ട് കഷ്ട്ടപ്പാടിന്റെ ആഴ്ച്ചകളായിരുന്നു. സമയത്ത് കഴിച്ചും ഉറങ്ങിയും ശീലിച്ചതൊക്കെ ഓർമ്മയാക്കേണ്ടിവന്നു. പതിവിലും കൂടുതൽ ദിവസം ഇലക്ഷൻ പ്രവർത്തനങ്ങളിൽ മുഴുകിയ ഞങ്ങൾ ഇന്റെർവെലിൽ ഒഴിവുള്ള ക്ലാസ്സുകൾതോറും കയറിയിറങ്ങി നടത്തിയ ക്യാമ്പയിനുകൾ വേറിട്ട അനുഭവങ്ങളായിരുന്നു. ക്ഷീണിച്ച ശരീരമെങ്കിലും തളരാത്ത മനസ്സൊന്നുകൊണ്ടു മാത്രം അതിജീവിച്ച ചില നാളുകൾ. വെയിലത്ത് തളർന്നും, മഴയത്ത് നനഞ്ഞുമുള്ള വോട്ടഭ്യർത്ഥനകളിൽ ആവർത്തന വിരസതയ്ക്ക് പ്രസക്തിയില്ലായിരുന്നു. അങ്ങനെ രണ്ട്



വർഷക്കാലം എം.ജിയുടെ ഇടനാഴികളിൽ വിളിച്ച മുദ്രവാക്യം, അങ്ങ് റോഡിലിറങ്ങി വിളിച്ചത് അന്നായിരുന്നു. ഇലക്ഷൻ ഫലം വന്ന് കെ.എസ്.യു പതിമൂന്ന് സീറ്റിൽ മികച്ച ഭൂരിപക്ഷത്തോടെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ചപ്പോൾ വർഷങ്ങൾക്കിപ്പുറം കെ.എസ്.യു യൂണിയനിൽ യു.യു.സി പോസ്റ്റ് തിരികെ നേടിയ അഭിമാനമായിരുന്നു എനിക്ക്. യൂണിയൻ തിരിച്ചുപിടിച്ചപ്പോൾ ഉത്തരവാദിത്വം ഏറി. യൂണിയൻ ഇനാഗുറേഷൻ തുടങ്ങി ഇന്നിപ്പോൾ മാഗസിൻ വരെ എത്തിനിൽക്കുന്ന വലിയ ഉത്തരവാദിത്വം. കോളേജിൽ എൻ.എസ്.എസ് ദിനത്തോടനുബന്ധിച്ചു ഹെയർ ഡൊണേഷൻ ക്യാമ്പയിനു തുടക്കം കുറിക്കാൻ കഴിഞ്ഞതും ഒരു എൻ.എസ്.എസ് വളണ്ടിയർ എന്ന നിലയിൽ മറക്കാനാവാത്ത ഒരനുഭവം തന്നെയാണ്.

അങ്ങനെ നിനച്ചിരിക്കാത്ത വേഗത്തിൽ കോളേജ്ജീവിതവുംഅവസാനിക്കുകയായിരുന്നു. അങ്ങ് ക്യാന്റീനിൽതുടങ്ങി, ഡിപ്പാർട്ട്മെന്റും, വരാന്തകളും, തണലിടങ്ങളും കടന്ന് ഇങ്ങ് ഗേയ്റ്റും റോഡുംവരെ എത്തിനിൽക്കുന്ന മൂന്നു വർഷങ്ങളുടെ ഓർമ്മകൾ. എം.ജിയിൽ പഠിച്ചിട്ടില്ല, എങ്കിലും ഇവിടെ ജീവിച്ചിട്ടുണ്ട്......

വാക്കുകളിൽ വിവരിക്കാനാവാത്ത ഒത്തിരിയേറെ സൗഹൃദങ്ങൾ പൂത്ത, പ്രണയം പൂവിട്ട ഇവിടം എനിക്കെന്നും പ്രിയപ്പെട്ടതാണ്...

*ജൂൺ അത്രമേൽ പ്രിയപ്പെട്ടതാണ്*
*ഫെബ്രുവരി എനിക്കെന്നും ജീവനാണ്*
*മാർച്ച് സമ്മാനിച്ചത് ഓർമ്മകളാണ്.* ●



# THE FINAL WORDS TO HIM

If you cared to ask
Then you would know,
Why my days were blue
May be you would understand
My heart's been torn out
my dreams broken away.

If you were to look
Straight into my face,
then you would know
the scars on my heart.

If you were to search
deep into my eyes,
you would see
deep into my life.

You said we were going
to last, but you didn't mean it.
I wish you were still here
But you aren't.
Dear love, I'll always love you
but for now, Good bye.



**Sandra Maria Joseph**
III$^{rd}$ year Physics

# പരിചിതരാണെന്നാലും അപരിചിതരല്ലോ നാം...

എന്നോ എവിടെയോ നഷ്ടപ്പെട്ട
എന്നിലെ എന്നെ തിരികെ തരാൻ
ഏതോ നിയോഗം പോലെ
എന്നടുക്കലെത്തിയതാണ് നീ.
അത്രമേൽ പ്രിയപ്പെട്ടവർ നമ്മൾ... അപ
രിചിതത്വത്തിലേക്ക് വഴുതി വീണത്
നമ്മൾ പോലുമറിയാതെ. നിന്നെ
ഞാൻ മറന്നിട്ടില്ല എന്നോർക്കാൻ നിൻ
ഓർമ്മകൾ ഒരു ചെറു പുഞ്ചിരിയായ്
എന്നെ വിളിച്ചുണർത്താറുണ്ട്.



**ശാരിക സി.കെ.**
രണ്ടാം വർഷ ബി.ബി.എ.

# No Wings to Fly



**Nimaya P.**
I[st] Year Maths

It was like a large wave.
That hit the horde.
Like a strong solid comet.
That made her eyes glimpses
on that late dark night.
She was just not ok !

The every second age recalled them.
The every second she started hating herself.
The easier was to remember.
The harder was to forget
It was not words. Not silence that made her
mad .

The days everybody raises their hands to cher-
ish her.
The days everybody raised their hands to
criticize her
The worst days a girl........no a bossom
Buddy could ever experience .

The days tears stepdown delighted .
The days tears stepdown despairing .
Those old recollection which made her
Mind struck had killed her.

The more she smiled.
The more she was sobbing week inside.
And finally she regret herself.
She was not a marionette.
But a human.
And the droplets were not phoney.
But pure love.






# കബഡി... കബഡി...



**ശ്രീരാജ്**
ഒന്നാം വർഷ ബികോം

ജില്ലാതല മത്സരങ്ങൾക്ക് വളരെ മുമ്പ് തന്നെ പരിശീലനങ്ങൾ ആരംഭിച്ചിരുന്നു. ആദർശ്, അലൻ(ടുട്ടു ) എന്നിവരായിരുന്നു ഞങ്ങളുടെ പരിശീലകർ. വളരെ കാർക്കശ്യവും ചിട്ടകളും ഉള്ള ഒരു ക്യാമ്പ് ആയിരുന്നു അവർ ഞങ്ങൾക്ക് നൽകിയത്. വളരെയധികം ബുദ്ധിമുട്ടേറിയ പരിശീലനങ്ങൾ ആണ് അന്ന് ലഭിച്ചത്.7/8/2019 ന് ജില്ലാതല മത്സരങ്ങൾ നടത്തപ്പെട്ടു. ഞങ്ങൾ വളരെ ആയാസകരമായ രീതിയിൽ വിജയിച്ചു. കഠിനാധ്വാനം ചെയ്തതിനാൽ അല്ല, പരിശീലകർ ഞങ്ങളെ കഠിനാധ്വാനം ചെയ്യിച്ചതിനാൽ മാത്രമാണ് നമ്മുടെ ടീം വിജയിച്ചത്. പകരം

വയ്ക്കാനില്ലാത്ത ഒരു മികച്ച ടീമിനെ ആണ് അവർ നിർമ്മിച്ചെടുത്തത്. അതുകൊണ്ടുതന്നെ എല്ലാവർക്കും സംസ്ഥാനത്തിലേക്ക് സെലക്ഷൻ ലഭിച്ചു.

സംസ്ഥാനതല മത്സരങ്ങൾ 15/8/2019 തീയതിയിൽ നടക്കും എന്ന് സംഘാടകർ തീരുമാനിച്ചു. പിന്നീടങ്ങോട്ട് ഞങ്ങൾക്ക് വിശ്രമം എന്നത് ഒരു കിട്ടാക്കനി മാത്രമായി. അഞ്ചരയ്ക്ക് തുടങ്ങുന്ന ക്യാമ്പ് ഏഴര മണി വരെ നീളും. ഒരു ദിവസം ഒരു സൗഹൃദ കബഡി മത്സരത്തിനായി ഒരു വിളി എനിക്ക് വന്നു. ഞാൻ ഒരു കബഡി ഭ്രാന്തനാണ്, അതിനാൽ അത് നിരസിച്ചില്ല. ആദർശേട്ടൻ എപ്പോഴും പറയും 'ഈ മത്സരം കഴിയുന്നതുവരെ ഒരു വേണ്ടാത്ത പണിക്കും പോകണ്ട' എന്ന് പക്ഷേ പുള്ളി അറിയാതെ ഞാനും വടംവലി ടീമിലെ അഷിൻ എന്നിവരും കളിക്കാൻ പോയി. കളി നമ്മൾ 26/2 എന്ന നിലയിൽ ജയിച്ചു. ഒരു കുഴപ്പം മാത്രം, കളിക്കിടയിൽ എന്റെ കാലൊടിഞ്ഞു. പിന്നെ പറയേണ്ടല്ലോ.... പോകേണ്ടെന്ന് ആദർശ് ഏട്ടൻ പറഞ്ഞതാണ്, എന്നിട്ടും പോയി ഇരന്നു മേടിച്ചു. പുള്ളി നന്നായി തന്നെ വഴക്ക് അല്ല, തെറിപറഞ്ഞു. എന്നെ ടീമിൽ നിന്ന് പുറത്താക്കാൻ തീരുമാനിച്ചു. വളരെയധികം പരിശീലനവും കഴിവുമുള്ള ഒരു ടീം ഞാൻ കാരണം ഉടഞ്ഞു. ആദർശ് ഏട്ടന് വളരെ സങ്കടമായി. പുള്ളിയുടെ ഒരു സ്വപ്ന ടീമിനെയാണ് ഞാൻ ഇല്ലാതാക്കിയത്. ടീമിലെ മറ്റംഗങ്ങൾ വളരെ അസ്വസ്ഥരായി, ഞാൻ ഇല്ലാത്ത ഒരു ടീമിനെ അവർക്ക് സ്വപ്നം തന്നെ കാണാൻ ആവില്ലായിരുന്നു. എല്ലാവരും ഒത്തുചേർന്ന് എന്റെ വീട്ടിൽ വന്ന് എന്നെ കൂട്ടിക്കൊണ്ട് വൈദ്യരുടെ അടുത്തെത്തിച്ചു. വൈദ്യൻ പ്രശ്നം തീർത്തു എന്ന മട്ടിൽ എല്ലാം പറഞ്ഞു. പക്ഷേ എനിക്ക് സുഖം ഒന്നും ആയില്ല. എല്ലാവരുടെയും കളഞ്ഞുപോയ ആത്മവിശ്വാസം തിരിച്ചു കൊണ്ടുവരാൻ ഞാനൊരു കള്ളം പറഞ്ഞു, 'എല്ലാം ശരിയായി അളിയാ'.ആദർശ് ഏട്ടൻ പറഞ്ഞു 'എന്റെ മുന്നിൽ ഫിറ്റ്നസ് തെളിയിച്ചാൽ മാത്രം നീ ടീമിൽ'. പുള്ളി പറഞ്ഞതെല്ലാം ഞാൻ ചെയ്തു, കാലിന് വേദന അനുഭവപ്പെട്ടെങ്കിലും ഞാനത് പുറത്തു കാണിച്ചില്ല. എന്നാൽ, ഒരു ടീം തോൽക്കരുത് എന്ന മനോഭാവം ഉണ്ടായിരുന്നെനിക്ക്.

**എല്ലാവരുടെയും കളഞ്ഞുപോയ ആത്മവിശ്വാസം തിരിച്ചു കൊണ്ടുവരാൻ ഞാനൊരു കള്ളം പറഞ്ഞു, 'എല്ലാം ശരിയായി അളിയാ'.**

ടീം വീണ്ടും പഴയ നിലയിൽ എത്താൻ തുടങ്ങി തിന്നാനും കുടിക്കാനും വളരെ കുറച്ചു മാത്രം തന്നു നമുക്ക് പത്തിരുപത് ദിവസത്തേക്ക്, എല്ലാവരും തന്നെ വളരെ ക്ഷീണിച്ചിരുന്നു. പക്ഷേ നമ്മുടെ ടീമിന് വളരെ തൂക്കം കുറയ്ക്കാൻ ഉണ്ടായിരുന്നു. അതിനാൽ രാപ്പകൽ വിശ്രമവും ഭക്ഷണവും ഇല്ലാതെ കഷ്ടപ്പെട്ടു. പെട്ടെന്ന് മത്സര ദിവസം മാറ്റിവെച്ചു. 25/8/19, 26/8/19 എന്നീ ദിവസങ്ങളിൽ നടത്തുമെന്ന് ഫെഡറേഷൻ തീരുമാനിച്ചു. കണ്ണൂർ മേഖലയിൽ വച്ച് നടത്തപ്പെടുന്ന മത്സരം നമുക്ക് ജയിച്ചേ തീരൂ, കാരണം കണ്ണൂരിൽ വെച്ച് നടക്കുന്ന മത്സരങ്ങൾക്ക് കണ്ണൂർ ടീം ജയിച്ചില്ലേൽ അതൊരു നാണക്കേട് ആയിരുന്നു. അതിനാൽ കിട്ടിയ ദിവസങ്ങൾ ഞങ്ങൾ മുതലെടുത്തു. അങ്ങനെ മത്സര ദിവസം എത്തി. ആദ്യദിവസം കണ്ണൂർ ടീം എതിർ ടീമുകളെയെല്ലാം പുല്ല് പോലെ എടുത്തു. ഓരോ വലി കഴിയുമ്പോഴും മത്സരം ടൈറ്റായി വന്നു. പക്ഷേ രണ്ടാം ദിവസം സെമിയിൽ

കാസർഗോഡുമായി നടന്ന മത്സരത്തിൽ കണ്ണൂർ ടീം നന്നായി വെള്ളം കുടിച്ചു, കാരണം ഞങ്ങൾക്ക് കുറച്ചു പേടിയുണ്ടായിരുന്നു. എന്നാലും കാസർഗോഡിനെ തോൽപ്പിച്ച് ശക്തരായ ഇടുക്കി ജില്ലയുമായി ഫൈന ലിൽ നമ്മൾ ഏറ്റുമുട്ടി. പക്ഷേ ഇടുക്കിയുമായി തോറ്റു. വളരെ സങ്കടം ആയി എല്ലാവർക്കും. വളരെയധികം സങ്കടത്തോടെ രണ്ടാം സ്ഥാനം ഏറ്റെടുത്തു. ദിവസങ്ങൾക്കുശേഷം ഞാൻ വീട്ടിലെത്തി കുളിച്ച് ഭക്ഷണം കഴിച്ച് കിടക്കുവാൻ ഒരുങ്ങുമ്പോൾ പെട്ടെന്ന് ഒരു കോൾ വന്നു. ഞാൻ ഫോൺ എടുത്തു നോക്കുമ്പോൾ അഷിൻ ആയിരുന്നു അത്. കോൾ അറ്റൻഡ് ചെയ്തു.

'ആ പറയടാ'.

'എടാ, ശ്രീരാജേ  നിനക്ക് കേരള ടീം ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയിട്ടുണ്ട് നാളെ രാവിലെ നാലുമണിക്ക് ഒരു ബസ് ഉണ്ട് അതിന് റെയിൽവേ സ്റ്റേഷനിൽ എത്തണം'.

'എനിക്ക് സെലക്ഷനോ? വേറെ ആരൊക്കെ ഉണ്ട്.'

'എനിക്കും നിനക്കും അനൂപിനും ജോസുവിനും.'

'എടാ എനിക്ക് പറ്റുമെന്ന് തോന്നുന്നില്ല പൈസ ആവില്ലേ ഡാ.'

'എടാ ഈ ചാൻസ് വിടല്ലേ നീ എവിടുന്നെങ്കിലും ഒരു 3000 ഒപ്പിക്ക്.'

'ഓക്കേ ഞാൻ രാവിലെ വരാം.'

'ശരി.'

27/8/19 ന് എന്റെ പിറന്നാൾ ആയിരുന്നു അന്ന് തന്നെയാണ് എനിക്ക് അങ്ങോട്ട് പോകേണ്ടിയിരുന്നത്. അപ്രതീക്ഷിതമായി ഒരു പിറന്നാൾ സമ്മാനം എനിക്ക് കിട്ടി. അന്ന് രാവിലെ നാലുമണിക്ക് തുടങ്ങിയ യാത്ര വൈകിട്ട് 4 മണിക്ക് അവസാനിച്ചു. എറണാകുളം ഗ്രൗണ്ട്, അതായിരുന്നു സ്ഥലം. പിന്നെ ഓരോ ജില്ലയിൽ നിന്നും എല്ലാവരും എത്തിത്തുടങ്ങി. ക്യാമ്പ് ആരംഭിച്ചു. വളരെ രസകരമായിരുന്നു. ഉഴപ്പും കാര്യങ്ങളുമായി എല്ലാവരും അടിച്ചു പൊളിച്ചു. കണ്ണൂരിൽ നിന്നും എത്തിയവർ അവിടെ താരങ്ങളായി. സ്റ്റാമിനയിലും പ വറിലും  കണ്ണൂരുകാരെ വെല്ലാൻ ആളില്ല. അതിന് ഞങ്ങളെ പ്രാപ്തരാക്കിയത് ആദർശ് ചേട്ടനും ടുട്ടുവുമാണ്. അങ്ങനെ എട്ട് ദിവസത്തെ ക്യാമ്പിന് ശേഷം സെലക്ഷൻ ലിസ്റ്റ് വന്നു. അതിൽ ജോസുവിന് സെലക്ഷൻ കിട്ടിയില്ല. അത് ഞങ്ങളെ സങ്കടപ്പെടുത്തി. സെപ്റ്റംബർ 8, 9, 10, 11 എന്നീ ദിവസങ്ങളിൽ മഹാരാഷ്ട്രയിലെ മീറജിൽ വച്ച് ന ടത്തപ്പെടുന്ന മത്സരത്തിനായി ഞങ്ങൾ കേരള ടീം യാത്ര തുടങ്ങി. രണ്ടു ദിവസത്തെ പട്ടിണി യോട് കൂടിയ മനോഹരമായ ട്രെയിൻ യാത്രക്ക് ശേഷം നമ്മൾ ലക്ഷ്യസ്ഥാന ത്തെത്തി. മറ്റു സംസ്ഥാനങ്ങളിലെ ടീമുകളും ഉണ്ടായിരുന്നു. ഒന്നാം ദിവസം ലീഗിലെ മറ്റെല്ലാ ടീമുകളെയും തോൽപ്പിച്ച് കേരളം ഫൈനലിലെത്തി. ഫൈനലിൽ എതിരാളികൾ പഞ്ചാബ്. നമുക്ക് സന്തോഷമായി, കാരണം പൂളിൽ നമ്മൾ പഞ്ചാബിനെതിരെ ആയാസക രമായി ജയിച്ചിരുന്നു. മറുനാൾ ഞങ്ങൾ സന്തോഷത്തോടെ മത്സരത്തിൽ പങ്കെടുത്തു. ഫൈനലിൽ ആദ്യ സെറ്റ് പഞ്ചാബ് ഞങ്ങളെ എടുത്തു. 'അയ്യോ' ഒരു പേടി എല്ലാവരിലും ഉണ്ടായി. രണ്ടാം സെറ്റ് തോൽക്കുവാൻ ഞങ്ങൾ തയ്യാറായിരുന്നില്ല. അതിനാൽ ഇടവേളയില്ലാതെ പവർ പുൾ നടത്താൻ തുടങ്ങി. രണ്ടാം സെറ്റ് നമ്മൾ വിജയിച്ചു.



ഫൈനൽ സെറ്റ് ഡെഡ്‌ലൈൻ  പക്ഷേ കേരളം പഞ്ചാബിനെ  പുല്ലുപോലെ എടുത്തു. 560 തൂക്കം വിഭാഗത്തിൽ കേരള ടീം ജേതാക്കളായി. സന്തോഷം. അന്ന് രാത്രിയിലെ ട്രെയിനിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു. ഗോവയിൽ ഒന്നിറങ്ങി ഒരു ഗുമ്മിന്. പിന്നെ ഗോവതൊട്ട് കേരളം വരെ ഞങ്ങൾ ട്രെയിനിൽ അടിച്ചു പൊളിച്ചു. സന്തോഷവും മനോഹരവുമായ മണിക്കൂറുകൾ ലഭിച്ചു. കണ്ണൂരിൽ ഇറങ്ങി തിരിച്ചെത്തിയപ്പോൾ ഒരു ആശ്വാസം. പിറന്നാൾ ദിവസം നാല് മണിക്ക് തുടങ്ങിയ യാത്രാദിവസം രാവിലെ നാല് മണിക്ക് അവസാനിച്ചു. വീട്ടിൽ തിരിച്ചെത്തി, ആശ്വാസം. നാഷണൽ ഗോൾഡ് മെഡൽ കരസ്ഥമാക്കി എന്ന സന്തോഷത്തേക്കാൾ കണ്ണൂരിൽ വച്ച് നടന്ന മത്സരത്തിൽ ഗോൾഡ് നേടാൻ കണ്ണൂരിന് സാധിക്കാത്ത സങ്കടം എനിക്കും സംസ്ഥാന ടീമിൽ എല്ലാവർക്കും ഉണ്ടായിരുന്നു. കുഴപ്പമില്ല, നാഷണൽ മെഡൽ കിട്ടിയില്ലേ... പോരാത്തതിന് ഗ്രേസ് മാർക്കും സപ്ലി  എന്ന പേടിയില്ലാതെ പരീക്ഷകൾ എഴുതാം. ഹ..ഹ..ഹ... ഭാഗ്യം തന്നെ. •




# Drawings





Aswanth
I Physics



Sarath Chandra
II BBA



Harichandana
I BCom



Abhishek
II CS



Sreya
II BCom



Adithya Pradeep
I Maths



Fasna Sharin
I BBA



Dona
II BBA



Aiswarya A.S.
II BCom

# വരച്ചു കാട്ടാൻ കഴിയാത്ത ഒരു ചിത്രം



**വിഷ്ണു ടി.**
മൂന്നാം വർഷ
കമ്പ്യൂട്ടർ സയൻസ്




**വ**രച്ചു കാട്ടാൻ കഴിയാത്ത ഒരു ചിത്രം എന്റെ ഉള്ളിലുണ്ട്......

ഉച്ചമയക്കത്തിന്റെ ക്ഷീണം വിട്ടൊഴിയാതെ അലസമായി കറങ്ങുന്ന ഫാനിന്റെ കീഴിൽ ഞാൻ നിശ്ചലനായി തന്നെ കിടന്നു. ജനലിനും കർട്ടണിനും ഇടയിലൂടെ മുറിയിലേക്ക് അതിക്രമിച്ചു കടന്ന അസ്തമയ സൂര്യന്റെ പ്രകാശം പയ്യെ നഷ്ടപ്പെടുന്നുവെന്ന് ഞാൻ മനസിലാക്കി. തീർത്തും ഒറ്റപ്പെട്ട ആ വേളയിൽ നെഞ്ചിലെന്തോ കത്തിയെരിഞ്ഞ് എന്നന്നേക്കുമായി ഇല്ലാതായതുപോൽ, നഷ്ടപ്പെട്ടതൊന്നും തിരിച്ചു കിട്ടില്ലെന്ന് മനസ്സിനെ ഒരു വട്ടം കൂടി ബോധ്യപ്പെടുത്തി ഒരു സ്വപ്നമെന്ന പോലെ എംജിയിലെ ഓർമ്മകളെ വീണ്ടെടുക്കാൻ ഞാൻ ശ്രമിച്ചു.

എകദേശം മൂന്ന് വർഷങ്ങൾക്കപ്പുറം സ്കൂൾ ചട്ടക്കൂടിൽ നിന്നും ക്യാമ്പസിന്റെ വിശാലതയിലേക്ക് പറിച്ചു നടപ്പെട്ട കാലഘട്ടം. പട്ടുനൂൽ പുഴുവിൽ തുടങ്ങി ചിത്രശലഭത്തിൽ അവസാനിക്കുന്ന പരിണാമ കഥപോലെയാണ് ക്യാമ്പസിന്റെ ഏടുകളിൽ നീണ്ടു നിവർന്ന് കിടക്കുന്ന ദിനരാത്രങ്ങൾ.

കലാലയത്തിന്റെ ആദ്യനാളുകൾ ആരവങ്ങളും കാലൊച്ചകളുമില്ലാതെ കടന്നുപോയി. മുന്നിൽ കാണുന്നതെല്ലാം അപരിചിതമായ മുഖങ്ങൾ, അപരിചിതമായ വിഷയങ്ങൾ! ഒന്നിനോടും പൊരുത്തപ്പെടാതെ, ഒന്നിലേക്കും



**<u>എന്നാൽ ഇതിനു മറുപടിയായി കോളേജിലെ ഭൂരിഭാഗം അധ്യാപകർ നമ്മുടെ പക്ഷത്തു നിന്നു അവരെ എതിർക്കുകയും ഇത്തരം ദുഷ്പ്രവർത്തിയുടെ ഫലമായിട്ടാണ് നിങ്ങളെ വിദ്യാർത്ഥികൾ തോൽപ്പിച്ചതെന്ന് അവരോട് പറഞ്ഞപ്പോൾ അത് യൂണിയൻ പ്രവർത്തന വുമായി മുന്നോട്ട് പോവാൻ ഞങ്ങൾക്ക് നൽകിയ ഊർജ്ജം തെല്ലൊന്നുമല്ലായിരുന്നു</u>**

കണ്ണോടിക്കാതെ അന്നുമുതൽ മനസ്സിനെ സ്വപ്നലോകത്തേക്ക് മേയാൻ വിട്ടുതുടങ്ങി. എന്നാൽ കാലചക്രം എല്ലാം മാറ്റിമറിച്ചു.അത് എന്നെയും പെറി ശരവേഗത്തിൽ മുന്നോട്ട് കുതിച്ചപ്പോൾ പുതിയ ക്യാമ്പസിനെയും അവിടുത്തെ ജീവിതവും ഞാൻ ആസ്വദിക്കാൻ തുടങ്ങുകയായിരുന്നു.

എംജിയിലെ നാളുകൾക്ക് നിറമേകിയത് അത് സമ്മാനിച്ച സൗഹൃദങ്ങളിലൂടെയാണ്. ആദ്യ ദിനം പരിചയപ്പെട്ട അഭിരാമിലും നോബിളിലും തുടങ്ങി അവസാന നിമിഷം കൂടെ ചേർന്ന പ്രണവ് വരെ. അങ്ങനെ കലാലയം സമ്മാനിച്ച ഓർമ്മകളുടെ സൂക്ഷിപ്പുകൾ കൂടിയാണിവർ. കൈവിട്ട യൂണിയൻ തിരിച്ചു പിടിക്കണമെന്ന വാശി ഉള്ളിൽ നിറച്ചു തന്ന അമർ, സായൂജ്, സഹൽ തുടങ്ങിയ സീനിയേർസ്. ഒരർത്ഥത്തിൽ അവർ സീനിയേർസ് എന്നതിലുപരി ഞങ്ങളിൽ ഒരാൾ തന്നെയായിരുന്നു. കൃഷ്ണേട്ടന്റെ കടയുടെ മുകളിലെ 'തട്ടകം' എന്ന കൊച്ചു മുറിയിൽ ഞങ്ങൾ ഞങ്ങളുടേതായ ചർച്ചകളിലും തമാശകളിലും ഉന്മാദം കണ്ടെത്തിയിരുന്ന ആ ദിനങ്ങൾ എന്നും പ്രിയങ്കരമായിരുന്നു. വളരെ ചെറിയ സൗഹൃദ വലയത്തിനുള്ളിൽ മാത്രം സന്തുഷ്ടവാനായിരുന്ന എനിക്ക് എംജി പോലൊരു വലിയ കോളേജിന്റെ നേതൃപാടവത്തിലേക്ക് കടന്നു വരാമെന്ന് മനസ്സിലാക്കി തന്നതും ഈ കൂട്ടുകെട്ടുകളാണ്.

ഇലക്ഷന്റെയും വിജയത്തിന്റെയും ആവേശവും പേറി യൂണിയൻ പ്രവർത്തനത്തിലേക്ക് കടന്നപ്പോൾ അത്ര എളുപ്പമായിരുന്നില്ല കാര്യങ്ങൾ. ആദ്യ പരിപാടി തന്നെ വർണ്ണശബളമാക്കണമെന്ന അതിയായ ആഗ്രഹം ഹരിശങ്കറും വി.ടി. ബൽറാം എം.എൽ.എ യും ചേർന്ന് സഫലമാക്കി. എന്നാൽ ആ ദിനം സംഭവിച്ച രണ്ട് സംഭവങ്ങളാണ് എന്റെ ഓർമ്മകളിൽ തങ്ങിനിൽക്കുന്നത് എത്രയോ അധികം പേർ ആരാധിക്കുന്ന, അത്രയധികം തന്നെ ബഹുമാനിക്കപ്പെടുന്ന നമ്മുടെ ക്ഷണം സ്വീകരിച്ചെത്തിയ മുഖ്യാതിഥികളെ ഒരു പറ്റം (തോൽവിയുടെ മനോവിഷമവുമായി വന്ന കൂട്ടർ ) സുഹൃത്തുകൾ അപമാനിച്ചത് വളരെ ഹീനമായ ഒരു പ്രവർത്തിയായി കണ്ടു. എന്നാൽ ഇതിനു മറുപടിയായി കോളേജിലെ ഭൂരിഭാഗം അധ്യാപകർ നമ്മുടെ പക്ഷത്തു നിന്നു അവരെ എതിർക്കുകയും ഇത്തരം ദുഷ്പ്രവർത്തിയുടെ ഫലമായിട്ടാണ് നിങ്ങളെ വിദ്യാർത്ഥികൾ തോൽപ്പിച്ചതെന്ന് അവരോട് പറഞ്ഞപ്പോൾ അത് യൂണിയൻ പ്രവർത്തന വുമായി മുന്നോട്ട് പോവാൻ ഞങ്ങൾക്ക് നൽകിയ ഊർജ്ജം തെല്ലൊന്നുമല്ലായിരുന്നു.

ഇനി ഓർമ്മകളുടെ കൂമ്പാരത്തിൽ കിടന്ന് വീർപ്പുമുട്ടുന്നത് കലോത്സവനാളുകളുടെതായിരുന്നു. ഏറ്റവും പ്രയാസകരമായി തോന്നിയ കുറച്ചധികം ദിനങ്ങൾ. അതുകൊണ്ട് തന്നെ കുഞ്ഞിമരിയയുടെ കയ്യിൽ മാത്രം ചുമതല നൽകി മാറി നിൽക്കാൻ കഴിയുമായിരുന്നില്ല. യൂണിവേഴ്സിറ്റി കലോത്സവം അടുത്തതോടു കൂടി, വളരെ

ടൈറ്റായ ഒരു ഷെഡ്യൂളിൽ നടത്താൻ നിർബന്ധിക്കപ്പെട്ട ഒരു കലോത്സവമായിരുന്നല്ലോ അത് !

അതുകൊണ്ട് തന്നെ പിൻനിരപ്രവർത്തങ്ങൾക്ക് വേഗം കൂട്ടേണ്ടി വന്നു. മികച്ച കലാകാരനായ വരുണിന്റെ സാന്നിധ്യം കലോത്സവത്തിന്റെ ആദ്യ ദിനത്തിന് മാറ്റുകൂട്ടി. രണ്ടാം ദിനം അപ്രതീക്ഷിതമായി പ്രഖ്യാപിച്ച ബസ്സ് പണിമുടക്കിനെയും മറികടന്ന് വിദ്യാർത്ഥികൾ വേദിയിലും സദസ്സിലും അണിനിരന്നത് അവർ ഞങ്ങൾക്ക് നൽകിയ സ്നേഹമായിരുന്നു.

രണ്ടാഴ്ച്ചയ്ക്കകം നടക്കേണ്ട യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ ഒരുക്കങ്ങളിലേക്കായി പിന്നീടുള്ള ശ്രദ്ധ. കലോത്സവത്തിൽ എം.ജി യുടെ ശബ്ദം ഉയർത്തണമെന്ന് ഉറച്ച പ്രതീക്ഷയിൽ പരമാവധി പരിപാടികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ശ്രമിച്ചു. അതോടൊപ്പം തന്നെ എംജി യുടെ തെരുവു നാടകപെരുമ തിരികെ കൊണ്ടുവരണമെന്നും ഒരു ആശ. എന്നാൽ അത് എളുപ്പം സാധ്യമാവുന്ന ഒന്നല്ല എന്ന പൂർണ്ണ ബോധ്യവുമുണ്ടായിരുന്നു. അതിനായി മുന്നിട്ടിറങ്ങുകയും, മികച്ച പരിശീലകരേയും ഒരുപറ്റം നല്ല അഭിനേതാക്കളെയും കണ്ടെത്തുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരാൾ പിൻമാറിയത് തെരുവുനാടകത്തെ പ്രതിസന്ധിയിലാക്കി. ആ വേഷം എനിക്ക് ഏറ്റെടുക്കേണ്ടി വന്നു. പിന്നീടുള്ള ദിനങ്ങൾ തീർത്തും കഠിനമായിരുന്നു. തെരുവു നാടകത്തിന്റെ ചിലവായിരുന്നു പ്രധാന വെല്ലുവിളി. പണം തികയാതെ വന്നപ്പോൾ അധ്യാപകർ സഹായിച്ചതും, രാത്രി മുഴുവൻ ഇരുന്ന് തെരുവ് നാടകത്തിന്റെ സെറ്റിന് വേണ്ടി പണിയെടുത്തതും, കൂട്ടുകാരിയുടെ നിക്കാഹിന് പോലും പോവാൻ പറ്റാത്ത വിധം റിഹേഴ്സൽ നടന്നതും മറക്കാൻ പറ്റാത്ത ഓർമ്മകളാണ്. തെരുവു നാടകത്തിന് വേണ്ടി കുറച്ചധികം പ്രയാസങ്ങൾ നേരിടേണ്ടി വന്നു. പക്ഷേ എല്ലാത്തിനും ഉപരി തെരുവ് നാടകത്തിലൂടെ എംജി യുടെ പേര് വീണ്ടും എഴുതപ്പെട്ടു എന്ന സന്തോഷം, അതായിരുന്നു ഒരർത്ഥത്തിൽ ഞങ്ങളുടെ ലക്ഷ്യവും.

ചെയർമാന്റെ ഉത്തരവാദിത്തം വന്നതു മുതൽ പഠനത്തിലും ക്ലാ സ്സിലും ശ്രദ്ധ നഷ്ടപ്പെട്ടു. ക്ലാസിലെ ഓർമ്മകൾക്കും മൂന്നു ദിവസത്തെ ടൂറിനും ജീവിതത്തിൽ വലിയ ഇടമുണ്ട്. രാജസ്ഥാനിൽ തുടങ്ങി ഹമ്പി വഴി ചിക്ക്മഗ്ലൂർ, ദന്തേലി വരെ നീണ്ട പ്ലാൻ ഒടുക്കം വാഗമണിലും തേനിയിലേക്കും ഒതുക്കി. ഇനി ഇതുപോലൊരു യാത്ര അത്ര എളുപ്പമല്ല എന്ന ബോധ്യത്തോടെ ആസ്വാദനത്തിന്റെ പരാക്കോടിയിൽ ആ യാത്ര എത്തിച്ചു.

പരീക്ഷ, പ്രൊജക്റ്റ്, കൂടാതെ യൂണിയന്റെ ബാക്കിയുള്ള പരിപാടികൾ എല്ലാം എന്നെ വലിഞ്ഞു മുറുക്കുമെന്ന അവസ്ഥ. ഫിസിക്കൽ എഡ്യുക്കേഷന്റെ ഭാഗമായുള്ള സ്പോർട്സ് ജനറൽ ക്യാപ്റ്റനോടും കൂടി ആലോചിച്ച് നടത്താൻ പ്രത്യേക ഫണ്ട് നിലവിലുള്ള സാഹചര്യത്തിൽ കൂടുതൽ ഒന്നും ചിന്തിക്കേണ്ടിവന്നില്ല. നല്ല രീതിയിലുള്ള പങ്കാളിത്തത്തോടെ സ്പോർട്സും അവസാനിച്ചു. ശാന്തമായി മുന്നോട്ട് പോവുന്ന ഒരു കോളേജിൽ എങ്ങനെ അക്രമം അഴിച്ചു വിടാമെന്ന് അക്രമ സംഘടന കാണിച്ചുതരുകയായിരുന്നു അടുത്ത ദിവസങ്ങളിൽ. എന്നെ തല്ലാനായി എസ്എഫ്ഐക്കാരായ മുപ്പതോളം പേർ ഓഡിറ്റോറിയത്തിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞു.

എന്നെ ജീവൻതുല്യം സ്നേഹിക്കുന്ന സഹപ്രവർത്തകർ കൂടെയുണ്ടായിരുന്നതുകൊണ്ട് ജീവഹാനി ഒന്നും സംഭവിച്ചില്ല. തിരിച്ചടിക്കാൻ സൂപ്പർ ഹീറോ ഒന്നും അല്ലാത്തതു കൊണ്ടു മറ്റൊരു ഷുഹൈബോ, കൊടികളിൽ മാത്രം ഒതുങ്ങി പോവുന്ന അഭിമന്യുവോ ആവാൻ ഞാൻ തയ്യാറല്ലായിരുന്നു. ശാന്തമായൊരു അന്തരീക്ഷത്തിൽ കോളേജിൽ നിന്നും പഠിച്ചിറങ്ങണമെന്ന് ആശിച്ചു.

